## വിശുദ്ധരുടെ ഒന്നാംആമുഖഗീതി

### വിശുദ്ധരുടെ മഹത്ത്വം

66. പ്രത്യേക ആമുഖഗീതി ചൊല്ലാത്ത, സകലവിശുദ്ധരുടെയും സ്വർഗീയ മധ്യസ്ഥരുടെയും ഇടവക ദൈവാലയ മധ്യസ്ഥരുടെയും ദിവ്യബലിയിലും വിശുദ്ധരുടെ മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. വിശുദ്ധരുടെ സ്മരണയിലും ഇത് ഉപയോഗിക്കാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**ങ്ങ് വിശുദ്ധരുടെ സമൂഹത്തിൽ വാഴ്ത്തപ്പെടുകയും അവരുടെ യോഗ്യതകൾ കിരീടമണിയിച്ചുകൊണ്ട് അങ്ങയുടെ ദാനങ്ങൾ കിരീടമണിയിക്കുകയും ചെയ്യുന്നു. അവരുടെ ജീവിതശൈലിവഴി ഞങ്ങൾക്ക് മാതൃകയും ഐക്യംവഴി പങ്കാളിത്തവും മാധ്യസ്ഥ്യം വഴി സഹായവും അങ്ങ് പ്രദാനംചെയ്യുന്നു. അങ്ങനെ ഇത്രയേറെ സാക്ഷ്യങ്ങളാൽ സ്ഥിരീകരിക്കപ്പെട്ട് മുന്നിലുള്ള ജീവിതസമരത്തിൽ വിജയികളായി മുന്നേറാനും മഹത്ത്വത്തിന്റെ അക്ഷയകിരീടം അവരോടുകൂടെ കരസ്ഥമാക്കാനും നമ്മുടെ കർത്താവായ ക്രിസ്തുവഴി അങ്ങ് ഇടയാക്കുന്നു.

**ആ**കയാൽ, മാലാഖമാരോടും പ്രധാനമാലാഖമാരോടും വിശുദ്ധരുടെ വിവിധ സമൂഹങ്ങളോടുംകൂടെയും അനവരതം പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ അങ്ങേക്ക് സ്തുതിഗീതം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## വിശുദ്ധരുടെ രണ്ടാംആമുഖഗീതി

### വിശുദ്ധരുടെ പ്രവർത്തനം

67. പ്രത്യേക ആമുഖഗീതി ചൊല്ലാത്ത, സകലവിശുദ്ധരുടെയും സ്വർഗീയ മധ്യസ്ഥരുടെയും ഇടവക ദൈവാലയ മധ്യസ്ഥരുടെയും ദിവ്യബലിയിലും വിശുദ്ധരുടെ മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. വിശുദ്ധരുടെ സ്മരണയിലും ഇത് ഉപയോഗിക്കാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**ങ്ങേ വിശുദ്ധരുടെ വിസ്മയാവഹമായ പ്രഖ്യാപനത്താൽ അങ്ങയുടെ സഭയെ നവചൈതന്യത്തോടെ എപ്പോഴും ഫലദായകമാക്കുകയും അങ്ങേ സ്നേഹത്തിന്റെ ഉറപ്പാർന്ന അടയാളം ഞങ്ങൾക്കു നല്കുകയും ചെയ്യുന്നു. കൂടാതെ, അങ്ങയുടെ രക്ഷാകരരഹസ്യം പൂർത്തീകരിക്കാൻ അവരുടെ സ്തുത്യർഹമായ മാതൃകവഴി ഞങ്ങൾ പ്രചോദിതരാകുകയും ഭക്തിനിർഭരമായ മാധ്യസ്ഥ്യംവഴി നിരന്തരം ഞങ്ങൾ പരിപോഷിതരാകുകയും ചെയ്യുന്നു.

**ആ**കയാൽ, കർത്താവേ, എല്ലാ മാലാഖമാരോടും വിശുദ്ധരോടുംചേർന്ന്, അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് ഞങ്ങൾ ആഹ്ലാദപൂർവം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## വിശുദ്ധരായ രക്തസാക്ഷികളുടെ ഒന്നാം ആമുഖഗീതി

രക്തസാക്ഷിത്വത്തിന്റെ അടയാളവും മാതൃകയും

68. വിശുദ്ധരായ രക്തസാക്ഷികളുടെ മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. അവരുടെ സ്മരണയിലും ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, അങ്ങയുടെ നാമത്തിന് സാക്ഷ്യംവഹിക്കാനായി ക്രിസ്തുവിനെ അനുകരിച്ച് രക്തസാക്ഷിയായ വിശുദ്ധ... (പേര്) ചിന്തിയരക്തം അങ്ങയുടെ അദ്ഭുതകൃത്യങ്ങൾ പ്രകടമാക്കുന്നു. അതുവഴി, നമ്മുടെ കർത്താവായ ക്രിസ്തുവിലൂടെ, ബലഹീനതയിൽ അങ്ങ് ശക്തിപ്രകടമാക്കുകയും ദുർബലരായ മനുഷ്യരെ സാക്ഷ്യത്തിനായി അങ്ങ് ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**ആ**കയാൽ, സ്വർഗീയശാക്തികന്മാരോടുകൂടെ നിരന്തരം ഭൂമിയിൽ അങ്ങയെ പ്രകീർത്തിച്ചുകൊണ്ട് അങ്ങയുടെ വൈഭവം അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## വിശുദ്ധരായ രക്തസാക്ഷികളുടെ രണ്ടാം ആമുഖഗീതി

രക്തസാക്ഷികളുടെ വിജയത്തിൽ ദൈവത്തിന്റെ അദ്ഭുതകൃത്യം

68. വിശുദ്ധരായ രക്തസാക്ഷികളുടെ മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. അവരുടെ സ്മരണയിലും ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, അങ്ങയുടെ വിശുദ്ധരുടെപുകഴ്ചയിൽ അങ്ങ് മഹത്ത്വീകരിക്കപ്പെടുന്നു. അങ്ങേ ശക്തിയുടെ വിസ്മയനീയ പ്രവൃത്തികളാണല്ലോ അവരുടെ പീഡകളിൽ പ്രകടമാകുന്നത്.

**ഞ**ങ്ങളുടെ കർത്താവായ ക്രിസ്തുവഴി, അങ്ങ് കാരുണ്യപൂർവം ഈ വിശ്വാസതീക്ഷ്ണത പ്രദാനംചെയ്യുകയും സ്ഥിരോത്സാഹത്തിന്റെ സ്ഥൈര്യംനല്കുകയും സഹനത്തിൽ വിജയംനല്കുകയും ചെയ്യുന്നു.

**ആ**കയാൽ, സ്വർഗത്തിലുള്ളവയും ഭൂമിയിലുള്ളവയും അങ്ങയെ ആരാധിച്ചുകൊണ്ട് ഒരു നവ്യഗാനം ആലപിക്കുകയും ഞങ്ങളും മാലാഖമാരുടെ സർവസൈന്യങ്ങളുമൊത്ത് അവിരാമം വിളിച്ചപേക്ഷിച്ചുകൊണ്ട് പ്രകീർത്തിക്കുകയും ചെയ്യുന്നു.

**പ**രിശുദ്ധൻ...പരിശുദ്ധൻ...പരിശുദ്ധൻ...

## വിശുദ്ധരായ അജപാലകരുടെ ആമുഖഗീതി

### സഭയിൽ വിശുദ്ധരായ അജപാലകരുടെ സാന്നിധ്യം

70. വിശുദ്ധരായ അജപാലകരുടെ മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. അവരുടെ സ്മരണയിലും ചൊല്ലാവുന്നതാണ്.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായപിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, വിശുദ്ധ....ന്റെ/യുടെ തിരുനാളാഘോഷത്താൽ ആനന്ദിക്കാൻ അങ്ങയുടെ സഭയ്ക്ക് അങ്ങ് അനുഗ്രഹം നല്കുന്നു. അങ്ങനെ, പുണ്യജീവിതമാതൃകയാൽ സഭയെ അങ്ങ് ശക്തിപ്പെടുത്തുകയും വചനപ്രഘോഷണത്തിലൂടെ ഉദ്ബോധിപ്പിക്കുകയും അങ്ങയെ പ്രസാദിപ്പിക്കുന്ന യാചനയാൽ അങ്ങ് സംരക്ഷിക്കുകയും ചെയ്യുന്നു.

**ആ**കയാൽ, എല്ലാ മാലാഖമാരുടെയും വിശുദ്ധരുടെയും ഗണത്തോടുചേർന്ന്, അങ്ങേക്ക് സ്തുതിഗീതമാലപിച്ച് അവിരാമം ഞങ്ങൾ പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## വിശുദ്ധരായ കന്യകകളുടെയും സന്ന്യസ്തരുടെയും ആമുഖഗീതി

ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ജീവിതത്തിന്റെ അടയാളം

71. വിശുദ്ധരായ കന്യകകളുടെയും സന്ന്യസ്തരുടെയും മഹോത്സവങ്ങളിലും തിരുനാളുകളിലും താഴെകൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു. അവരുടെ സ്മരണയിലും ചൊല്ലാവുന്നതാണ്.

V : കര്‍ത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങള്‍ ഉയര്‍ത്തുവിന്‍.
R : കര്‍ത്താവിങ്കലേക്കു ഞങ്ങള്‍ ഉയര്‍ത്തിയിരിക്കുന്നു.
V : നമ്മുടെ കര്‍ത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ര്‍ത്താവേ, പരിശുദ്ധനായ പിതാവേ, സര്‍വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കര്‍ത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങള്‍ കൃതജ്ഞതഅര്‍പ്പിക്കുന്നത് യഥാര്‍ഥത്തില്‍ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാല്‍, സ്വര്‍ഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ക്രിസ്തുവിനു സമര്‍പ്പിച്ച വിശുദ്ധരില്‍ അങ്ങയുടെ വിസ്മയനീയമായ പരിപാലനം ആഘോഷിക്കുന്നത് സമുചിതമാണ്. അങ്ങനെ, മനുഷ്യപ്രകൃതിയെ ആദ്യോദ്ഭവത്തിന്റെ വിശുദ്ധിയിലേക്ക് തിരികെ വിളിക്കുകയും നവയുഗത്തില്‍ പ്രാപിക്കുകയും അനുഭവിക്കുകയും ചെയ്യേണ്ട ദാനങ്ങളിലേക്ക് ആനയിക്കുകയും ചെയ്യുന്നു.

**ആ**കയാല്‍, വിശുദ്ധരോടും സകലമാലാഖമാരോടുംചേര്‍ന്ന്, അങ്ങയെ സ്തുതിച്ചുകൊണ്ട് അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധന്‍, പരിശുദ്ധന്‍, പരിശുദ്ധന്‍, സൈന്യങ്ങളുടെ കര്‍ത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാല്‍ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളില്‍ ഹോസാന. കര്‍ത്താവിന്റെ നാമത്തില്‍ വരുന്നവന്‍ അനുഗൃഹീതന്‍. ഉന്നതങ്ങളില്‍ ഹോസാന.

## പൊതുവായ ഒന്നാംആമുഖഗീതി

ക്രിസ്തുവിൽ സാർവത്രികപുനരുദ്ധാരണം

72. പ്രത്യേക കാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേക ആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**വിടന്നിൽ സർവവും പുനരുദ്ധരിക്കാൻ അങ്ങു തിരുവുള്ളമാവുകയും അവിടത്തെ സമ്പൂർണതയിൽനിന്നു സ്വീകരിക്കാൻ ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്തു. എന്തെന്നാൽ, അവിടന്ന് ദൈവത്തിന്റെരൂപത്തിൽ ആയിരിക്കേ, തന്നത്തന്നെ ശൂന്യനാക്കുകയും അവിടത്തെ കുരിശിലെ രക്തംവഴി സകലത്തിനും ശാന്തികൈവരുത്തുകയും ചെയ്തു. അതിനാൽ, എല്ലാറ്റിനും ഉപരിയായി അവിടന്ന് ഉയർത്തപ്പെടുകയും അവിടത്തെ അനുസരിക്കുന്നവർക്കെല്ലാംതന്നെ നിത്യരക്ഷയുടെ കാരണമായിത്തീരുകയും ചെയ്തു.

**ആ**കയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ തുടങ്ങിയ എല്ലാ സ്വർഗീയവൃന്ദങ്ങളോടും ചേർന്ന്, അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ച്, ഞങ്ങൾ അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## പൊതുവായ രണ്ടാംആമുഖഗീതി

ക്രിസ്തുവിലൂടെ രക്ഷ

73. പ്രത്യേകകാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേകആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**ങ്ങ് മനുഷ്യനെ നന്മയാൽ സൃഷ്ടിക്കുകയും നീതിയാൽ ശിക്ഷിക്കപ്പെട്ടവനെ നമ്മുടെ കർത്താവായ ക്രിസ്തുവഴി കാരുണ്യത്താൽ വീണ്ടെടുക്കുകയുംചെയ്തു.

**ക്രി**സ്തുവിലൂടെ ദിവ്യദൂതന്മാർ അങ്ങയെ വാഴ്ത്തുന്നു, അധീശന്മാർ ആരാധിക്കുന്നു; ആധികാരികന്മാർ ഭക്തിപൂർവം നിലകൊള്ളുന്നു; ശാക്തികന്മാരും ധന്യരായ ഭക്തിജ്വാലകന്മാരും സ്വർഗസ്ഥരേവരും ആഹ്ലാദഭരിതരായി ഒന്നുചേർന്ന്, അങ്ങയെ പാടിസ്തുതിക്കുന്നു. അവരുടെ ഗാനത്തോട് ഞങ്ങളുടെ എളിയ സ്വരവും ചേരാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഞങ്ങളും താഴ്മയോടെ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## പൊതുവായ മൂന്നാംആമുഖഗീതി

### മനുഷ്യന്റെ സൃഷ്ടിക്കും നവീകരണത്തിനുംവേണ്ടി ദൈവത്തിനുള്ള സ്തുതി

74. പ്രത്യേകകാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേകആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**ങ്ങയുടെ പ്രിയപുത്രൻവഴി അങ്ങ് മനുഷ്യവർഗത്തിന്റെ സ്രഷ്ടാവായിരിക്കുന്നപോലെ ഏറ്റവും കാരുണ്യവാനായ ഉദ്ധാരകനുമാണ്.

**ആ**കയാൽ, സർവസൃഷ്ടിജാലങ്ങളും യഥായോഗ്യം അങ്ങേക്കു സേവനമനുഷ്ഠിക്കുകയും വീണ്ടെടുക്കപ്പെട്ട സകലതും സമുചിതമായി അങ്ങയെ സ്തുതിക്കുകയും അങ്ങയുടെ വിശുദ്ധർ ഒരേ ഹൃദയത്തോടെ അങ്ങയെ വാഴ്ത്തുകയും ചെയ്യുന്നു. അതിനാൽ, ഞങ്ങളും സകലമാലാഖമാരോടുംകൂടെ ആഹ്ലാദപുരസ്സരം നിരന്തരം അങ്ങയെ വാഴ്ത്തിസ്തുതിച്ച് പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## പൊതുവായ നാലാംആമുഖഗീതി

### സ്തുതി, ദൈവത്തിന്റെ ദാനം

75. പ്രത്യേകകാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേകആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, അങ്ങേക്കു ഞങ്ങളുടെ സ്തുതി ആവശ്യമില്ലെങ്കിലും, അങ്ങേക്കു ഞങ്ങൾ നന്ദി അർപ്പിക്കുക എന്നത്, അങ്ങയുടെ ദാനംതന്നെയാണ്. ഞങ്ങളുടെ സ്തുതികൾ അങ്ങയുടെ മഹിമ വർധിപ്പിക്കുന്നില്ലെങ്കിലും, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി ഞങ്ങൾക്ക് അവ രക്ഷയ്ക്കുപകരിക്കുന്നു.

**ആ**കയാൽ, മാലാഖവൃന്ദങ്ങളോടൊന്നുചേർന്ന് അങ്ങയെ സ്തുതിച്ചുകൊണ്ട് ആഹ്ലാദപൂർവം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പൊതുവായ അഞ്ചാംആമുഖഗീതി

ക്രിസ്തുരഹസ്യത്തിന്റെ പ്രഘോഷണം

76. പ്രത്യേകകാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേകആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**വിടത്തെ മരണം ഞങ്ങൾ സ്നേഹത്തോടെ ആഘോഷിക്കുന്നു, ഉത്ഥാനം ഞങ്ങൾ സജീവവിശ്വാസത്തോടെ ഏറ്റുപറയുന്നു. മഹത്ത്വത്തിലുള്ള വരവ് സുദൃഢമായ പ്രത്യാശയോടെ ഞങ്ങൾ കാത്തിരിക്കുന്നു.

**ആ**കയാൽ, വിശുദ്ധരോടും സകലമാലാഖമാരോടും ചേർന്ന്, അങ്ങയെ സ്തുതിച്ചുകൊണ്ട് അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പൊതുവായ ആറാംആമുഖഗീതി

ക്രിസ്തുവിൽ രക്ഷയുടെ രഹസ്യം

77. പ്രത്യേകകാലയളവുമായി ബന്ധമുള്ള ആമുഖഗീതി നിർദേശിക്കാത്തിടത്തും പ്രത്യേകആമുഖഗീതി ഇല്ലാത്ത ദിവ്യബലിയിലും താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**പ**രിശുദ്ധനായ പിതാവേ, അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവഴി എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**പ**രിശുദ്ധാത്മാവാൽ ശരീരംധരിക്കുകയും കന്യകയിൽനിന്ന് ജാതനാവുകയും ഞങ്ങൾക്ക് രക്ഷകനും ഉദ്ധാരകനുമായി അങ്ങ് അയയ്ക്കുകയുംചെയ്ത അങ്ങയുടെ വചനംവഴി സമസ്തവും അങ്ങു സൃഷ്ടിച്ചു. അങ്ങയുടെ തിരുവുള്ളം നിറവേറ്റിക്കൊണ്ടും പരിശുദ്ധമായ ഒരു ജനത്തെ അങ്ങേക്കു നേടിത്തന്നുകൊണ്ടും മരണം ഇല്ലായ്മചെയ്യാനും ഉത്ഥാനം വെളിപ്പെടുത്താനുംവേണ്ടി പീഡാസഹനവേളയിൽ അവിടന്ന് കൈകൾവിരിച്ച് മരണം വരിച്ചു.

**ആ**കയാൽ, മാലാഖമാരോടും സകല വിശുദ്ധരോടുംകൂടെ അങ്ങയുടെ മഹത്ത്വം ഞങ്ങൾ പ്രകീർത്തിച്ചുകൊണ്ട് ഒരേ സ്വരത്തിൽ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പരേതർക്കുവേണ്ടിയുള്ള ഒന്നാംആമുഖഗീതി

ക്രിസ്തുവിൽ ഉത്ഥാനത്തിന്റെ പ്രത്യാശ

78. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**വിടന്നിൽ ധന്യമായ പുനരുത്ഥാനത്തിന്റെ പ്രത്യാശ ഞങ്ങൾക്ക് പ്രസ്പഷ്ടമായി. അങ്ങനെ മരണത്തിന്റെ സുനിശ്ചിതമായ അവസ്ഥയാൽ ആകുലരാകുന്നവർ, വരാനിരിക്കുന്ന അമർത്യതയുടെ വാഗ്ദാനത്താൽ ആശ്വസിപ്പിക്കപ്പെടുന്നു. എന്തെന്നാൽ, കർത്താവേ, അങ്ങയുടെ വിശ്വാസികളുടെ ജീവിതത്തിന് മാറ്റംവരുന്നതേയുള്ളൂ, അവസാനിക്കുന്നില്ല. ഈ ലോകജീവിതാലയം തകരുമ്പോൾ സ്വർഗത്തിൽ നിത്യഭവനം സജ്ജമാക്കപ്പെടുന്നു.

**ആ**കയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ തുടങ്ങിയ എല്ലാ സ്വർഗീയവൃന്ദങ്ങളോടും ചേർന്ന്, അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ച്, ഞങ്ങൾ അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

## പരേതർക്കുവേണ്ടിയുള്ള രണ്ടാംആമുഖഗീതി

നമ്മുടെ ജീവിതത്തിനുവേണ്ടി ക്രിസ്തു മരിച്ചു

79. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**എ**ന്തെന്നാൽ, ഞങ്ങളെല്ലാവരും മരിക്കാതിരിക്കാൻ, ഒരാൾതന്നെ മരണം കൈവരിച്ചു; ഞങ്ങളെല്ലാവരും അങ്ങേക്കുവേണ്ടി നിത്യമായി ജീവിക്കാൻ ഒരാൾതന്നെ മരിക്കാൻ തിരുമനസ്സായി.

**ആ**കയാൽ, ദൂതന്മാർ, മുഖ്യദൂതന്മാർ, ഭദ്രാസനന്മാർ, അധീശന്മാർ തുടങ്ങിയ എല്ലാ സ്വർഗീയവൃന്ദങ്ങളോടും ചേർന്ന്, അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ച്, ഞങ്ങൾ അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പരേതർക്കുവേണ്ടിയുള്ള മൂന്നാംആമുഖഗീതി

ക്രിസ്തു, രക്ഷയും ജീവനും

80. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**വിടന്ന് ലോകത്തിന്റെ രക്ഷയും മനുഷ്യരുടെ ജീവനും മരിച്ചവരുടെ ഉത്ഥാനവുമാകുന്നു.

**മാ**ലാഖവൃന്ദങ്ങൾ അങ്ങയുടെ തിരുസന്നിധിയിൽ നിത്യാനന്ദത്തിലാറാടി, അങ്ങയെ ആരാധിക്കുന്നു. അവരുടെ ഗാനത്തോടു ഞങ്ങളുടെ എളിയസ്വരവും ചേരാൻ കല്പിച്ചനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഞങ്ങളും ആഹ്ലാദപൂർവം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പരേതർക്കുവേണ്ടിയുള്ള നാലാംആമുഖഗീതി

ഐഹികജീവിതത്തിൽനിന്ന് സ്വർഗീയമഹത്ത്വത്തിലേക്ക്

81. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണ്.

**അ**ങ്ങയുടെ കല്പനയാൽ ഞങ്ങൾ ജന്മംകൊള്ളുന്നു, അങ്ങയുടെ അഭീഷ്ടത്താൽ ഞങ്ങൾ നയിക്കപ്പെടുന്നു അങ്ങയുടെ ആജ്ഞയാൽ, ഞങ്ങൾ രൂപപ്പെട്ട മണ്ണിൽ, പാപത്തിന്റെ നിയമത്തിൽനിന്ന് ഞങ്ങൾ മോചിപ്പിക്കപ്പെടുന്നു. അങ്ങയുടെ പുത്രന്റെ മരണത്താൽ വീണ്ടെടുക്കപ്പെട്ട ഞങ്ങൾ അങ്ങയുടെ ഇഷ്ടത്താൽ അവിടത്തെ ഉത്ഥാനമഹത്ത്വത്തിലേക്ക് ഉയർത്തപ്പെടുന്നു.

**ആ**കയാൽ, എല്ലാ മാലാഖമാരോടും വിശുദ്ധരോടും ചേർന്ന്, അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ച്, ഞങ്ങൾ അവിരാമം ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

## പരേതർക്കുവേണ്ടിയുള്ള അഞ്ചാംആമുഖഗീതി

### ക്രിസ്തുവിന്റെ വിജയംവഴി ഞങ്ങളുടെ ഉത്ഥാനം

82. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജകളിൽ താഴെ കൊടുത്തിരിക്കുന്ന ആമുഖഗീതി ചൊല്ലുന്നു.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**ഞ**ങ്ങളുടെ അയോഗ്യകതകളാലാണ് ഞങ്ങൾ നശിക്കുന്നതെങ്കിലും അങ്ങയുടെ കാരുണ്യത്താലും കൃപയാലുമാണല്ലോ. പാപം മൂലം മരണത്തിന്റെ പിടിയിലമർന്ന ഞങ്ങൾ, ക്രിസ്തുവിന്റെ വിജയത്താൽ വീണ്ടെടുക്കപ്പെട്ട് അവിടത്തോടുകൂടെ ജീവിതത്തിലേക്ക് തിരികെ വിളിക്കപ്പെട്ടിരിക്കുന്നത്.

**ആ**കയാൽ, സ്വർഗീയശാക്തികന്മാരോടുകൂടെ അങ്ങയുടെ മഹിമയ്ക്കുമുമ്പിൽ അനവരതം പ്രകീർത്തിച്ചുകൊണ്ട് ഭൂമിയിൽ നിരന്തരം അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

# സ്തോത്രയാഗപ്രാർഥനകൾ

# സ്തോത്രയാഗപ്രാർഥന – I

## അഥവാ

## റോമൻകാനൻ

83. V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

നിർദിഷ്ട ആമുഖഗീതി ചൊല്ലിയശേഷം ഇപ്രകാരം അവസാനിപ്പിക്കുന്നു:

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

84. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: കരുണാവാരിധിയായ പിതാവേ, അതിനാൽ, പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി ഞങ്ങൾ വിനയപൂർവം അങ്ങയോട് യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

കൈകൾ കൂപ്പി ചൊല്ലുന്നു:

ഈ കാണിക്കകൾ, ഈ തിരുമുല്ക്കാഴ്ചകൾ വിശുദ്ധവും നിർമലവുമായ ഈ ബലിവസ്തുക്കൾ സ്വീകരിച്ച്,

അപ്പത്തിന്റെയും കാസയുടെയുംമേൽ കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

✠ ആശീർവദിക്കണമേ.

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

പ്രഥമമായി, അങ്ങയുടെ വിശുദ്ധ കത്തോലിക്കാസഭയ്ക്കുവേണ്ടി ഇവ ഞങ്ങൾ അങ്ങേക്കു അർപ്പിക്കുന്നു. അങ്ങയുടെ ദാസനായ

---

C = Principal Celebrant
CC = All Concelebrants
C1, C2 = First Concelebrant, Second Concelebrant

ഞങ്ങളുടെ (പേര്) ... പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ (പേര്) ... മെത്രാനോടും* (മെത്രാൻ: അങ്ങയുടെ എളിയ ദാസനായ എനിക്കും) അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസം പഠിപ്പിക്കുന്ന എല്ലാവരോടുമൊപ്പം ലോകമെങ്ങുമുള്ള തിരുസഭയെ സമാധാനം നല്കി സംരക്ഷിക്കാനും ഒന്നിപ്പിക്കാനും നയിക്കാനും കനിയണമേ.

85. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർഥന

$C_1$ കർത്താവേ, അങ്ങയുടെ ദാസന്മാരും ദാസിമാരുമായ (പേരുകൾ) ഇവിടെ കൂടിയിരിക്കുന്ന എല്ലാവരെയും അങ്ങ് ഓർക്കണമേ.

കൈകൾ കൂപ്പി അവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.

പിന്നീട് കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

ഇവർക്കുവേണ്ടി ഈ ബലി തങ്ങൾ അർപ്പിക്കുന്നു. ഇവരുടെ വിശ്വാസവും പ്രകടമായ ഭക്തിയും അങ്ങ് അറിയുന്നുവല്ലോ. ഇവർ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ എല്ലാ പ്രിയപ്പെട്ടവർക്കുവേണ്ടിയും ഈ സ്തോത്രബലി അങ്ങേക്കർപ്പിക്കുന്നു. ഇവരുടെ ആത്മാവിന്റെ പരിത്രാണത്തിനും പ്രത്യാശയ്ക്കൊത്ത ക്ഷേമത്തിനും ഭദ്രതയ്ക്കുമായി, ജീവനും സത്യവും നിത്യ ദൈവവുമായ അങ്ങേക്ക് ഈ കാണിക്കകൾ അർപ്പിക്കുന്നു.

86. അനുഷ്ഠാനത്തിനുള്ളിൽ

$C_2$ † എല്ലാ വിശുദ്ധരോടും, വിശിഷ്യ, ഞങ്ങളുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ മാതാവും മഹത്ത്വപൂർണയും നിത്യകന്യകയുമായ മറിയത്തോടും ആ കന്യകയുടെ ഭർത്താവായ ഭാഗ്യപ്പെട്ട യൗസേപ്പിനോടും ധന്യരായ അപ്പസ്തോലന്മാരും അങ്ങയുടെ രക്തസാക്ഷികളുമായ പത്രോസ്, പൗലോസ്, അന്ത്രയോസ് (യാക്കോബ്, യോഹന്നാൻ, തോമാ, യക്കോ

* രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

ബ്, ഫിലിപ്പോസ്, ബർത്തലോം, മത്തായി, ശീമോൻ, തദേവൂസ് എന്നിവരോടും ലീനസ്, ക്ലീറ്റസ്, ക്ലെമെന്റ്, സിക്സ്റ്റസ്, കൊർണേലിയൂസ്, സിപ്രിയാൻ, ലോറൻസ്, ക്രിസോഗനസ്, ജോൺ, പോൾ, കോസ്മസ്, ഡാമിയൻ) എന്നിവരോടും ഒന്നുചേർന്നുകൊണ്ടും അവരുടെ ഓർമ ആചരിച്ചുകൊണ്ടും അവരുടെ പുണ്യഫലങ്ങളും പ്രാർഥനകളുംവഴി എല്ലാ കാര്യങ്ങളിലും അങ്ങയുടെ സംരക്ഷണത്തിന്റെ സഹായം നല്കി ഞങ്ങളെ ശക്തിപ്പെടുത്താൻ കനിയണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...

---

## പ്രത്യേകസമ്പർക്കപ്രാർഥനകൾ

### കർത്താവിന്റെ തിരുപ്പിറവിമഹോത്സവത്തിലും അഷ്ടദിനങ്ങളിലും

പരിശുദ്ധ മറിയത്തിന്റെ നിർമലകന്യാത്വം ഈ ലോകത്തിന് രക്ഷകനെ പ്രദാനംചെയ്ത അതിവിശുദ്ധരാത്രി (അതിവിശുദ്ധദിനം) ആഘോഷിച്ചുകൊണ്ട് എല്ലാവിശുദ്ധരോടും †

### കർത്താവിന്റെ പ്രത്യക്ഷീകരണത്തിൽ

അങ്ങയോടുകൂടെ അങ്ങയുടെ മഹിമയാൽ നിത്യനായി വാണരുളുന്ന അങ്ങയുടെ ഏകപുത്രൻ, ഞങ്ങളുടെ ഭൗതികശരീരത്തിന്റെ യാഥാർഥ്യത്തിൽ പ്രത്യക്ഷദർശനമരുളിയ ഏറ്റവും പരിശുദ്ധ ദിവസം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### പെസഹാജാഗരം മുതൽ പെസഹാക്കാലം രണ്ടാം ഞായർവരെ

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു ശരീരത്തോടെ ഉയിർത്തെഴുന്നേറ്റ ഏറ്റവും പരിശുദ്ധമായ രാത്രി (പരിശുദ്ധ ദിനം) ആഷോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### സ്വർഗാരോഹണത്തിരുനാളിൽ

അങ്ങയുടെ ഏകജാതനായ ഞങ്ങളുടെ കർത്താവ് ഞങ്ങളുടെ ബലഹീനമായ മനുഷ്യപ്രകൃതിയെ തന്നോടുചേർത്ത് അങ്ങയുടെ മഹത്ത്വത്തിന്റെ വലത്തുഭാഗത്തു പ്രതിഷ്ഠിച്ച ഏറ്റവും പരിശുദ്ധമായദിനം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

### പെന്തക്കൊസ്ത മഹോത്സവത്തിൽ

പരിശുദ്ധാത്മാവ് തീനാവുകളുടെ രൂപത്തിൽ അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ട പെന്തക്കൊസ്തയുടെ ഏറ്റവും പരിശുദ്ധദിനം ആഘോഷിച്ചുകൊണ്ട് എല്ലാ വിശുദ്ധരോടും †

---

87. കൈകൾ വിരിച്ചുകൊണ്ട് പുരോഹിതൻ തുടരുന്നു:

C: അതിനാൽ, കർത്താവേ, ഞങ്ങളുടെ സേവനത്തിന്റെയും* അങ്ങയുടെ കുടുംബം മുഴുവന്റെയും ഈ കാഴ്ചദ്രവ്യം സംപ്രീതിയോടെ സ്വീകരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. ഞങ്ങളുടെ ദിനങ്ങൾ അങ്ങയുടെ സമാധാനത്തിൽ നയിക്കുകയും ഞങ്ങൾ നിത്യശിക്ഷയിൽനിന്ന് മോചിതരായി അങ്ങേ തിരഞ്ഞെടുക്കപ്പെട്ട അജഗണത്തിൽ എണ്ണപ്പെടാൻ കനിയുകയും ചെയ്യണമേ.

കൈകൾ കൂപ്പുന്നു.

(ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി...)

---

### പെസഹാജാഗരം മുതൽ പെസഹാക്കാലം രണ്ടാം ഞായർവരെ

സർവപാപങ്ങളിലുംനിന്ന് മോചനമരുളി, ജലത്താലും പരിശുദ്ധാത്മാവാലും പുതുജന്മംനല്കി അങ്ങ് അനുഗ്രഹിച്ചവർക്കുവേണ്ടി, കർത്താവേ, തങ്ങളുടെ സേവനത്തിന്റെയും*

---

88. കൈകൾനീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

CC: ദൈവമേ, അങ്ങ് ഈ ബലിവസ്തു എല്ലാവിധത്തിലും ആശീർവദിച്ച്, അംഗീകരിച്ച്, സാധൂകരിച്ച് യുക്തവും സ്വീകാര്യവുമാക്കിത്തീർക്കാൻ കനിയണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, ഇവ ഞങ്ങൾക്ക് അങ്ങയുടെ ഏറ്റവും പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ശരീരവും രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു:

89. കർത്താവിന്റെ തിരുമൊഴികളായ താഴെ വരുന്ന പ്രതിഷ്ഠാപന വചസ്സുകൾ അവയുടെ സ്വഭാവം അനുശാസിക്കുന്നപോലെ വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

അവിടന്ന് പീഡാസഹനത്തിന്റെ തലേനാൾ,

അപ്പമെടുത്ത് അൾത്താരയിൽനിന്ന് അല്പം ഉയർത്തിക്കൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ അപ്പമെടുത്ത്, സ്വർഗത്തിലേക്ക്, സർവശക്തനായ ദൈവവും തന്റെ പിതാവുമായ അങ്ങയുടെ നേർക്ക്

കണ്ണുകൾ ഉയർത്തുന്നു.

കണ്ണുകൾ ഉയർത്തി, അങ്ങേക്ക് കൃതജ്ഞത പ്രകാശിപ്പിച്ച്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിനു തിരുശരീരം ഉയർത്തുന്നു. തിരികെ തളികയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

90. അനന്തരം തുടരുന്നു:

അപ്രകാരംതന്നെ, അത്താഴം കഴിഞ്ഞ്, അവിടന്ന് വിശിഷ്ടമായ ഈ പാനപാത്രം

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

പരിശുദ്ധവും ധന്യവുമായ തന്റെ കരങ്ങളിൽ എടുത്ത്, വീണ്ടും അങ്ങേക്ക് കൃതജ്ഞതപ്രകാശിപ്പിച്ച്, ആശീർവദിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു. വീണ്ടും തിരുശീലയിൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

91. അനന്തരം ചൊല്ലുന്നു:

C : ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/അങ്ങ് വീണ്ടുംവരുന്നതുവരെ/അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

92. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

CC : അതിനാൽ കർത്താവേ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ അതേ ക്രിസ്തുവിന്റെ ധന്യമായ പീഡാസഹനവും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പും മഹനീയമായ സ്വർഗാരോഹണവും ഓർത്തുകൊണ്ട്, അങ്ങയുടെ ദാസരായ ഞങ്ങളും അങ്ങയുടെ വിശുദ്ധജനവും അങ്ങു ഞങ്ങൾക്കു നല്കിയ ദാനദ്രവ്യങ്ങളിൽനിന്ന് ഈ പവിത്രബലി, ഈ വിശുദ്ധബലി, ഈ നിർമലബലി- നിത്യജീവന്റെ വിശുദ്ധമായ അപ്പവും നിത്യരക്ഷയുടെ പാനപാത്രവും- അങ്ങയുടെ മഹിതവൈഭവത്തിനു മുമ്പിൽ സമർപ്പിക്കുന്നു.

93. അങ്ങയുടെ ദാസൻ നീതിമാനായ ആബേലിന്റെ കാണിക്കകളും ഞങ്ങളുടെ പൂർവപിതാവായ അബ്രാഹത്തിന്റെ ബലിയും അങ്ങയുടെ മഹാപുരോഹിതനായ മെൽക്കിസെദെക്ക് അങ്ങേക്ക് അർപ്പിച്ച കാഴ്ചകളും അങ്ങു സ്വീകരിച്ചപോലെ, ഈ കാണിക്കകളും പ്രീതികരവും പ്രസന്നവുമായ മുഖത്തോടെ കടാക്ഷിക്കാനും വിശുദ്ധബലിയായും നിർമലയാഗമായും സ്വീകരിക്കാനും കനിയണമേ.

94. കൈകൾ കൂപ്പി, ശിരസ്സുനമിച്ചുകൊണ്ടു ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, ഏറ്റവും താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു: ഈ ദിവ്യബലി അങ്ങയുടെ വിശുദ്ധദൂതന്റെ

കരങ്ങൾവഴി സംവഹിച്ച്, അങ്ങയുടെ മഹനീയ അൾത്താരയിലേക്ക്, അങ്ങയുടെ മഹത്ത്വമേറിയ തിരുമുമ്പിലേക്ക് സംവഹിക്കാൻ കല്പിച്ചരുളിയാലും. ഈ ബലിപീഠത്തിൽ അർപ്പിച്ച ബലിയിൽ പങ്കുചേർന്ന്, അങ്ങയുടെ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുമ്പോഴെല്ലാം

നിവർന്ന് കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നു:

എല്ലാ സ്വർഗീയാനുഗ്രഹങ്ങളാലും പ്രസാദവരങ്ങളാലും ഞങ്ങൾ നിറയുമാറാകണമേ.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

95. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന

കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

C3 : കർത്താവേ, വിശ്വാസത്തിന്റെ മുദ്രയോടെ ഞങ്ങൾക്കുമുമ്പേ കടന്നുപോവുകയും സമാധാനത്തിന്റെ നിദ്രയിൽ വിശ്രമിക്കുകയും ചെയ്യുന്നവരായ അങ്ങയുടെ ദാസന്മാരെയും ദാസിമാരെയും (പേരുകൾ) ഓർക്കണമേ.

കൈകൾ കൂപ്പി, മരിച്ചവർക്കുവേണ്ടി അല്പനേരം പ്രാർഥിക്കുന്നു.
പിന്നീട്, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

ഇവർക്കും ക്രിസ്തുവിൽ നിദ്രകൊള്ളുന്ന എല്ലാവർക്കും വിശ്രാന്തിയുടെയും പ്രകാശത്തിന്റെയും സമാധാനത്തിന്റെയും ഇടം കനിഞ്ഞരുളണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

കൈകൾ കൂപ്പുന്നു.

(കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളണമേ ആമേൻ).

96. വലത്തുകൈകൊണ്ട് പിഴയിടിച്ചുകൊണ്ടു ചൊല്ലുന്നു:

C 4 : പാപികളെങ്കിലും അങ്ങയുടെ ദാസരും

കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

അങ്ങയുടെ അളവറ്റ കാരുണ്യത്തെ ശരണം പ്രാപിക്കുന്നവരുമായ ഞങ്ങൾക്കും അങ്ങയുടെ വിശുദ്ധ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും വിശുദ്ധരായ യോഹന്നാൻ, സ്റ്റീഫൻ, മത്തിയാസ്, ബർണബാസ്, (ഇഗ്നേഷ്യസ്, അലക്സാണ്ടർ, മർസലിൻ, പീറ്റർ, ഫെലിസിത്ത, പെർപ്പെത്തുവാ, ആഗത, ലൂസിയ, ആഗ്നസ്, സിസിലിയ, അനസ്താസിയ) എന്നിവരുടെയും അങ്ങേ എല്ലാ വിശുദ്ധരുടെയും തെല്ലൊരു പങ്കാളിത്തവും സഹവാസവും കല്പിച്ചരുളണമെന്നും അവരുടെ സമൂഹത്തിൽ, യോഗ്യതകൾ പരിഗണിക്കുന്നവനായിട്ടല്ല, കാരുണ്യം വർഷിക്കുന്നവനായി, ഞങ്ങളെയും ചേർത്തരുളണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

97. കൈകൾ കൂപ്പി തുടരുന്നു:

C: കർത്താവേ, അവിടന്നുവഴി അങ്ങ് ഈ നന്മകളെല്ലാം നിരതം സൃഷ്ടിക്കുകയും പവിത്രീകരിക്കുകയും ജീവശക്തികൊണ്ടു നിറയ്ക്കുകയും ആശീർവദിക്കുകയും ഞങ്ങൾക്കു നല്കുകയും ചെയ്യുന്നുവല്ലോ.

98. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാ ബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം : ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു. p.

# സ്തോത്രയാഗപ്രാർഥന - II

99. തനതായ ആമുഖഗീതി ഉണ്ടെങ്കിലും രണ്ടാമത്തെ സ്തോത്രയാഗപ്രാർഥന, രക്ഷാകരരഹസ്യം പൊതുവായി പ്രതിപാദിക്കുന്ന ആമുഖഗീതികളോടെ ഉപയോഗിക്കാവുന്നതാണ്, പ്രത്യേകിച്ച് പൊതുവായ ആമുഖഗീതികളോടൊപ്പം.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ഏ**റ്റവും പരിശുദ്ധനായ പിതാവേ, അങ്ങേ പ്രിയപുത്രനായ യേശുക്രിസ്തുവിലൂടെ എങ്ങുമെപ്പോഴും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**പ**രിശുദ്ധാത്മാവാൽ മനുഷ്യാവതാരം ചെയ്യുകയും കന്യകയിൽനിന്നു ജാതനാവുകയും ഞങ്ങൾക്ക് രക്ഷകനും ഉദ്ധാരകനുമായി അങ്ങ് അയയ്ക്കുകയും ചെയ്ത അങ്ങയുടെ വചനംവഴി അങ്ങ് സമസ്തവും സൃഷ്ടിച്ചു. അങ്ങയുടെ തിരുവുള്ളം നിറവേറ്റിക്കൊണ്ടും പരിശുദ്ധമായ ഒരു ജനത്തെ അങ്ങേക്കു നേടിത്തന്നുകൊണ്ടും പീഡാസഹനവേളയിൽ കൈകൾവിരിച്ച്, അവിടന്ന് മരണം ഉത്മൂലനം ചെയ്യുകയും ഉത്ഥാനം വെളിപ്പെടുത്തുകയും ചെയ്തു.

**ആ**കയാൽ മാലാഖമാരോടും എല്ലാ വിശുദ്ധരോടും ചേർന്ന്, അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ച്, ഞങ്ങൾ ഏകസ്വരത്തിൽ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

100. പുരോഹിതൻ, കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: കർത്താവേ, സർവവിശുദ്ധിയുടെയും ഉറവിടമായ അങ്ങ് സത്യമായും പരിശുദ്ധനാകുന്നു;

101. കൈകൾ കൂപ്പുന്നു; അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ടു ചൊല്ലുന്നു:

CC: ആകയാൽ, അങ്ങയുടെ ആത്മാവാൽ മഞ്ഞുകണം പോലെ ഈ കാണിക്കകൾ പവിത്രമാക്കണമേ.

കൈകൾ കൂപ്പുന്നു. അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

അങ്ങനെ, നമുക്കായി ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

102. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപന വചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

അവിടന്ന്, ഒറ്റിക്കൊടുക്കപ്പെട്ട് സ്വമനസ്സാലെ പീഡകൾ സഹിച്ചപ്പോൾ,

അപ്പമെടുത്ത്, ബലിപീഠത്തിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, കൃതജ്ഞത പ്രകാശിപ്പിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

103. അനന്തരം തുടരുന്നു:

അപ്രകാരം, അത്താഴം കഴിഞ്ഞ്,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചു കൊണ്ടു തുടരുന്നു:

പാനപാത്രമെടുത്ത്, വീണ്ടും അങ്ങേക്ക് കൃതജ്ഞത പ്രകാശിപ്പിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തി, തിരികെ തിരുശീലയിന്മേൽ വച്ചിട്ട് മുട്ടുകുത്തി ആരാധിക്കുന്നു.

104. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

105. പുരോഹിതൻ കൈകൾ വിരിച്ച് ചൊല്ലുന്നു:

CC: ആകയാൽ കർത്താവേ, അവിടത്തെ മരണവും ഉയിർപ്പും ഓർത്തുകൊണ്ട് അങ്ങയുടെ തിരുമുമ്പിൽ നില്ക്കുന്നതിനും അങ്ങയെ പരിചരിക്കുന്നതിനും അർഹരാക്കിത്തീർത്തതിന് ഞങ്ങൾ നന്ദിപറഞ്ഞുകൊണ്ട് ജീവന്റെ അപ്പവും രക്ഷയുടെ പാനപാത്രവും ഞങ്ങൾ അങ്ങേക്ക് അർപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും പങ്കുചേർന്ന ഞങ്ങളെ പരിശുദ്ധാത്മാവാൽ ഒന്നായിച്ചേർക്കണമെന്ന് താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു.

$C_1$ കർത്തവേ, ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അങ്ങയുടെ സഭയെ ഓർക്കണമേ. ഞങ്ങളുടെ പരിശുദ്ധ പിതാവായ... പാപ്പയോടും (പേര്) ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* വൈദികഗണത്തോടുമൊത്ത് സഭയെ അങ്ങ് സ്നേഹത്തിന്റെ പൂർണതയിൽ എത്തിക്കണമേ.

---

മരിച്ചവർക്കുവേണ്ടിയുള്ള ദിവ്യപൂജയിൽ താഴെ കൊടുത്തിരിക്കുന്നത് ചേർക്കാവുന്നതാണ്.

(ഇന്ന്) ഈ ലോകത്തിൽനിന്ന് അങ്ങയുടെ പക്കലേക്കു വിളിച്ച അങ്ങയുടെ ദാസൻ... (പേര്) (ദാസി... പേര്) ഓർക്കണമേ. അങ്ങയുടെ

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

പുത്രന്റെ മരണത്തിനു സദൃശമായി അവിടത്തോട്ഒന്നായിത്തീർന്ന ഇയാളെ അവിടത്തെ ഉത്ഥാനത്തിലും ഒന്നാക്കണമേ.

---

$C_2$ **ഉ**യിർപ്പിന്റെ പ്രത്യാശയോടെ നിദ്രകൊള്ളുന്ന ഞങ്ങളുടെ സഹോദരങ്ങളെയും അങ്ങയുടെ കാരുണ്യത്തിൽ മരണമടഞ്ഞ സകലരെയും അങ്ങ് ഓർക്കുകയും അങ്ങയുടെ മുഖത്തിന്റെ പ്രകാശത്തിലേക്ക് അവരെ സ്വീകരിക്കുകയും ചെയ്യണമേ. ഞങ്ങളെല്ലാവരിലും കനിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ, ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും ഭാഗ്യപ്പെട്ട അപ്പസ്തോലന്മാരോടും കാലാകാലങ്ങളിൽ അങ്ങയെ പ്രസാദിപ്പിച്ച സകല വിശുദ്ധരോടുമൊത്ത്, നിത്യജീവനിൽ പങ്കുചേരാൻ ഞങ്ങളെ അർഹരാക്കുകയും അങ്ങയുടെ പുത്രനായ യേശുക്രിസ്തുവഴി ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും

കൈകൾ കൂപ്പുന്നു.

ചെയ്യുമാറാകട്ടെ.

106. തിരുശരീരത്തോടുകൂടെ തളികയും അതോടൊപ്പം പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാ ബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം : ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു. p.

## സ്തോത്രയാഗപ്രാർഥന - III

107. V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

ഉചിതമായ ആമുഖഗീതി, നിർദേശങ്ങളനുസരിച്ച്, ഉപയോഗിക്കുന്നു. അതിന്റെ അവസാനം, പരിശുദ്ധൻ ആലപിക്കപ്പെടുന്നു.

108. പുരോഹിതൻ, കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: കർത്താവേ, അങ്ങ് സത്യമായും പരിശുദ്ധനാകുന്നു. അങ്ങു സൃഷ്ടിച്ച സർവചരാചരങ്ങളും ന്യായമായും അങ്ങയെ വാഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവഴി, പരിശുദ്ധാത്മാവിന്റെ ശക്തിയാലും പ്രവർത്തനത്താലും അങ്ങ് പ്രപഞ്ചം ഉജ്ജീവിപ്പിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നു. സൂര്യോദയം മുതൽ അസ്തമയംവരെ നിർമലമായൊരു ബലി അങ്ങയുടെ നാമത്തിന് അർപ്പിക്കപ്പെടേണ്ടതിന്, ഒരു ജനത്തെ ഒരുമിച്ചുകൂട്ടുന്നതിൽനിന്ന് അങ്ങ് വിരമിക്കുന്നില്ല.

109. കൈകൾ കൂപ്പുന്നു. അനന്തരം, കാഴ്ചദ്രവ്യങ്ങളുടെമേൽ കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു ചൊല്ലുന്നു:

CC: അതുകൊണ്ട്, കർത്താവേ, താഴ്മയോടെ ഞങ്ങൾ അപേക്ഷിക്കുന്നു: വിശുദ്ധീകരിക്കാനായി അങ്ങേക്ക് ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ തിരുമുല്കാഴ്ചകൾ അതേ ആത്മാവാൽ പവിത്രമാക്കാൻ കനിയണമേ.

കൈകൾ കൂപ്പി, അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

അങ്ങനെ, ഇവ അങ്ങയുടെ ദിവ്യപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരട്ടെ.

കൈകൾ കൂപ്പുന്നു.

അവിടത്തെ കല്പന അനുസരിച്ച് ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങൾ ആഘോഷിക്കുന്നു.

110. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപന വചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായും ഉച്ചരിക്കേണ്ടതാണ്.

എന്തെന്നാൽ, അവിടന്ന് ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ,

അപ്പമെടുത്ത്, ബലിപീഠത്തിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കുകൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;
എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി
അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു: തളികയിൽ തിരികെവച്ചിട്ട് മുട്ടുകുത്തി ആരാധിക്കുന്നു.

111. അനന്തരം തുടരുന്നു.

അപ്രകാരംതന്നെ, അത്താഴം കഴിഞ്ഞ്,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട്, തുടരുന്നു:

പാനപാത്രമെടുത്ത്, അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട്, ആശീർവദിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ തിരുശീലയിന്മേൽ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

112. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/അങ്ങ് വീണ്ടും വരുന്നതുവരെ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ, അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

113. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **അ**തിനാൽ, കർത്താവേ, അങ്ങയുടെ പുത്രന്റെ തക്ഷാകരമായ പീഡാസഹനവും മഹനീയമായ ഉയിർപ്പും സ്വർഗാരോഹണവും ഓർത്തുകൊണ്ടും അവിടത്തെ പ്രത്യാഗമനം പ്രതീക്ഷിച്ചുകൊണ്ടും ജീവദായകവും പരിപാവനവുമായ ഈ ബലി, കൃതജ്ഞത പ്രകാശിപ്പിച്ച് അങ്ങേക്കു ഞങ്ങൾ അർപ്പിക്കുന്നു.

**അ**ങ്ങേ സഭയുടെ ഈ ബലി തൃക്കൺപാർക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അവിടത്തെ ബലിയിൽ പ്രസാദിക്കാൻ അങ്ങ് ആഗ്രഹിച്ച ബലിവസ്തു അംഗീകരിച്ച്, അങ്ങയുടെ തിരുകുമാരന്റെ ശരീരരക്തങ്ങളാൽ പരിപോഷിതരായും അവിടത്തെ പരിശുദ്ധാത്മാവാൽ പരിപൂരിതരരായും ഞങ്ങൾ ക്രിസ്തുവിൽ ഒരു ശരീരവും ഒരാത്മാവുമായിത്തീരാൻ അനുഗ്രഹിക്കണമേ.

$C_1$ അവിടന്ന് ഞങ്ങളെ അങ്ങേക്കുള്ള നിത്യമായൊരു കാണിക്കയായിത്തീർക്കുമാറാകട്ടെ. അങ്ങനെ, അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ടവരോടൊത്ത്, അവകാശം ഞങ്ങൾക്കും ലഭിക്കാൻ ഇടയാക്കണമേ. വിശിഷ്യ, ദൈവമാതാവായ ഏറ്റവും പരിശുദ്ധ കന്യകമറിയത്തോടും അനുഗൃഹീതരായ അപ്പസ്തോലന്മാരോടും മഹിമയേറിയ രക്തസാക്ഷികളോടും (ഈ ദിനത്തിന്റെ വിശുദ്ധനായ/ വിശുദ്ധയായ... (പേര്) നോ (യോ) ടും) (ഞങ്ങളുടെ മധ്യസ്ഥനാ(യാ)യ വിശുദ്ധ... (പേര്) നോ (യോ) ടും) എല്ലാ വിശുദ്ധരോടുമൊത്ത്, അങ്ങേ സന്നിധിയിലുള്ള ഇവരുടെ നിരന്തര മാധ്യസ്ഥ്യത്താൽ സഹായം കൈവരുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

$C_2$ കർത്താവേ, ഞങ്ങളുടെ അനുരഞ്ജനത്തിന്റെ ഈ ബലി സർവലോകത്തിന്റെയും ശാന്തിയും രക്ഷയും പരിപോഷിപ്പിക്കാൻ ഇടയാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ ദാസനായ ഞങ്ങളുടെ... (പേര്) പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* മെത്രാൻപദവിയിലുള്ളവരോടും

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

എല്ലാ വൈദികഗണത്തോടും അങ്ങു നേടിയെടുത്ത സകല ജന ങ്ങളോടുമൊത്ത് ഈ ഭൂമിയിൽ തീർഥാടനം ചെയ്യുന്ന അങ്ങ യുടെ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും ഉറപ്പിക്കാൻ കനിയണമേ.

അങ്ങയുടെ തിരുമുമ്പിൽ നില്ക്കാൻ അങ്ങ് ആഗ്രഹിച്ച ഈ കുടും ബത്തിന്റെ അപേക്ഷകൾ ദയാപൂർവം കേട്ടരുളണമേ. കാരുണ്യ വാനായ പിതാവേ, എല്ലായിടത്തും ചിതറിക്കിടക്കുന്ന അങ്ങയുടെ എല്ലാ മക്കളെയും അങ്ങിലേക്ക് ദയാപൂർവം ഒന്നിപ്പിക്കണമേ.

$C_3$ † മൃതിയടഞ്ഞ ഞങ്ങളുടെ സഹോദരരെയും അങ്ങയെ പ്രീതി പ്പെടുത്തിക്കൊണ്ട് ഈ ലോകത്തിൽനിന്ന് കടന്നുപോയ എല്ലാ വരെയും അങ്ങയുടെ രാജ്യത്തിൽ ദയാപൂർവം പ്രവേശിപ്പിക്കണ മേ. അവിടെ ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി ഞങ്ങൾ ആയിരിക്കുന്നതോടൊപ്പം, അങ്ങയുടെ മഹത്ത്വത്താൽ നിത്യമായി സംതൃപ്തരാക്കപ്പെടുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

കൈകൾ കൂപ്പുന്നു.

എന്തെന്നാൽ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴിയാണല്ലോ സകലനന്മകളും അങ്ങ് ലോകത്തിന്റെമേൽ വർഷിക്കുന്നത്. †

**114.** തിരുശരീരത്തോടുകൂടെ തളികയും അതോടൊപ്പം പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാ ബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം : ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യ സ്വീകരണകർമം നടക്കുന്നു (p...)

115. പരേതർക്കുവേണ്ടിയുള്ള ദിവ്യപൂജയിൽ ഈ സ്തോത്രയാഗ പ്രാർഥന ഉപയോഗിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന ഭാഗം ചൊല്ലുന്നു:

† (ഇന്ന്) ഈ ലോകത്തിൽനിന്ന് അങ്ങയുടെ പക്കലേക്ക് അങ്ങു വിളിച്ച അങ്ങയുടെ ദാസൻ... (പേര്) ദാസി... (പേര്) ഓർക്കണമേ. അങ്ങയുടെ പുത്രൻ മരിച്ചവരെ ഈ മണ്ണിൽനിന്ന് ശരീരത്തോടെ ഉയിർപ്പിക്കുകയും ഞങ്ങളുടെ എളിയശരീരം അവിടത്തെ തേജോമയമായ ശരീരത്തോട് സാരൂപ്യംപ്രാപിക്കുകയും ചെയ്യുമ്പോൾ അവിടത്തെ മരണവുമായി സാദൃശ്യം പ്രാപിച്ച ഇയാളെ അവിടത്തെ ഉയിർപ്പിലും ഒന്നാക്കിത്തീർക്കാൻ കനിയണമേ. ഞങ്ങളുടെ മൃതിയടഞ്ഞ സഹോദരരെയും

അങ്ങയെ പ്രസാദിപ്പിച്ചുകൊണ്ട്, ഈ ലോകത്തിൽനിന്നു കടന്നുപോയ ഏവരെയും അങ്ങയുടെ രാജ്യത്തിൽ ദയാപൂർവം പ്രവേശിപ്പിക്കണമേ. അവിടെ, ഞങ്ങൾ ആയിരിക്കുന്നതോടൊപ്പം, അങ്ങയുടെ മഹത്ത്വത്താൽ നിത്യമായി സംതൃപ്തി അടയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അവിടെ ഞങ്ങളുടെ മിഴികളിൽനിന്ന് കണ്ണുനീരെല്ലാം അങ്ങ് ഒപ്പിയെടുക്കുമ്പോൾ ഞങ്ങളുടെ ദൈവമായ അങ്ങയെ അങ്ങായിരിക്കുന്നപോലെ ദർശിച്ചുകൊണ്ട് എല്ലായുഗങ്ങളിലും ഞങ്ങൾ അങ്ങയെപ്പോലെ ആയിരിക്കുകയും അവിരാമം ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും ചെയ്യുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

എന്തെന്നാൽ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴിയാണല്ലോ സകലനന്മകളും അങ്ങ് ലോകത്തിന്റെമേൽ വർഷിക്കുന്നത്.†

# സ്തോത്രയാഗപ്രാർഥന - IV

116. രക്ഷാകരചരിത്രത്തിന്റെ സംഗ്രഹം അവതരിപ്പിക്കുന്നതിനാൽ സ്തോത്ര യാഗപ്രാർഥനയുടെ ഈ ആമുഖഗീതി അതിന്റെ സ്വഭാവം കാരണം മാറ്റാൻ പാടുള്ളതല്ല.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**പ**രിശുദ്ധനായ പിതാവേ, അങ്ങേക്കു ഞങ്ങൾ കൃതജ്ഞതഅർപ്പിക്കുന്നത് ഉചിതവും അങ്ങയെ മഹത്ത്വപ്പെടുത്തുന്നതു സത്യമായും ന്യായവുമത്രേ. എന്തെന്നാൽ, അപ്രാപ്യമായ ദീപ്തിയിൽ വസിച്ചുകൊണ്ട് യുഗങ്ങൾക്കുമുമ്പുള്ളവനും നിത്യമായി നിലനില്ക്കുന്നവനുമായ അങ്ങാണ് ജീവനും സത്യവുമായ ഏകദൈവം.

**അ**ങ്ങയുടെ സൃഷ്ടികളെ അനുഗ്രഹങ്ങൾകൊണ്ട് നിറയ്ക്കാനും സകലത്തെയും അങ്ങയുടെ പ്രകാശത്തിന്റെ പ്രഭാപൂരംകൊണ്ട് ആനന്ദിപ്പിക്കാനുംവേണ്ടി സകലവും സൃഷ്ടിച്ച അങ്ങു മാത്രമാണ് നല്ലവനും ജീവന്റെ ഉറവിടവും.

**അ**തിനാൽ, അങ്ങയുടെ തിരുമുമ്പിൽ നിലകൊള്ളുന്ന അനേകം മാലാഖവൃന്ദം രാവും പകലും അങ്ങയെ പരിചരിക്കുകയും അങ്ങയുടെ മുഖത്തിന്റെ മഹത്ത്വം ധ്യാനിച്ചുകൊണ്ട് അവിരാമം അങ്ങയെ വാഴ്ത്തുകയും ചെയ്യുന്നു. അവരോടൊത്ത് ഞങ്ങളും ഞങ്ങളുടെ ശബ്ദത്തിലൂടെ ആകാശത്തിൻകീഴിലുള്ള സകലസൃഷ്ടികളും അങ്ങയുടെ നാമം ആഹ്ലാദപൂർവം പ്രകീർത്തിച്ചുകൊണ്ട് ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

117. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ടു ചൊല്ലുന്നു:

C: **പ**രിശുദ്ധനായ പിതാവേ, ഞങ്ങൾ അങ്ങയെ പ്രഘോഷിക്കുന്നു. എന്തെന്നാൽ, അങ്ങു മഹോന്നതനും ജ്ഞാനത്തിലും സ്നേഹത്തിലും അങ്ങയുടെ സകല കരവേലകളും രൂപപ്പെടുത്തിയവനുമാണ്. സ്രഷ്ടാവായ അങ്ങയെ മാത്രം ശുശ്രൂഷിച്ചുകൊണ്ട് എല്ലാ സൃഷ്ടികളെയും നിയന്ത്രിക്കാനായി അങ്ങ് മനുഷ്യനെ അങ്ങയുടെ ഛായയിൽ രൂപപ്പെടുത്തുകയും സർവലോകത്തെയും അവന്റെ സംരക്ഷണത്തിന് ഭരമേല്പിക്കുകയും ചെയ്തു. അനുസരണക്കേടുമൂലം അങ്ങയുടെ മൈത്രി അവൻ നഷ്ടപ്പെടുത്തിയപ്പോൾ അവനെ മരണത്തിന്റെ പിടിയിലേക്ക് അങ്ങ് വിട്ടുകൊടുത്തില്ല. പ്രത്യുത, അവർ അങ്ങയെ അന്വേഷിച്ചു കണ്ടെത്താനായി അങ്ങ് കരുതലോടെ എല്ലാവരെയും സഹായിക്കാൻ വന്നു. മാത്രമല്ല, അങ്ങ് പലവട്ടം മനുഷ്യരുമായി ഉടമ്പടികൾ ചെയ്യുകയും രക്ഷ പ്രതീക്ഷിക്കാൻ പ്രവാചകന്മാർവഴി അങ്ങ് അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

**ഇ**പ്രകാരം, പരിശുദ്ധനായ പിതാവേ, അങ്ങയുടെ ഏകജാതനെ കാലത്തിന്റെ തികവിൽ ഞങ്ങൾക്കു രക്ഷകനായി അയയ്ക്കാൻതക്കവണ്ണം അങ്ങ് ലോകത്തെ അത്രയേറെ സ്നേഹിച്ചു. അവിടന്ന് പരിശുദ്ധാത്മാവാൽ ശരീരം ധരിച്ച്, കന്യകമറിയത്തിൽനിന്നു പിറന്ന്, പാപമൊഴികെ എല്ലാവിധത്തിലും ഞങ്ങളുടെ മനുഷ്യസ്വഭാവത്തിൽ പങ്കുചേർന്നു; പാവപ്പെട്ടവർക്ക് രക്ഷയുടെയും തടവുകാർക്ക് മോചനത്തിന്റെയും സന്തപ്തഹൃദയർക്ക് സന്തോഷത്തിന്റെയും സുവിശേഷം അവിടന്ന് പ്രഘോഷിച്ചു. അങ്ങയുടെ പദ്ധതി പൂർത്തീകരിക്കാൻ അവിടന്ന് സ്വയം മരണത്തിന്

ഏല്പിച്ചുകൊടുക്കുകയും മരിച്ചവരിൽനിന്ന് ഉയിർക്കുകയും, മരണത്തെ സംഹരിക്കുകയും അവിടന്ന് ജീവൻ പുനരുദ്ധരിക്കുകയും ചെയ്തു.

**ഞ**ങ്ങൾ ഇനി ഒരിക്കലും ഞങ്ങൾക്കുവേണ്ടി ജീവിക്കാതിരിക്കാനും എന്നാൽ ഞങ്ങൾക്കായി മരിക്കുകയും ഉയിർക്കുകയും ചെയ്ത അവിടത്തേക്കുവേണ്ടി ജീവിക്കാനുമായി, വിശ്വസിക്കുന്നവർക്കായി ആദ്യഫലമെന്നോണം പിതാവേ, അങ്ങിൽനിന്ന് പരിശുദ്ധാത്മാവിനെ അയച്ചുതന്നു. ആത്മാവാകട്ടെ, ഈ ലോകത്തിൽ അവിടത്തെ പ്രവൃത്തി മുഴുവനാക്കുകയും എല്ലാ പവിത്രീകരണകർമവും പൂർത്തീകരിക്കുകയും ചെയ്തു.

118. കൈകൾ കൂപ്പുന്നു. അനന്തരം കാഴ്ചദ്രവ്യങ്ങളുടെമേൽ കൈകൾ വിരിച്ചുപിടിച്ചുകൊണ്ട്, ചൊല്ലുന്നു.

CC: അതിനാൽ കർത്താവേ, ഞങ്ങൾ പ്രാർഥിക്കുന്നു: അതേ പരിശുദ്ധാത്മാവ് ഈ കാഴ്ചദ്രവ്യങ്ങൾ പവിത്രീകരിക്കാൻ കനിയുമാറാകട്ടെ. അങ്ങനെ നിത്യഉടമ്പടിയായി അവിടന്നുതന്നെ ഞങ്ങൾക്കു നല്കിയ മഹാരഹസ്യം കൊണ്ടാടുന്നതിന് ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പി, അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരുപ്രാവശ്യം കുരിശടയാളമിട്ടുകൊണ്ടു ചൊല്ലുന്നു:

119. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപന വചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായും ഉച്ചരിക്കേണ്ടതാണ്.

അതിനാൽ പരിശുദ്ധനായ പിതാവേ, അങ്ങുവഴി അവിടന്ന് മഹത്ത്വപ്പെടാനിരുന്ന സമയം സമാഗതമായപ്പോൾ, അവിടന്ന് തനിക്കു സ്വന്തമായി ലോകത്തിലുണ്ടായിരുന്നവരെ സ്നേഹിക്കുകയും അവസാനംവരെ സ്നേഹിക്കുകയും ചെയ്തു. അവർ അത്താഴം കഴിക്കവേ,

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അവിടന്ന് അപ്പമെടുത്ത് ആശീർവദിക്കുകയും മുറിക്കുകയും തന്റെ ശിഷ്യന്മാർക്കു കൊടുക്കുകയും ചെയ്തുകൊണ്ട് അരുൾചെയ്തു:

ന്നു.

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു. തിരികെ തളികയിൽവച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

120. അനന്തരം തുടരുന്നു:

അപ്രകാരം,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട്, തുടരുന്നു:

മുന്തിരിയുടെ ഫലംനിറഞ്ഞ പാനപാത്രമെടുത്ത് കൃതജ്ഞത പ്രകാശിപ്പിക്കുകയും തന്റെ ശിഷ്യന്മാർക്ക് നല്കുകയും ചെയ്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തി, തിരികെ തിരുശീലയിന്മേൽവച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

121. അനന്തരം ചൊല്ലുന്നു;

C: ഇത് വിശ്വാസത്തിന്റെ രഹസ്യം.

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/അങ്ങ് വീണ്ടും വരുന്നതുവരെ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു.

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം / കർത്താവേ, അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

122. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **അ**തിനാൽ കർത്താവേ, ഞങ്ങളിപ്പോൾ ഞങ്ങളുടെ രക്ഷയുടെ ഓർമ ആചരിച്ചുകൊണ്ട് ക്രിസ്തുവിന്റെ മരണവും പാതാളത്തിലേക്കുള്ള അവിടത്തെ അവരോഹണവും അനുസ്മരിക്കുന്നു. അവിടത്തെ ഉത്ഥാനവും അങ്ങയുടെ വലത്തുഭാഗത്തേക്കുള്ള സ്വർഗാരോഹണവും പ്രഖ്യാപിക്കുകയും അവിടത്തെ മഹത്ത്വപൂർണമായ ആഗമനം പ്രതീക്ഷിച്ചുകൊണ്ട്, അങ്ങേക്കു സ്വീകാര്യവും സമസ്തലോകത്തിനും രക്ഷാകരവുമായ ബലിയായി അവിടത്തെ ശരീരവും രക്തവും ഞങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു.

**ക**ർത്താവേ, അങ്ങയുടെ സഭയ്ക്കുവേണ്ടി അങ്ങുതന്നെ ഒരുക്കിയ ബലി തൃക്കൺപാർക്കുകയും ഒരേ അപ്പത്തിലും ഒരേ പാനപാ

ത്രത്തിലും പങ്കുകാരാകുന്ന സകലരെയും കനിഞ്ഞനുഗ്രഹിക്കുകയും ചെയ്യണമേ. അങ്ങനെ, പരിശുദ്ധാത്മാവാൽ ഒരു ശരീരമായി ഒന്നിപ്പിക്കപ്പെട്ട അവർ, അങ്ങയുടെ മഹത്ത്വത്തിന്റെ സ്തുതിക്കായി ക്രിസ്തുവിൽ ഒരു സജീവബലിയായി പരിണമിക്കുമാറാകട്ടെ.

$C_1$ **അ**തിനാൽ, കർത്താവേ, ആർക്കെല്ലാംവേണ്ടി ഞങ്ങൾ ഈ ബലി അർപ്പിക്കുന്നുവോ, അവരെയെല്ലാം അങ്ങ് ഇപ്പോൾ ഓർക്കണമേ. വിശിഷ്യ, അങ്ങയുടെ ദാസനായ ഞങ്ങളുടെ പാപ്പായെയും... (പേര്) ഞങ്ങളുടെ രൂപതാധ്യക്ഷനായ....(പേര്) മെത്രാനെയും* മെത്രാൻപദവിയിലുള്ള സകലരെയും എല്ലാ വൈദികരെയും, ഈ ബലി അർപ്പിക്കുന്നവരെയും ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും അങ്ങയുടെ സമസ്തജനത്തെയും ആത്മാർഥഹൃദയത്തോടെ അങ്ങയെ തേടുന്ന എല്ലാവരെയും ഓർക്കണമേ.

$C_2$ **മാ**ത്രമല്ല, അങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ മരണമടഞ്ഞവരെയും പരേതരായ സകലരെയും അങ്ങ് ഓർക്കണമേ. അവരുടെ വിശ്വാസം അങ്ങുമാത്രം അറിയുന്നുവല്ലോ.

**കാ**രുണ്യവാനായ പിതാവേ, അങ്ങയുടെ മക്കളായ ഞങ്ങളേവരെയും ദൈവമാതാവായ പരിശുദ്ധകന്യകമറിയത്തോടും അങ്ങയുടെ രാജ്യത്തിൽ അങ്ങയുടെ അപ്പസ്തോലന്മാരോടും വിശുദ്ധരോടുംചേർന്ന്, സ്വർഗീയഅവകാശം കൈവരിക്കാൻ പ്രാപ്തരാക്കുമാറാകണമേ. അവിടെ പാപത്തിന്റെയും മരണത്തിന്റെയും ജീർണതയിൽനിന്നു മോചനം നേടി സകല സൃഷ്ടികളോടുമൊത്ത് ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി അങ്ങയെ ഞങ്ങൾ മഹത്ത്വപ്പെടുത്തുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

അവിടന്നുവഴിയാണല്ലോ അങ്ങ് സകലനന്മകളും ലോകത്തിനു മേൽ വർഷിക്കുന്നത്.

123. തിരുശരീരത്തോടുകൂടെ തളികയും അതോടൊപ്പം പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ട്, ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം: ആമേൻ.

തുടർന്ന്, ദിവ്യകാരുണ്യ സ്വീകരണകർമം നടക്കുന്നു (p...)

# ദിവ്യകാരുണ്യസ്വീകരണകർമം

124. പാനപാത്രവും തളികയും തിരുശീലയിന്മേൽവച്ചിട്ട്, പുരോഹിതൻ കൂപ്പുകൈകളോടെ പറയുന്നു:

രക്ഷാകരമായ കല്പനകളാൽ ഉദ്ബോധിതരായും ദിവ്യോപദേശത്താൽ രൂപീകൃതരായും നിർഭയം നമുക്ക് ഏറ്റുചൊല്ലാം:

പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ജനങ്ങളോടുചേർന്ന് തുടരുന്നു:

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ;/ അങ്ങയുടെ രാജ്യം വരണമേ;/ അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ;/ ഞങ്ങളോടു തെറ്റു ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നപോലെ,/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ;/ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ;/ തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

പദ്യരൂപം

1. സ്വർഗത്തിൽവാഴും ഞങ്ങൾതൻ താതാ
   നിൻനാമം പൂജിതമായിടേണം.
2. വരണം നിൻരാജ്യം, സ്വർഗത്തിലെപ്പോൽ
   നിന്നുള്ളം പാരിലുമായിടേണം.
3. അന്നന്നുവേണ്ടുന്നൊരാഹാരമിന്നും
   ഞങ്ങൾക്കു നല്കുമാറായിടേണം.
4. അന്യർതൻ ദ്രോഹം ഞങ്ങൾ ക്ഷമിക്കുംപോൽ
   ഞങ്ങൾതൻ ദ്രോഹവും നീ ക്ഷമിക്ക
5. പാപപരീക്ഷയിലുൾപ്പെടുത്താതെ
   തിന്മയിൽനിന്നു നീ കാത്തിടേണം.

125. പുരോഹിതൻമാത്രം, കൈകൾ വിരിച്ചുകൊണ്ട് തുടരുന്നു:

കർത്താവേ, എല്ലാ തിന്മകളിലുംനിന്നു ഞങ്ങളെ മോചിപ്പിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹപൂർണമായ പ്രത്യാശയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലുംനിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ.

കൈകൾ കൂപ്പുന്നു. ജനം പ്രഘോഷിക്കുന്നു:

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു.

126. കൈകൾ വിരിച്ചുകൊണ്ട്, പുരോഹിതൻ ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

"സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു" എന്ന് അങ്ങയുടെ അപ്പസ്തോലന്മാരോട് അരുൾചെയ്ത കർത്താവായ യേശുക്രിസ്തുവേ, ഞങ്ങളുടെ പാപങ്ങളല്ല, പിന്നെയോ അങ്ങേ സഭയുടെ വിശ്വാസം തൃക്കൺപാർത്ത്, അങ്ങയുടെ തിരുവുള്ളമനുസരിച്ച് സഭയ്ക്ക് സമാധാനവും ഐക്യവും നല്കാൻ കനിയണമേ.

കൈകൾ കൂപ്പുന്നു.

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർഥന കേട്ടരുളണമേ.

ജനം: ആമേൻ.

127. പുരോഹിതൻ ജനങ്ങളുടെനേരേ കൈകൾ വിരിച്ചുകൊണ്ട്, വീണ്ടും കൂപ്പിക്കൊണ്ട് ചൊല്ലുന്നു:

കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

ജനം: അങ്ങയുടെ ആത്മാവോടുംകൂടെ

128. അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ സന്ദർഭോചിതം നിർദേശിക്കുന്നു:

നിങ്ങൾ പരസ്പരം സമാധാനം ആശംസിക്കുവിൻ

സ്ഥലത്തെ പരമ്പരാഗതരീതിയനുസരിച്ച്, സമാധാനത്തിന്റെയും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി ജനങ്ങൾ സമാധാനം ആശംസിക്കുന്നു.

129. പുരോഹിതൻ ഡീക്കനോ മറ്റു ശുശ്രൂഷകർക്കോ സമാധാനം ആശംസിക്കുന്നു.

അനന്തരം, പുരോഹിതൻ തിരുവോസ്തി എടുത്ത്, തളികയുടെ മുകളിൽ പിടിച്ചുകൊണ്ട് വിഭജിക്കുന്നു. അതിനുശേഷം അതിൽനിന്ന് ഒരു ചെറിയ കഷണം മുറിച്ചെടുത്ത്, പാനപാത്രത്തിൽ നിക്ഷേപിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ സമ്മിശ്രണം, അവ സ്വീകരിക്കുന്ന നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുമാറാകട്ടെ.

130. തത്സമയം, ജനങ്ങൾ പാടുകയോ ചൊല്ലുകയോ ചെയ്യുന്നു:

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങളിൽ കനിയണമേ. / ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങളിൽ കനിയണമേ. / ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ,/ ഞങ്ങൾക്കു സമാധാനം നല്കണമേ.

പദ്യരൂപം

1. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.
2. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ.
3. ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ
   കുഞ്ഞാടേ, ഞങ്ങൾക്കു ശാന്തി നല്കണമേ.

അപ്പം മുറിച്ചുകഴിയുന്നതുവരെ, ഈ അപേക്ഷകൾ ആവർത്തിക്കാം. എന്നാൽ, അവസാനത്തെ അപേക്ഷ ഞങ്ങൾക്കു സമാധാനം നല്കണമേ എന്നായിരിക്കണം.

131. പിന്നീട്, പുരോഹിതൻ കൈകൾകൂപ്പി, താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവായ യേശുക്രിസ്തുവേ, സജീവനായ ദൈവത്തിന്റെ പുത്രാ, പിതാവിന്റെ ഇഷ്ടമനുസരിച്ച്, പരിശുദ്ധാത്മാവിന്റെ സഹകരണത്തോടെ, അങ്ങയുടെ മരണത്താൽ ലോകത്തെ അങ്ങ് ഉജ്ജീവിപ്പിച്ചുവല്ലോ; അങ്ങയുടെ പരിശുദ്ധമായ ഈ ശരീരവും രക്തവുംവഴി എന്നെ എന്റെ എല്ലാ പാപങ്ങളിലും സകല തിന്മകളിലും നിന്ന് മോചിപ്പിക്കണമേ; അങ്ങയുടെ കല്പനകളോട് എന്നെ എപ്പോഴും ചേർത്തുനിർത്താൻ ഇടവരുത്തുകയും അങ്ങിൽനിന്ന് ഒരിക്കലും വേർപെടാതിരിക്കാൻ അനുവദിക്കുകയും ചെയ്യണമേ.

അഥവാ

കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ ശരീരക്തങ്ങളുടെ സ്വീകരണം എനിക്ക് വിധിക്കും ശിക്ഷയ്ക്കും കാരണമാകാതെ, അങ്ങയുടെ കാരുണ്യത്താൽ എനിക്ക് മനസ്സിനും ശരീരത്തിനും സംരക്ഷണവും സ്വീകരിക്കേണ്ട ഔഷധവുമായിത്തീരുമാറാകട്ടെ.

132. പുരോഹിതൻ മുട്ടുകുത്തി വണങ്ങിയിട്ട്, തിരുവോസ്തി എടുത്ത് തളികയുടെ മുകളിൽ അല്പം ഉയർത്തിപ്പിടിച്ച്, ജനങ്ങൾക്ക് അഭിമുഖമായി നിന്നുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ! കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ അനുഗൃഹീതർ!

തുടർന്ന്, ജനങ്ങളോടൊന്നിച്ച് ഒരു പ്രാവശ്യം ചൊല്ലുന്നു:

കർത്താവേ/ അങ്ങ് എന്റെ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല;/ അങ്ങ് ഒരു വാക്ക് പറഞ്ഞാൽ മാത്രം മതി/ എന്റെ ആത്മാവു സുഖംപ്രാപിക്കും.

133. ബലിപീഠത്തിനുനേരേതിരിഞ്ഞ് പുരോഹിതൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ ശരീരം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുന്നു.

അനന്തരം പാനപാത്രമെടുത്ത് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ രക്തം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ രക്തം ഉൾക്കൊള്ളുന്നു.

134. അനന്തരം തളികയോ ദിവ്യകാരുണ്യപാത്രമോ എടുത്തുകൊണ്ട് ദിവ്യകാരുണ്യം സ്വീകരിക്കാനുള്ളവരെ സമീപിക്കുന്നു. ഓരോരുത്തരുടെയും മുമ്പിൽ തിരുവോസ്തി അല്പം ഉയർത്തിപ്പിടിച്ചുകൊണ്ടു പറയുന്നു:

ക്രിസ്തുവിന്റെ ശരീരം.

ദിവ്യകാരുണ്യം സ്വീകരിക്കുന്നയാൾ പ്രതിവചിക്കുന്നു:

ആമേൻ.

ദിവ്യകാരുണ്യം സ്വീകരിക്കുന്നു.

ഡീക്കൻ ദിവ്യകാരുണ്യം നല്കുന്നപക്ഷം, മേല്പറഞ്ഞപോലെതന്നെ ചെയ്യുന്നു.

135. ഇരുസാദൃശ്യത്തിലും ദിവ്യകാരുണ്യം നല്കുന്നപക്ഷം, നിർദിഷ്ടനിയമങ്ങൾ പാലിക്കണം.

136. പുരോഹിതൻ തിരുവോസ്തി സ്വീകരിക്കുമ്പോൾ ഗായകർ അഥവാ ജനങ്ങൾ ദിവ്യകാരുണ്യഗീതി ആരംഭിക്കുന്നു.

137. ദിവ്യകാരുണ്യം നല്കിയശേഷം പുരോഹിതൻ അഥവാ ഡീക്കൻ അഥവാ അൽത്താര ശുശ്രൂഷി തളികയും പാനപാത്രവും ശുദ്ധീകരിക്കുന്നു.

ആ സമയത്ത് പുരോഹിതൻ അഥവാ ഡീക്കൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, ഞങ്ങൾ അധരങ്ങളാൽ സ്വീകരിച്ചത് നിർമല മനസ്സോടെ ഉൾക്കൊള്ളാനും ഞങ്ങൾക്കത് ഭൗതികദാന ത്തിൽനിന്ന് നിത്യമായ ഔഷധമായി ഭവിക്കാനും ഇടയാകട്ടെ.

138. അനന്തരം പുരോഹിതന് യഥാസ്ഥാനത്തുപോയി ഇരിക്കാവുന്നതാണ്. തത്സമയം എല്ലാവരും അല്പനേരം മൗനമായി പ്രാർഥിക്കുകയോ കൃതജ്ഞതാസ്തോത്രം ആലപിക്കുകയോ ചെയ്യുന്നു.

139. അനന്തരം, അവിടെത്തന്നെ നിന്നുകൊണ്ട്, അല്ലെങ്കിൽ ബലിപീഠത്തിന്റെ മധ്യഭാഗത്തു ചെന്നുനിന്നുകൊണ്ട് പുരോഹിതൻ ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം.

മൗനപ്രാർഥന മുമ്പു നടന്നില്ലെങ്കിൽ, പുരോഹിതനും ജനങ്ങളും അല്പസമയം മൗനമായി പ്രാർഥിക്കുന്നു. അതിനുശേഷം പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ദിവ്യഭോജനപ്രാർഥന ചൊല്ലുന്നു:

പ്രാർഥനയുടെ അവസാനത്തിൽ ജനം പ്രതിവചിക്കുന്നു:

ആമേൻ

# സമാപനകർമങ്ങൾ

140. ആവശ്യമെങ്കിൽ ജനങ്ങൾക്കുവേണ്ടിയുള്ള അറിയിപ്പുകൾ ഹ്രസ്വമായി നടത്തുന്നു

141. അതിനുശേഷം പുരോഹിതൻ, ജനങ്ങളുടെനേരേതിരിഞ്ഞ്, കൈകൾ വിരിച്ചുകൊണ്ട് പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം : അങ്ങയുടെ ആത്മാവോടുംകൂടെ.

പുരോഹിതൻ ജനങ്ങളെ ആശീർവദിക്കുന്നു:

സർവശക്തനായ ദൈവം, പിതാവും പുത്രനും ✠ പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ.

---

142. ചില സന്ദർഭങ്ങളിൽ ഈ ആശീർവാദത്തിനുമുമ്പ്, കൂടുതൽ ആഘോഷമായ ആശീർവാദമോ ജനങ്ങളുടെ മേലുള്ള പ്രാർഥനയോ നടത്തുന്നു. p

---

143. പൊന്തിഫിക്കൽ ദിവ്യബലികളിൽ കാർമികൻ അംശമുടി ധരിച്ച്, കൈകൾവിരിച്ച് പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ജനം : അങ്ങയുടെ ആത്മാവോടുംകൂടെ

കാർമികൻ : കർത്താവിന്റെ നാമം വാഴ്ത്തപ്പെടട്ടെ

ജനം : ഇപ്പോഴും എന്നേക്കും

കാർമികൻ : ഞങ്ങളുടെ സഹായം കർത്താവിന്റെ നാമത്തിൽ

ജനം : ആകാശവും ഭൂമിയും സൃഷ്ടിച്ചവന്റെ നാമത്തിൽ

തുടർന്ന്, കാർമികൻ, ഉചിതമെങ്കിൽ, അംശവടി സ്വീകരിച്ച് പറയുന്നു:

സർവശക്തനായ ദൈവം,

ജനങ്ങളുടെമേൽ മൂന്നുപ്രാവശ്യം കുരിശടയാളം വരച്ച് തുടരുന്നു.

പിതാവും ✠ പുത്രനും ✠ പരിശുദ്ധാത്മാവും ✠ നിങ്ങളെ അനുഗ്രഹിക്കട്ടെ.

ജനം : ആമേൻ

**144.** അനന്തരം, ഡീക്കൻ അഥവാ പുരോഹിതൻ ജനങ്ങളുടെ നേരേതിരിഞ്ഞ്, കൈകൾ കൂപ്പി പറയുന്നു:

പോകുവിൻ, ദിവ്യപൂജ സമാപിച്ചു

ജനം : ദൈവത്തിനു നന്ദി

**145.** അതിനുശേഷം വൈദികൻ പതിവനുസരിച്ച് പ്രാരംഭകർമത്തിലെന്ന പോലെ അൾത്താരയെ ചുംബിക്കുന്നു. തുടർന്ന് താണുവണങ്ങിയശേഷം ശുശ്രൂഷികളോടൊപ്പം തിരികെപ്പോകുന്നു.

**146.** മറ്റെന്തെങ്കിലും ആരാധനക്രമപരമായ ചടങ്ങുകളുണ്ടെങ്കിൽ സമാപന കർമം ഉപേക്ഷിക്കുന്നു.

# ദിവ്യപൂജയുടെ സമാപന ആശീർവാദങ്ങളും ജനങ്ങളുടെമേലുള്ള പ്രാർഥനകളും

## സാഘോഷ ആശീർവാദങ്ങൾ

താഴെ കൊടുത്തിട്ടുള്ള ആശീർവാദങ്ങൾ ദിവ്യബലിയുടെയോ ദൈവവചനശുശ്രൂഷയുടെയോ യാമപ്രാർഥയുടെയോ കൂദാശകളുടെയോ സമാപനത്തിൽ ഔചിത്യംപോലെ ഉപയോഗിക്കാവുന്നതാണ്.

ഡീക്കൻ, അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതൻതന്നെ, ആശീർവാദത്തിനായി നിങ്ങൾ ശിരസ്സുനമിക്കുവിൻ എന്നു പറഞ്ഞുകൊണ്ട് ക്ഷണിക്കുന്നു. അനന്തരം, പുരോഹിതൻ ജനങ്ങളുടെമേൽ കൈകൾനീട്ടി ആശീർവദിക്കുന്നു; തത്സമയം എല്ലാവരും ആമേൻ എന്നു പ്രത്യുത്തരിക്കുന്നു.

### I. വിവിധകാലങ്ങളിലെ ആഘോഷങ്ങളിൽ

#### 1. ആഗമനകാലത്തിൽ

തന്റെ ഏകജാതന്റെ ആഗമനത്തിലും കടന്നുപോകലിലും വിശ്വസിക്കുകയും പുനരാഗമനം പ്രതീക്ഷിക്കുകയും ചെയ്യുന്ന നിങ്ങളെ സർവശക്തനും കാരുണ്യവാനുമായ ദൈവം അവിടത്തെ ആഗമന ദീപ്തിയാൽ പവിത്രീകരിക്കുകയും തന്റെ അനുഗ്രഹവർഷത്താൽ ധന്യരാക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

ഈ ജീവിതയാത്രയിൽ അവിടന്നു നിങ്ങളെ വിശ്വാസത്തിൽ അചഞ്ചലരും പ്രത്യാശയിൽ സന്തുഷ്ടരും സ്നേഹത്തിൽ കർമനിരതരുമാക്കുമാറാകട്ടെ.

R : ആമേൻ.

മനുഷ്യാവതാരംചെയ്ത നമ്മുടെ രക്ഷകന്റെ ആഗമനത്തിൽ ഭക്തമാനസരായി ആഹ്ലാദിക്കുന്ന നിങ്ങൾക്ക്, അവിടന്ന് മഹാപ്രതാപത്തോടെ വീണ്ടും എഴുന്നള്ളുമ്പോൾ നിത്യജീവന്റെ സമ്മാനം നല്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## 2. കർത്താവിന്റെ പിറവിത്തിരുനാളിൽ

തന്റെ പുത്രന്റെ മനുഷ്യാവതാരത്താൽ ലോകത്തിന്റെ അന്ധകാരമെല്ലാം നീക്കുകയും അവിടത്തെ മഹത്ത്വപൂർണമായ തിരുപ്പിറവിയാൽ ഏറ്റവും പരിശുദ്ധമായ ഈ രാത്രി (സുദിനം) പ്രകാശമാനമാക്കുകയും ചെയ്ത അനന്തനന്മയുടെ ദൈവം നിങ്ങളിൽനിന്ന് പാപാന്ധകാരമകറ്റി പുണ്യദീപ്തിയാൽ നിങ്ങളുടെ ഹൃദയങ്ങൾ പ്രഭാപൂരിതമാക്കട്ടെ.

R : ആമേൻ.

അവിടത്തെ രക്ഷാകരമായ പിറവിയുടെ മഹത്തായ സന്തോഷം ദൈവദൂതൻവഴി ആട്ടിടയന്മാരെ അറിയിക്കാൻ തിരുവുള്ളമായ ദൈവം, അവിടത്തെ ആഹ്ലാദത്താൽ നിങ്ങളുടെ മാനസങ്ങൾ നിറയ്ക്കുകയും നിങ്ങളെ അവിടത്തെ സുവിശേഷദൂതരാക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടത്തെ മനുഷ്യാവതാരംവഴി ഭൂമിയും സ്വർഗവും ചേർത്തിണക്കിയ ദൈവം നിങ്ങളെ തന്റെ സമാധാനത്തിന്റെയും സന്മനസ്സിന്റെയും ദാനത്താൽ നിറയ്ക്കുകയും സ്വർഗീയസഭയുടെ അംഗങ്ങളാകാൻ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## 3 വർഷാരംഭത്തിൽ

എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവും ഉദ്ഭവവുമായ ദൈവം നിങ്ങൾക്കു കൃപനല്കുകയും തന്റെ അനുഗ്രഹത്തിന്റെ സമൃദ്ധി നിങ്ങളിൽ ചൊരിയുകയും പുതുവർഷം മുഴുവനും സുരക്ഷിതരും വിമോചിതരുമായി കാത്തുപാലിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് നിങ്ങളുടെ വിശ്വാസത്തിന്റെ പവിത്രത കാത്തുസൂക്ഷിക്കുകയും പ്രത്യാശയുടെ സ്ഥിരോത്സാഹവും പാവനമായ ക്ഷമയോടെ അവസാനംവരെ നിലനില്ക്കുന്ന സ്നേഹവും നിങ്ങൾക്കു പ്രദാനം ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് നിങ്ങളുടെ ദിനങ്ങളും പ്രവൃത്തികളും തന്റെ സമാധാനത്തിൽ ക്രമപ്പെടുത്തുകയും എവിടെയും എല്ലായിടത്തും പ്രാർഥനകൾ ശ്രവിക്കുകയും നിത്യജീവിതത്തിലേക്ക് സന്തോഷപൂർവം നിങ്ങളെ ആനയിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## 4. കർത്താവിന്റെ പ്രത്യക്ഷീകരണതിരുനാൾ

അന്ധകാരത്തിൽനിന്ന് തന്റെ വിസ്മയനീയമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ച ദൈവം കാരുണ്യപൂർവം തന്റെ അനുഗ്രഹം നിങ്ങളിൽ വർഷിക്കുകയും നിങ്ങളുടെ ഹൃദയങ്ങൾ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും നിലനിർത്തുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

ഇരുളിൽ പ്രകാശിക്കുന്ന ജ്യോതിസ്സായി ഇന്ന് ലോകത്തിൽ പ്രത്യക്ഷപ്പെട്ട ക്രിസ്തുവിനെ പ്രത്യാശയോടെ അനുഗമിക്കുന്ന നിങ്ങൾ നിങ്ങളുടെ സഹോദരർക്കു വെളിച്ചമായിരിക്കാൻ അവിടന്ന് ഇടയാക്കുമാറാകട്ടെ.

R : ആമേൻ.

നക്ഷത്രത്തെ പിന്തുടർന്ന് ജ്ഞാനികൾ അത്യന്തസന്തോഷത്തോടെ കണ്ടെത്തിയ പ്രകാശത്താൽ, പ്രകാശമായ കർത്താവായ ക്രിസ്തുനാഥന്റെ പക്കൽ നിങ്ങളും തീർഥാടനം അവസാനിക്കുമ്പോൾ എത്തിച്ചേരുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

5. **കർത്താവിന്റെ പീഡാസഹനം**

തന്റെ ഏകജാതന്റെ പീഡാസഹനംവഴി സ്നേഹത്തിന്റെ മാതൃക നിങ്ങൾക്കു നല്കിയ കരുണാസമ്പന്നനായ ദൈവപിതാവ്, ദൈവത്തിനും മനുഷ്യർക്കും നിങ്ങൾ സേവനംചെയ്ത് അവിടത്തെ അനുഗ്രഹത്തിന്റെ അവാച്യമായ ദാനം അനുഭവിക്കാൻ ഇടയാക്കുമാറാകട്ടെ.

R : ആമേൻ.

ക്രിസ്തുവിന്റെ ഭൗതികമരണത്താൽ, നിത്യമരണത്തിൽനിന്നു മോചനം ലഭിക്കുമെന്നു വിശ്വസിക്കുന്ന നിങ്ങൾക്ക് അവിടന്ന് നിത്യജീവന്റെ സമ്മാനം നല്കുമാറാകട്ടെ.

R : ആമേൻ.

ക്രിസ്തുനാഥന്റെ എളിമയുടെ മാതൃക അനുകരിക്കുന്ന നിങ്ങൾ അവിടത്തെ ഉയിർപ്പിന്റെ ഓഹരിയിലും പങ്കാളികളാകുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവ്വേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

6. **പെസഹാക്കാലം**

തന്റെ ഏകജാതന്റെ ഉത്ഥാനംവഴി വീണ്ടെടുപ്പിന്റെയും ദത്തെടുപ്പിന്റെയും ദാനം നിങ്ങൾക്കുനല്കാൻ കനിവുണ്ടായ ദൈവം, തന്റെ കൃപയാൽ നിങ്ങളെ ആനന്ദഭരിതരാക്കാൻ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

അവിടത്തെ വീണ്ടെടുപ്പുവഴി ശാശ്വതസ്വാതന്ത്ര്യത്തിന്റെ ദാനം നേടിയ നിങ്ങൾ, അവിടത്തെ മഹാമനസ്കതയാൽ നിത്യാവകാശത്തിൽ പങ്കാളികളായിത്തീരാൻ ഇടയാക്കുമാറാകട്ടെ.

R : ആമേൻ.

വിശ്വാസത്തിലൂടെ ജ്ഞാനസ്നാനത്തിൽ ക്രിസ്തുവിനോടൊപ്പം ഉയിർത്തെഴുന്നേറ്റ നിങ്ങൾ ഇപ്പോൾ സുകൃതജീവിതം നയിച്ച്, പിതൃരാജ്യമായ സ്വർഗത്തിൽ ഒന്നുചേരാൻ യോഗ്യരായിത്തീരുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

7. **സ്വർഗാരോഹണതിരുനാൾ**

ഈ ദിനം, സ്വർഗത്തിന്റെ ഉന്നതങ്ങളിലേക്കു പ്രവേശിക്കുകയും അവിടന്ന് ആയിരിക്കുന്നിടത്തു ചെന്നുചേരാൻ കവാടം തുറന്നു തരുകയും ചെയ്ത തന്റെ ഏകജാതന്റെ പിതാവും സർവശക്തനുമായ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ

R : ആമേൻ.

ക്രിസ്തു തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷ ദർശനമരുളിയപോലെ, വിധിയാളനായി വരുമ്പോൾ അവിടന്നു നിങ്ങളിൽ നിത്യകാലം സംപ്രീതനായി കാണപ്പെടാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് തന്റെ പ്രതാപത്തിൽ പിതാവിനോടൊപ്പം എഴുന്നള്ളിയിരിക്കുന്നുവെന്നു വിശ്വസിക്കുന്ന നിങ്ങൾ യുഗാന്തംവരെ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുമെന്ന അവിടത്തെ വാഗ്ദാനം സന്തോഷപൂർവം അനുഭവിച്ചറിയാൻ പ്രാപ്തരാകുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

8. **പരിശുദ്ധാത്മാവ്**

ആശ്വാസദായകനായ ആത്മാവിനെ അയച്ച് ശിഷ്യന്മാരുടെ ഹൃദയങ്ങൾ പ്രകാശിപ്പിക്കാൻ തിരുമനസ്സായ പ്രകാശങ്ങളുടെ പിതാവായ ദൈവം, തന്റെ അനുഗ്രഹത്താൽ നിങ്ങളെ ആനന്ദഭരിതരാക്കുകയും അവിടത്തെ അതേ ആത്മാവിന്റെ ദാനങ്ങളാൽ നിങ്ങളെ എപ്പോഴും നിറയ്ക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

ശിഷ്യന്മാരുടെമേൽ പ്രത്യക്ഷപ്പെട്ട അദ്ഭുതകരമായ തീനാളം, സമസ്തപാപമാലിന്യത്തിലുംനിന്ന് നിങ്ങളുടെ ഹൃദയങ്ങൾ സംശുദ്ധീകരിച്ച് അവിടത്തെ പ്രകാശധാരയാൽ പൂരിതമാക്കുമാറാകട്ടെ.

R : ആമേൻ.

ഭാഷകളുടെ വൈവിധ്യം, ഒരേ വിശ്വാസത്തിന്റെ പ്രഖ്യാപനത്തിൽ സംയോജിപ്പിക്കാൻ തിരുവുള്ളമായ അവിടന്ന്, അതേ വിശ്വാസത്തിൽ നിലനില്ക്കാൻ ഇടവരുത്തുകയും അതുവഴി, പ്രത്യാശയിൽനിന്ന് ദർശനത്തിലേക്കു കടന്നുവരാൻ നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

9. **ആണ്ടുവട്ടം–1**

കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് തന്റെ മുഖം നിങ്ങളുടെമേൽ പ്രകാശിപ്പിക്കുകയും നിങ്ങളോട് കരുണകാണിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് തന്റെ വദനം നിങ്ങളുടെ നേർക്കു തിരിക്കുകയും നിങ്ങൾക്ക് തന്റെ സമാധാനം നല്കുകയും ചെയ്യുമാറാകട്ടെ

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

10. **ആണ്ടുവട്ടം–2**

എല്ലാ ജ്ഞാനത്തെയും അതിശയിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ മാനസങ്ങളെയും

ദൈവത്തിന്റെയും അവിടത്തെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെയും ജ്ഞാനത്തിലും സ്നേഹത്തിലും കാത്തുപാലിക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

11. **ആണ്ടുവട്ടം-3**

സർവശക്തനായ ദൈവം നിങ്ങളെ കനിഞ്ഞനുഗ്രഹിച്ച് രക്ഷാകരമായ ജ്ഞാനം നിങ്ങളിൽ ചൊരിയുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് നിങ്ങളെ വിശ്വാസപ്രബോധനത്താൽ പരിപോഷിപ്പിക്കുകയും സത്കർമങ്ങളിൽ നിങ്ങൾ നിലനില്ക്കാൻ ഇടയാക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് നിങ്ങളുടെ കാലടികൾ തന്റെ നേർക്കു തിരിക്കുകയും ശാന്തിയുടെയും സ്നേഹത്തിന്റെയും പാത നിങ്ങൾക്ക് കാണിച്ചുതരുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

12. **ആണ്ടുവട്ടം–4**

എല്ലാ സമാശ്വാസത്തിന്റെയും ദൈവം നിങ്ങളുടെ ദിനങ്ങൾ തന്റെ സമാധാനത്തിൽ ക്രമപ്പെടുത്തുകയും തന്റെ അനുഗ്രഹത്തിന്റെ ദാനം നിങ്ങൾക്കു നല്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

അവിടന്ന് നിങ്ങളെ എല്ലാ അസ്വസ്ഥതയിലുംനിന്ന് എപ്പോഴും മോചിപ്പിക്കുകയും നിങ്ങളുടെ ഹൃദയങ്ങൾ തന്റെ സ്നേഹത്തിൽ ഉറപ്പിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

പ്രത്യാശയുടെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ദാനങ്ങളാൽ സമ്പന്നരാകാനും സത്പ്രവൃത്തികളിൽ വ്യാപൃതരായി ഈ ലോകജീവിതം നയിക്കാനും സന്തോഷത്തോടെ നിത്യജീവിതത്തിൽ എത്തിച്ചേരാനും നിങ്ങൾക്കു കഴിയുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

13. **ആണ്ടുവട്ടം–5**

സർവശക്തനായ ദൈവം നിങ്ങളിൽനിന്ന് എല്ലാ പ്രതികൂലാവസ്ഥകളും എപ്പോഴും ഒഴിവാക്കുകയും തന്റെ അനുഗ്രഹത്തിന്റെ ദാനങ്ങൾ നിങ്ങളുടെമേൽ കാരുണ്യപൂർവം വർഷിക്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

തിരുവചനങ്ങൾ ശ്രവിച്ചുകൊണ്ട് നിത്യാനന്ദത്താൽ നിറയാൻ അവിടന്ന് നിങ്ങളുടെ ഹൃദയങ്ങൾ സജ്ജമാക്കട്ടെ.

R : ആമേൻ.

നന്മയും സത്യവുമായവ തിരിച്ചറിഞ്ഞ് ദൈവത്തിന്റെ കല്പനകളുടെ പാതയിലൂടെ എപ്പോഴും സഞ്ചരിക്കുന്നവരായി നിങ്ങൾ കാണപ്പെടാനും സ്വർഗീയപൗരന്മാരുടെ കൂട്ടവകാശികളായി ഭവിക്കാനും ഇടയാകുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

### 14. ആണ്ടുവട്ടം–6

സമസ്ത സ്വർഗീയാനുഗ്രഹത്തിന്റെയും ദൈവം നിങ്ങളെ അനുഗ്രഹിക്കുകയും തന്റെ സന്നിധിയിൽ എപ്പോഴും നിങ്ങളെ പരിശുദ്ധരും നിർമലരും ആക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ. അവിടന്ന് തന്റെ മഹത്ത്വത്തിന്റെ സമ്പന്നത സമൃദ്ധമായി നിങ്ങളുടെ മേൽ ചൊരിയട്ടെ. സത്യത്തിന്റെ വചനങ്ങളാൽ അവിടന്ന് പഠിപ്പിക്കട്ടെ. രക്ഷയുടെ സുവിശേഷത്താൽ പ്രബോധിപ്പിക്കട്ടെ. സഹോദരസ്നേഹത്താൽ എപ്പോഴും സമ്പന്നരാകട്ടെ. കർത്താവായ ക്രിസ്തുവഴി...

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## II. വിശുദ്ധരുടെ തിരുനാളുകളിൽ

### 15. പരിശുദ്ധ കന്യകമറിയം

പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃത്വംവഴി മാനവവംശത്തെ തന്റെ കാരുണ്യത്താൽ വീണ്ടെടുക്കാൻ തിരുവുള്ളമായ ദൈവം, നിങ്ങളെ തന്റെ അനുഗ്രഹത്താൽ സമ്പന്നമാക്കാൻ കനിയുമാറാകട്ടെ.

R : ആമേൻ.

ജീവന്റെ ഉടയവനെ സ്വീകരിക്കാൻ അർഹയായ മറിയത്തിന്റെ മാധ്യസ്ഥ്യം എപ്പോഴും എല്ലായിടത്തും നിങ്ങൾക്ക് അനുഭവപ്പെടുമാറാകട്ടെ.

R : ആമേൻ.

ഭക്തിനിർഭരമായ മാനസങ്ങളോടെ ഈ ദിനം ഇവിടെ സമ്മേളിച്ചിരിക്കുന്ന നിങ്ങൾ ആത്മീയാനന്ദവും സ്വർഗീയദാനങ്ങളും സംവഹിക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

### 16. വിശുദ്ധ പത്രോസിന്റെയും പൗലോസിന്റെയും തിരുനാൾ

വിശുദ്ധ പത്രോസിന്റെ രക്ഷാകരമായ വിശ്വാസപ്രഖ്യാപനത്തിൽ നിങ്ങളെ സ്ഥിരീകരിക്കുകയും അതുവഴി നിങ്ങളെ തിരുസഭയുടെ വിശ്വാസത്തിന്റെ പാറയിൽ സ്ഥാപിക്കുകയും ചെയ്ത സർവശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

വിശുദ്ധപൗലോസിന്റെ നിസ്തന്ദ്രമായ പ്രബോധനത്താൽ നിങ്ങളെ പ്രബുദ്ധരാക്കിയ അവിടന്ന്, അദ്ദേഹത്തിന്റെ മാതൃക അനുസരിച്ച് എപ്പോഴും സഹോദരരെ ക്രിസ്തുവിനായി നേടിയെടുക്കാൻ നിങ്ങളെയും പഠിപ്പിക്കുമാറാകട്ടെ.

R : ആമേൻ.

പത്രോസ് താക്കോൽവഴിയും പൗലോസ് വചനംവഴിയും കടന്നുചെല്ലാൻ കഠിനാധ്വാനം ചെയ്യുകയും ഒരാൾ കുരിശാലും മറ്റൊരാൾ വാളാലും തങ്ങൾക്കായി നേടിയെടുത്ത സ്വർഗരാജ്യത്തിലേക്ക് സന്തോഷപൂർവം എത്തിച്ചേരാൻ നമ്മെയും അവിടന്ന് അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## 17. അപ്പസ്തോലന്മാരുടെ തിരുനാൾ

അപ്പസ്തോലികഅടിസ്ഥാനത്തിൽ ഉറച്ചുനില്ക്കാൻ നിങ്ങളെ അനുഗ്രഹിച്ച ദൈവം, അപ്പസ്തോലന്മാരായ വിശുദ്ധ (പേര്) വിശുദ്ധ (പേര്) ന്റെയും മഹത്ത്വമേറിയ യോഗ്യതകളാൽ നിങ്ങളെ കനിഞ്ഞനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളാലും മാതൃകകളാലും പരിപോഷിതരാകാൻ അനുവദിക്കപ്പെട്ട നിങ്ങളെ അവരുടെ സംരക്ഷണത്താൽ ഏവരുടെയും മുമ്പിൽ സത്യത്തിനു സാക്ഷികളാകാൻ അവിടന്ന് അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

അവരുടെ പ്രബോധനംവഴി വിശ്വാസദാർഢ്യം കൈവരിച്ച നിങ്ങളെ അവരുടെ മാധ്യസ്ഥ്യത്താൽ നിത്യമായ പിതൃരാജ്യത്തിന്റെ ഓഹരി നേടാൻ അവിടന്ന് പ്രാപ്തരാക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## 18. എല്ലാ വിശുദ്ധരുടെയും തിരുനാൾ

വിസ്മയനീയമായ മാധ്യസ്ഥ്യത്താൽ പരിപോഷിതരാകാൻ നിങ്ങളെ അനുവദിച്ച വിശുദ്ധരുടെ മഹത്ത്വവും പുകഴ്ചയുമായ ദൈവം, നിത്യമായ ആശീർവാദത്താൽ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

അവരുടെ മാധ്യസ്ഥ്യത്താൽ ഇപ്പോഴുള്ള തിന്മകളിൽനിന്ന് മോചിതരാകുകയും വിശുദ്ധമായ ജീവിതമാതൃകയാൽ പ്രബോധിതരാകുകയും ചെയ്ത നിങ്ങൾ, ദൈവത്തിന്റെയും സഹോദരരുടെയും ശുശ്രൂഷയിൽ എപ്പോഴും വ്യാപൃതരായി കാണപ്പെടാൻ ഇടയാകുമാറാകട്ടെ.

R : ആമേൻ.

വിശുദ്ധ സഭ നിത്യമായ സമാധാനത്തിൽ സന്തോഷിക്കുമ്പോൾ തന്റെ മക്കളെ സ്വർഗീയപൗരന്മാരോടൊപ്പം ഒന്നിപ്പിക്കാനും ആ പിതൃരാജ്യത്തിൽ അവരോടൊപ്പം ഈ സന്തോഷം സ്വായത്തമാക്കാനും നിങ്ങളെ അവിടന്ന് പ്രാപ്തരാക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## III. മറ്റ് ആശീർവാദങ്ങൾ

### 19. ദേവാലയപ്രതിഷ്ഠ

ഈ ദേവാലയത്തിന്റെ പ്രതിഷ്ഠയ്ക്കായി ഇന്ന് നിങ്ങളെ ഒരുമിച്ചുകൂട്ടിയ സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവായ ദൈവം, സ്വർഗീയ ആശീർവാദത്താൽ സമ്പന്നരാകാൻ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

ചിതറിപ്പോയ എല്ലാ മക്കളെയും തന്റെ പുത്രനിൽ ഒരുമിപ്പിക്കാൻ തരുമനസ്സായ അവിടന്ന്, തന്റെ ആലയവും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവുമായിത്തീരാൻ നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

സന്തോഷപൂർവം വിശുദ്ധീകരിക്കപ്പെട്ട നിങ്ങളിൽത്തന്നെ ദൈവത്തിന്റെ വാസം കർത്താവായ ക്രിസ്തുവഴി ഉണ്ടായിരിക്കാനും സകല വിശുദ്ധരോടുമൊത്ത് നിത്യസൗഭാഗ്യം സ്വായത്തമാക്കാനും അവിടന്ന് നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

### 20. പരേതസ്മരണ

മനുഷ്യനെ അവാച്യമായ നന്മയാൽ സൃഷ്ടിക്കുകയും തന്റെ ഏകജാതന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവർക്ക് വീണ്ടുമുള്ള ഉയിർപ്പിന്റെ പ്രത്യാശ നല്കുകയും ചെയ്ത എല്ലാ സമാശ്വാസങ്ങളുടെയും ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ

R : ആമേൻ.

ജീവിക്കുന്നവരായ നമുക്ക് പാപങ്ങൾക്കു പൊറുതി പ്രദാനം ചെയ്യുകയും എല്ലാ പരേതർക്കും അവിടന്ന് പ്രകാശത്തിന്റെയും സമാധാനത്തിന്റെയും ഇടം നല്കുകയും ചെയ്യുമാറാകട്ടെ.

R : ആമേൻ.

മരിച്ചവരുടെ ഇടയിൽനിന്ന് യഥാർഥത്തിൽ അവിടന്ന് ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുന്ന നമ്മളെല്ലാവരും ക്രിസ്തുവിനോടുകൂടെ ആഹ്ലാദപൂർവം നിത്യമായി ജീവിക്കാൻ ഇടയാകുമാറാകട്ടെ.

R : ആമേൻ.

പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവേശ്വരന്റെ അനുഗ്രഹം നിങ്ങളിൽ വന്നണഞ്ഞ് എന്നും നിലനില്ക്കുമാറാകട്ടെ.

R : ആമേൻ.

## ജനങ്ങളുടെമേലുള്ള പ്രാർഥനകൾ

താഴെ കൊടുത്തിരിക്കുന്ന പ്രാർഥനകൾ പുരോഹിതന്റെ ഔചിത്യമനുസരിച്ച് ദിവ്യബലിയുടെയോ വചനശുശ്രൂഷയുടെയോ യാമപ്രാർഥനയുടെയോ കൂദാശകളുടെയോ സമാപനത്തിൽ ഉപയോഗിക്കാവുന്നതാണ്.

ഡീക്കനോ അദ്ദേഹത്തിന്റെ അഭാവത്തിൽ പുരോഹിതനോ: ആശീർവാദത്തിനായി നിങ്ങൾ ശിരസ്സു നമിക്കുവിൻ എന്നോ തത്തുല്യമായ മറ്റുവാക്കുകളിലോ ക്ഷണിക്കുന്നു. അതിനുശേഷം പുരോഹിതൻ ജനങ്ങളുടെമേൽ കൈകൾ നീട്ടിപ്പിടിച്ചുകൊണ്ട് പ്രാർഥന ചൊല്ലുന്നു. എല്ലാവരും ആമേൻ എന്നു പ്രത്യുത്തരിക്കുന്നു.

പ്രാർഥനയ്ക്കുശേഷം പുരോഹിതൻ എപ്പോഴും കൂട്ടിച്ചേർക്കുന്നു: പിതാവും പുത്രനും ✠ പരിശുദ്ധാത്മാവുമായ സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെമേൽ ഇറങ്ങിവരുകയും നിത്യം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ. R : ആമേൻ.

1. കർത്താവേ, അങ്ങയുടെ ജനത്തോടു കരുണയായിരിക്കണമേ; നിത്യതയ്ക്കായി പ്രയത്നിക്കണമെന്ന് അങ്ങ് അഭിലഷിക്കുന്ന ഇവർക്ക് ഇഹത്തിലെ സമാശ്വാസം നിരസിക്കരുതേ. കർത്താവായ ക്രിസ്തുവഴി...

2. കർത്താവേ, പ്രഖ്യാപിക്കുന്നവ ഗ്രഹിക്കാനും പങ്കെടുക്കുന്ന സ്വർഗീയ കർമങ്ങളെ സ്നേഹിക്കാനും വേണ്ട കൃപ അങ്ങയുടെ ക്രൈസ്തവജനത്തിനു നല്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

3. കർത്താവേ, ദിവ്യമായ ആശീർവാദത്തിന്റെ ദാനം അങ്ങയുടെ ജനം സ്വീകരിക്കാനും അതുവഴി ദോഷകരമായവ പരിത്യജിക്കാനും അഭിലഷണീയമായവ അന്വേഷിക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

4. കർത്താവേ, അങ്ങയുടെ ജനത്തെ പൂർണഹൃദയത്തോടെ അങ്ങിലേക്കു തിരിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. എന്തെന്നാൽ, വഴിതെറ്റിപ്പോകുന്നവരെപ്പോലും സംരക്ഷിക്കുന്നവനാണല്ലോ അവിടന്ന്. ആത്മാർഥഹൃദയത്തോടെ അങ്ങേക്കു സമർപ്പി

തരായവരെ കൂടുതൽ കൃപയോടെ പരിപാലിക്കണമേ. കർത്താവായ ക്രിസ്തുവഴി...

5. കർത്താവേ, അങ്ങയുടെ കുടുംബത്തെ കരുണാപൂർവം പ്രകാശിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അങ്ങയുടെ തിരുവുള്ളം അനുവർത്തിച്ചുകൊണ്ട് സത്കർമനിരതരാകാൻ ഇവരെ യോഗ്യരാക്കണമേ. കർത്താവായ ക്രിസ്തുവഴി...

6. കർത്താവേ, അങ്ങയുടെ വിശ്വാസികളിൽ സംപ്രീതനായി പാപമോചനവും സമാധാനവും അവർക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അവർ എല്ലാ തിന്മകളിലുംനിന്നു ശുദ്ധീകൃതരാകുന്നതോടൊപ്പം ഉറച്ചമനസ്സോടെ അങ്ങയെ ശുശ്രൂഷിക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

7. കർത്താവേ, അങ്ങേക്കു വിധേയരായിരിക്കുന്ന ഈ ജനത്തെ സ്വർഗീയകൃപയാൽ അഭിവൃദ്ധമാക്കുകയും അങ്ങയുടെ കല്പനകൾ എപ്പോഴും അനുവർത്തിക്കാൻ ഇടയാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

8. ദൈവമേ, അങ്ങയുടെ ജനത്തോടു കരുണയായിരിക്കണമേ. അങ്ങനെ സകല തിന്മകളിലുംനിന്നു മോചിതരായി മുഴുഹൃദയത്തോടെ അങ്ങേക്ക് സേവനംചെയ്യാനും അങ്ങയുടെ നിരന്തര സംരക്ഷണത്തിൽ ഉറച്ചുനില്ക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

9. ദൈവമേ, അങ്ങയുടെ ജനം അവർ ആഘോഷിക്കുന്ന മാനവപരിത്രാണരഹസ്യങ്ങളിൽ അനവരതം ഒരുമിച്ച് ആനന്ദിക്കാനും അങ്ങയുടെ ദാനങ്ങൾ നിരന്തരം സ്വായത്തമാക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

10. കർത്താവേ, അങ്ങയുടെ കാരുണ്യത്തിന്റെ നിറവിൽനിന്ന് ഈ ദാസർക്ക് സമൃദ്ധി നല്കുകയും സുരക്ഷ പ്രദാനംചെയ്യുകയും ചെയ്യണമേ. അങ്ങനെ അവർ അങ്ങയുടെ അനുഗ്രഹങ്ങളാൽ. ശക്തിപ്രാപിച്ച് എപ്പോഴും എല്ലാ കൃതജ്ഞതാപ്രകാശനത്തിലും സമൃദ്ധരാകാനും നിരന്തരം അങ്ങയെ വാഴ്ത്തിപ്പുകഴ്ത്താനും ഇട യാക്കണമേ. കർത്താവായ ക്രിസ്തുവഴി...

11. കർത്താവേ, നിരന്തര കാരുണ്യത്താൽ അങ്ങയുടെ കുടും ബത്തെ കാത്തുപാലിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അങ്ങയുടെ സംരക്ഷണത്താൽ ഇവർ എല്ലാ അസ്വസ്ഥ തകളിലുംനിന്നു മോചിതരാവുകയും സത്പ്രവൃത്തികളിൽ അങ്ങ യുടെ നാമത്തിന് സമർപ്പിതരാവുകയും ചെയ്യുമാറാകണമേ. കർത്താവായ ക്രിസ്തുവഴി...

12. കർത്താവേ, അങ്ങയുടെ വിശ്വാസികളെ ശരീരത്തിലും മന സ്സിലും ഒന്നുപോലെ ശുദ്ധീകരിക്കണമേ. അങ്ങനെ അങ്ങയുടെ പ്രചോദനത്താൽ, പശ്ചാത്തപിച്ചുകൊണ്ട് ദോഷകരമായ സുഖ സന്തോഷങ്ങൾ പരിത്യജിക്കാൻ പ്രാപ്തരാകാനും അങ്ങയുടെ മാധുര്യത്താൽ പരിപുഷ്ടരാകാനും ഇവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

13. സകല മനസ്സുകളെയും ആധ്യാത്മികപോഷണത്താൽ ക്രമ പ്പെടുത്തുന്ന കർത്താവേ, പരിശുദ്ധമായ ആശീർവാദത്തിന്റെ ഫലം അങ്ങയുടെ വിശ്വാസികൾക്ക് അനുഭവവേദ്യമാക്കണമേ. അങ്ങനെ അവരുടെ കടമകൾ നിർവഹിക്കാൻ അങ്ങേ സ്നേഹ ത്തിന്റെ ശക്തിയാൽ അവരെ പ്രബലരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

14. കർത്താവേ, അങ്ങയുടെ നാമത്തിന് സമർപ്പിക്കപ്പെട്ട വിശ്വാ സികളുടെ ഹൃദയങ്ങൾ അങ്ങയുടെ സഹായത്തിനായ് അപേ ക്ഷിക്കുന്നു. അങ്ങയെക്കൂടാതെ നീതിയായവ ഒന്നും ചെയ്യാൻ സാധിക്കാത്തതുകാരണം, അങ്ങയുടെ കാരുണ്യം വർഷിച്ച് അവർ,

ശരിയായവ ഗ്രഹിക്കാനും ആവശ്യമായതെല്ലാം സ്വീകരിക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

15. കർത്താവേ, അങ്ങയോട് കേണപേക്ഷിക്കുന്ന വിശ്വസ്ത ജനത്തെ സഹായിക്കാൻ വരുകയും മാനുഷികബലഹീനതയിൽ അവരെ ദയാപൂർവം ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ ആത്മാർഥമനസ്സോടെ അങ്ങേക്ക് സമർപ്പിതരായി ഇന്നത്തേതും വരാനിരിക്കുന്നതുമായ ജീവിതത്തിന്റെ ശാന്തി അനുഭവിക്കാൻ ഇടയാക്കണമേ. കർത്താവയ ക്രിസ്തുവഴി...

16. കർത്താവേ, അങ്ങയുടെ കുടുംബത്തെ ദയാപൂർവം തൃക്കൺ പാർക്കുകയും വിളിച്ചപേക്ഷിക്കുന്നവരുടെമേൽ നിരന്തരം കാരുണ്യം വർഷിക്കുകയും ചെയ്യണമേ. അങ്ങനെ അങ്ങയുടെ കാരുണ്യമില്ലാതെ അങ്ങേക്ക് ഉചിതമായതൊന്നും നേരാംവണ്ണം നിർവഹിക്കാൻ കഴിയാത്ത അവർ, അതുവഴി രക്ഷാകരമായ കല്പനകൾ അനുവർത്തിക്കാൻ പ്രാപ്തരാകട്ടെ. കർത്താവായ ക്രിസ്തുവഴി...

17. കർത്താവേ, അധരങ്ങൾകൊണ്ടും മനസ്സുകൊണ്ടും ജീവിതംകൊണ്ടും അങ്ങയെ സ്തുതിക്കുന്ന അങ്ങേ വിശ്വാസികളിൽ സ്വർഗീയവരപ്രസാദം വർധിപ്പിക്കണമേ. അങ്ങയുടെ ദാനത്താലാണ് ഞങ്ങൾ ആയിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾ ജീവിക്കുന്നതും അങ്ങയ്ക്കുവേണ്ടിയായിരിക്കട്ടെ. കർത്താവായ ക്രിസ്തുവഴി...

18. കർത്താവേ, സ്വർഗീയശിക്ഷണത്താൽ അങ്ങയുടെ ജനത്തെ പ്രബുദ്ധരാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അവർ സകല തിന്മയും പരിത്യജിച്ച് സർവനന്മയും പിന്തുടർന്നുകൊണ്ട് അങ്ങയുടെ കോപത്തിനു പകരം കാരുണ്യം സദാ സംപ്രാപിക്കാൻ ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

19. കർത്താവേ, അങ്ങയോടു കേണപേക്ഷിക്കുന്നവർക്ക് അങ്ങ് സമീപസ്ഥനായിരിക്കുകയും അങ്ങയുടെ കാരുണ്യത്തിൽ പ്രത്യാശ വച്ചിരിക്കുന്നവരെ ദയാപൂർവം സംരക്ഷിക്കുകയും ചെയ്യണമേ. അങ്ങനെ അവർ പരിശുദ്ധമായ സംസർഗത്തിൽ വിശ്വസ്തതയോടെ നിലനില്ക്കാനും ഭൗതികസംതൃപ്തി നേടിയശേഷം നിത്യമായി അങ്ങയുടെ വാഗ്ദാനങ്ങൾക്ക് അവകാശികളായി പൂർണത പ്രാപിക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

20. കർത്താവേ, അങ്ങയെ വിളിച്ചപേക്ഷിക്കുന്ന അങ്ങേ ജനത്തിന്റെമേൽ അങ്ങേ കാരുണ്യത്തിന്റെ കൃപ ചൊരിയണമേ. അങ്ങനെ സ്രഷ്ടാവായ അങ്ങാൽ രൂപീകരിക്കപ്പെട്ടും ഉടയവനായ അങ്ങാൽ നവീകരിക്കപ്പെട്ടും അങ്ങയുടെ നിരന്തരപ്രവർത്തനത്താൽ അവർ രക്ഷിക്കപ്പെടുമാറാകട്ടെ. കർത്താവായ ക്രിസ്തുവഴി...

21. കർത്താവേ, അങ്ങയുടെ വിശ്വസ്തജനം അങ്ങയുടെ കാരുണ്യത്തിന്റെ പ്രചോദനത്താൽ അഭിവൃദ്ധിപ്പെടാനും ആത്മാർഥമായ പശ്ചാത്താപത്താൽ നയിക്കപ്പെട്ട് അങ്ങ് കല്പിക്കുന്നവ സന്തോഷത്തോടെ നിർവഹിക്കാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അങ്ങു വാഗ്ദാനംചെയ്യുന്നവ അവർ സ്വീകരിക്കുമാറാകട്ടെ. കർത്താവായ ക്രിസ്തുവഴി...

22. കർത്താവേ, അങ്ങേക്കു സമർപ്പിതരായ ജനത്തിന്റെ ബലഹീനത അങ്ങയുടെ സഹതാപം വർധിപ്പിക്കാനും വിശ്വാസത്തോടെയുള്ള അവരുടെ പ്രാർഥന അങ്ങയുടെ കാരുണ്യം നേടാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അവരുടെ യോഗ്യതകളാൽ നേടാൻ കഴിയാത്തവ, അങ്ങയുടെ ഉദാരമായ കനിവാൽ അവർ അനുഭവിക്കുമാറാകട്ടെ. കർത്താവായ ക്രിസ്തുവഴി...

23. കർത്താവേ, മക്കളുടെ സുരക്ഷയ്ക്കായി അങ്ങയുടെ മഹിമയുടെ വലത്തുകരം നീട്ടണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ അങ്ങയുടെ പിതൃസഹജമായ തിരുവുള്ളം അനുസരിച്ചുകൊണ്ട് അങ്ങയുടെ കാരുണ്യത്തിന്റെ നിരന്തരസംരക്ഷണം അവർ അനുഭവിക്കുമാറാകട്ടെ. കർത്താവായ ക്രിസ്തുവഴി...

24. കർത്താവേ, അങ്ങയുടെ കുടുംബത്തിന്റെ അപേക്ഷകൾ തൃക്കൺപാർക്കുകയും അവർ പ്രാർഥനാപൂർവ്വം യാചിക്കുന്ന സഹായം നല്കുകയും ചെയ്യണമേ. അങ്ങനെ അങ്ങയുടെ ആവശ്യാനുസരണമുള്ള സഹായത്താൽ ശക്തിപ്രാപിച്ച് അവർ അങ്ങയുടെ നാമം പ്രഖ്യാപിക്കുന്നതിൽ സ്ഥിരതയോടെ നിലനില്ക്കാൻ ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

25. കർത്താവേ, അങ്ങയുടെ കുടുംബത്തെ സംരക്ഷിക്കുകയും അങ്ങേ കാരുണ്യത്തിന്റെ സമൃദ്ധി അവർക്ക് ദയാപൂർവം നല്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. അങ്ങനെ സ്വർഗീയപ്രബോധനങ്ങളാലും ദാനങ്ങളാലും അവർ അഭിവൃദ്ധിപ്പെടാൻ ഇടയാകട്ടെ. കർത്താവായ ക്രിസ്തുവഴി...

26. കർത്താവേ, അങ്ങയുടെ വലത്തുകരത്താൽ താങ്ങിനിറുത്തപ്പെട്ട അങ്ങയുടെ വിശ്വസ്തജനം ആനന്ദിക്കുകയും ക്രിസ്തീയ ജീവിതത്തിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് ഇന്നത്തെയും ഭാവിയിലെയും നന്മകളിൽ ആഹ്ലാദിക്കുകയും ചെയ്യാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി...

## വിശുദ്ധരുടെ തിരുനാളുകളിൽ

27. കർത്താവേ, ക്രൈസ്തവജനത അങ്ങേ പുത്രന്റെ മൗതിക ശരീരത്തിലെ വിശിഷ്ടാംഗങ്ങളുടെ മഹത്ത്വീകരണത്തിൽ ആഹ്ലാദിക്കാനും അവരുടെ തിരുനാളിൽ അങ്ങേക്ക് സമർപ്പിതരായി അവരുടെ നിത്യമായ ഓഹരിയിൽ പങ്കുകാരാകാനും അങ്ങയുടെ മഹത്ത്വത്തിൽ നിരന്തരം അവരോടൊത്ത് സന്തോഷിക്കാനും ഇടയാക്കണമേ. കർത്താവായ ക്രിസ്തുവഴി...

28. കർത്താവേ, അങ്ങയുടെ ജനത്തിന്റെ ഹൃദയങ്ങൾ അങ്ങിലേക്കു തിരിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു. വിശുദ്ധരുടെ മഹത്തായ മാധ്യസ്ഥ്യത്താൽ അങ്ങ് അവരെ സഹായിക്കുന്നതുപോലെ, നിത്യമായ സംരക്ഷണം നല്കി അവരെ നയിക്കുന്നതിൽനിന്ന് വിരമിക്കുകയും ചെയ്യരുതേ. കർത്താവായ ക്രിസ്തുവഴി...

# ഒരു ശുശ്രൂഷകനോടുകൂടെയുള്ള
# ദിവ്യപൂജക്രമം

# പ്രാരംഭകർമങ്ങൾ

1. പുരോഹിതൻ ശുശ്രൂഷകനോടുകൂടെ അൾത്താരയെ സമീപിക്കുകയും ശുശ്രൂഷകനോടൊപ്പം പ്രണമിച്ചുകൊണ്ട് അൾത്താരയെ ചുംബിക്കുകയും പീഠത്തിലേക്ക് പോവുകയും ചെയ്യുന്നു.

തുടർന്ന് ശുശ്രൂഷകൻ അഥവാ പുരോഹിതൻതന്നെ പ്രവേശനപ്രഭണിതം ഉച്ചരിക്കുന്നു. അതിനുശേഷം, പുരോഹിതനും ശുശ്രൂഷിയും നിന്നുകൊണ്ട് കുരിശടയാളം വരയ്ക്കുമ്പോൾ പുരോഹിതൻ ശുശ്രൂഷകന്റെ നേരെ തിരിഞ്ഞ്, പറയുന്നു:

**പി**താവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

ശുശ്രൂഷകൻ :

ആമേൻ

2. അനന്തരം പുരോഹിതൻ ശുശ്രൂഷകന്റെ നേരേതിരിഞ്ഞ്, കൈകൾ വിരിച്ച്, അഭിവാദ്യം ചെയ്തുകൊണ്ടുപറയുന്നു:

**ക**ർത്താവു നിങ്ങളോടുകൂടെ

ശുശ്രൂഷകൻ :

അങ്ങയുടെ ആത്മാവോടുംകൂടെ

ദിവ്യപൂജക്രമത്തിൽ കാണുന്നതുപോലെ മറ്റ് അഭിവാദ്യരൂപങ്ങളും ഉപയോഗിക്കാവുന്നതാണ്. (p...)

3. അനന്തരം പുരോഹിതനും ശുശ്രൂഷകനും ഒരുമിച്ച് പൊതുവായ അനുതാപപ്രകരണം ചൊല്ലുന്നു:

സർവശക്തനായ ദൈവത്തോടും സഹോദരരേ, നിങ്ങളോടും ഞാൻ ഏറ്റുപറയുന്നു:/ എന്തെന്നാൽ, വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും/ ഞാൻ വളരെയേറെ പാപം ചെയ്തുപോയി;

നെഞ്ചിലടിച്ചുകൊണ്ട് പറയുന്നു

എന്റെ പിഴ,/ എന്റെ പിഴ,/ എന്റെ വലിയ പിഴ.

അതിനുശേഷം തുടരുന്നു :

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും/ എല്ലാ മാലാഖമാരോടും വിശുദ്ധരോടും/ സഹോദരരേ, നിങ്ങളോടും ഞാൻ അപേക്ഷിക്കുന്നു:/ എനിക്കുവേണ്ടി നമ്മുടെ കർത്താവായ ദൈവത്തോടു പ്രാർഥിക്കണമേ.

തുടർന്ന്, പുരോഹിതൻ പാപമോചനപ്രാർഥന ചൊല്ലുന്നു:

സർവശക്തനായ ദൈവം കനിഞ്ഞ്, നമ്മുടെ പാപങ്ങൾ പൊറുത്ത്, നമ്മെ നിത്യജീവിതത്തിലേക്കു നയിക്കുമാറാകട്ടെ.

ശുശ്രൂഷകൻ :

ആമേൻ.

ദിവ്യപൂജക്രമത്തിൽ കാണുന്നപോലെ, അനുതാപകർമത്തിന്റെ മറ്റു രൂപങ്ങളും ഉപയോഗിക്കാവുന്നതാണ്. (p...)

4. കർത്താവേ, കനിയണമേ പ്രകരണങ്ങൾ തുടർന്നു വരുന്നു. പുരോഹിതനും ശുശ്രൂഷകനും അവ മാറി മാറി ചൊല്ലുന്നു:

പുരോ : കർത്താവേ, കനിയണമേ. ശുശ്രൂ : കർത്താവേ, കനിയണമേ.
പുരോ : ക്രിസ്തുവേ, കനിയണമേ. ശുശ്രൂ : ക്രിസ്തുവേ, കനിയണമേ.
പുരോ : കർത്താവേ, കനിയണമേ. ശുശ്രൂ : കർത്താവേ, കനിയണമേ.

5. പിന്നീട്, നിർദേശിച്ചിരിക്കുന്നതനുസരിച്ച് പുരോഹിതനും ശുശ്രൂഷകനുമൊരുമിച്ച് "അത്യുന്നതങ്ങളിൽ" എന്ന ഗീതം ചൊല്ലുന്നു.

6. ഈ ഗീതം അവസാനിക്കുമ്പോൾ പുരോഹിതൻ കൈകൾകൂപ്പി ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം

അല്പസമയം മൗനമായി പ്രാർഥിച്ചശേഷം പുരോഹിതൻ കൈകൾ വിരിച്ച് സമിതിപ്രാർഥന ചൊല്ലുന്നു. പ്രാർഥനയുടെ അവസാനത്തിൽ ശുശ്രൂഷകൻ ഉദ്ഘോഷിക്കുന്നു.

ആമേൻ.

## വചനപ്രഘോഷണകർമം

7. അനന്തരം ശുശ്രൂഷകനോ പുരോഹിതനോ ഒന്നാമത്തെ പാഠകവും പ്രതിവചനസങ്കീർത്തനവും ആവശ്യമെങ്കിൽ രണ്ടാമത്തെ പാഠകവും തുടർന്നു വരുന്ന ഗീതകവും വായിക്കുന്നു.

8. അനന്തരം, പുരോഹിതൻ അൾത്താരയുടെ മുമ്പിൽ കുമ്പിട്ടുകൊണ്ട് സ്വഗതമായി ചൊല്ലുന്നു:

സർവശക്തനായ ദൈവമേ, അങ്ങയുടെ വിശുദ്ധസുവിശേഷം യഥായോഗ്യം പ്രഘോഷിക്കുന്നതിന് എന്റെ ഹൃദയത്തെയും അധരങ്ങളെയും ശുദ്ധീകരിക്കണമേ.

9. അനന്തരം കൈകൾ കൂപ്പിക്കൊണ്ടു പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ശുശ്രൂഷകൻ :

അങ്ങയുടെ ആത്മാവോടുംകൂടെ.

പുരോഹിതൻ പുസ്തകത്തിലും സ്വന്തം നെറ്റിയിലും അധരങ്ങളിലും മാറിടത്തിലും കുരിശടയാളം വരച്ചുകൊണ്ടു പറയുന്നു:

......ന്റെ (യുടെ) വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന

തത്സമയം അദ്ദേഹം ഗ്രന്ഥത്തിലും നെറ്റിയിലും അധരങ്ങളിലും നെഞ്ചിലും കുരിശടയാളം വരയ്ക്കുന്നു.

ശുശ്രൂഷകൻ ഉദ്ഘോഷിക്കുന്നു:

കർത്താവേ, അങ്ങേക്കു മഹത്ത്വം.

അനന്തരം പുരോഹിതൻ സുവിശേഷം പ്രഘോഷിക്കുന്നു. അതിന്റെ അവസാനം പുരോഹിതൻ ഉദ്ഘോഷിക്കുന്നു:

കർത്താവിന്റെ സുവിശേഷം

ശുശ്രൂഷകൻ പ്രത്യുത്തരിക്കുന്നു:

ക്രിസ്തുവേ, അങ്ങേക്കു സ്തുതി.

തുടർന്ന് ഗ്രന്ഥം ചുംബിച്ചുകൊണ്ട് അദ്ദേഹം സ്വഗതമായി ഇപ്രകാരം പറയുന്നു:

സുവിശേഷവചനങ്ങളാൽ നമ്മുടെ പാപങ്ങൾ മായ്ക്കപ്പെടട്ടെ.

10. വിശ്വാസപ്രമാണം ചൊല്ലേണ്ടതുണ്ടെങ്കിൽ, പുരോഹിതനും ശുശ്രൂഷകനും ഒരുമിച്ച് അതു ചൊല്ലുന്നു.

11. സാർവത്രികപ്രാർഥന അഥവാ വിശ്വാസികളുടെ പ്രാർഥന തുടർന്നു ചൊല്ലാവുന്നതാണ്. ഇതിൽ ആമുഖവും സമാപനവും പുരോഹിതനും നിയോഗങ്ങൾ ശുശ്രൂഷകനും നടത്തുന്നു.

## സ്തോത്രയാഗകർമം

12. ദിവ്യബലിയുടെ ആരംഭത്തിൽ നടത്തിയിട്ടില്ലെങ്കിൽ, ശുശ്രൂഷകൻ തിരുശീല, മാർജനശീല, പാനപാത്രം എന്നിവ അൾത്താരയിൽ വയ്ക്കുന്നു. പുരോഹിതൻ അൾത്താരയുടെ മധ്യഭാഗത്തേക്കു പോകുന്നു.

13. പുരോഹിതൻ അൾത്താരയുടെ മധ്യഭാഗത്ത്, തളികയിൽ അപ്പമെടുത്ത്, അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ജീവന്റെ ഭോജനമായിത്തീരാനുള്ള, ഭൂമിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ, ഈ അപ്പം ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്, സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

പുരോഹിതൻ അപ്പത്തോടുകൂടെ തളിക തിരുശീലയിൽ വയ്ക്കുന്നു.

അവസാനം ശുശ്രൂഷൻ ഉദ്ഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

14. പുരോഹിതൻ പാനപാത്രത്തിൽ വീഞ്ഞും അല്പം വെള്ളവും ഒഴിച്ചുകൊണ്ട് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

ഈ വെള്ളത്തിന്റെയും വീഞ്ഞിന്റെയും രഹസ്യംവഴി ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ പങ്കാളിയാകാൻ തിരുവുള്ളമായ അവിടത്തെ ദിവ്യപ്രകൃതിയിൽ ഞങ്ങളും പങ്കാളികളാകുമാറാകട്ടെ.

15. പുരോഹിതൻ പാനപാത്രമെടുത്ത് അത് ഇരു കരങ്ങളുംകൊണ്ട് അല്പം ഉയർത്തിപ്പിടിച്ച് ചൊല്ലുന്നു:

കർത്താവേ, അങ്ങയുടെ ഔദാര്യത്താലാണല്ലോ ഞങ്ങൾക്ക് ആത്മീയപാനീയമായിത്തീരാനുള്ള, മുന്തിരിവള്ളിയുടെയും മനുഷ്യപ്രയത്നത്തിന്റെയും ഫലമായ, ഈ വീഞ്ഞ് ഞങ്ങൾ സ്വീകരിക്കുകയും അങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നത്. സർവപ്രപഞ്ചത്തിന്റെയും ദൈവമേ, അങ്ങു വാഴ്ത്തപ്പെടട്ടെ.

അനന്തരം തിരുശീലയിൽ പുരോഹിതൻ പാനപാത്രം വയ്ക്കുന്നു. അവസാനം ശുശ്രൂഷകൻ ഉദ്ഘോഷിക്കുന്നു:

ദൈവം എന്നെന്നും വാഴ്ത്തപ്പെടട്ടെ.

16. അനന്തരം പുരോഹിതൻ കുമ്പിട്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, എളിമയുടെ അരൂപിയും അനുതപിക്കുന്ന ഹൃദയവുമുള്ള ഞങ്ങളെ അങ്ങ് സ്വീകരിക്കണമേ. അങ്ങനെ, കർത്താവായ ദൈവമേ, ഇന്ന് അങ്ങയുടെ തിരുമുമ്പിൽ ഞങ്ങളുടെ ബലി അങ്ങേക്ക് പ്രീതികരമായിത്തീരട്ടെ.

17. അനന്തരം പുരോഹിതൻ അൾത്താരയുടെ ഒരു വശത്തുനിന്ന് കൈകൾ കഴുകിക്കൊണ്ട് സ്വഗതമായി ചൊല്ലുന്നു:

കർത്താവേ, എന്റെ മാലിന്യത്തിൽനിന്ന് എന്നെ കഴുകുകയും പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കുകയും ചെയ്യണമേ.

18. അൾത്താരയുടെ മധ്യഭാഗത്ത്, ശുശ്രൂഷകന്റെ നേർക്കു തിരിഞ്ഞുനിന്ന്, പുരോഹിതൻ കൈകൾ വിരിക്കുകയും കൂപ്പുകയും ചെയ്തുകൊണ്ട് ചൊല്ലുന്നു:

സഹോദരരേ, എന്റെയും നിങ്ങളുടെയും ബലി സർവശക്തനും പിതാവുമായ ദൈവത്തിനു സ്വീകാര്യമാകാൻവേണ്ടി പ്രാർഥിക്കുവിൻ.

ശുശ്രൂഷകൻ പ്രത്യുത്തരിക്കുന്നു:

കർത്താവ് തന്റെ നാമത്തിന്റെ സ്തുതിക്കും മഹിമയ്ക്കും നമ്മുടെയും അവിടത്തെ സാർവത്രികവിശുദ്ധസഭയുടെയും നന്മയ്ക്കുമായി, അങ്ങയുടെ കരങ്ങളിൽനിന്ന് ഈ ബലി സ്വീകരിക്കുമാറാകട്ടെ.

അനന്തരം പുരോഹിതൻ, കൈകൾ വിരിച്ചുകൊണ്ട് നൈവേദ്യ പ്രാർഥന ചൊല്ലുന്നു. അതിന്റെ അവസാനം ശുശ്രൂഷകൻ പ്രഘോഷിക്കുന്നു:

ആമേൻ.

19. അനന്തരം പുരോഹിതൻ നിർദേശങ്ങളനുസരിച്ച് സ്തോത്രയാഗപ്രാർഥന ചൊല്ലുന്നു (p...).

20. സ്തോത്രയാഗപ്രാർഥനയുടെ അവസാനം സമാപന സ്തോത്രഗീതം കഴിഞ്ഞ്, പാനപാത്രവും തളികയും അൾത്താരയിൽ വച്ചശേഷം, പുരോഹിതൻ കൂപ്പുകൈകളോടെ ചൊല്ലുന്നു:

രക്ഷാകരമായ കല്പനകളാൽ ഉദ്ബോധിതരായും ദിവ്യോപദേശത്താൽ രൂപീകൃതരായും നിർഭയം നമുക്ക് ഏറ്റുചൊല്ലാം:

അദ്ദേഹം കൈകൾ വരിച്ചുകൊണ്ട്, ശുശ്രൂഷകനോടുചേർന്ന് തുടരുന്നു:

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,/ അങ്ങയുടെ നാമം പൂജിതമാകണമേ;/ അങ്ങയുടെ രാജ്യം വരണമേ;/ അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ./ അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ;/ ഞങ്ങളോടു തെറ്റുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നപോലെ,/ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ;/ തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ.

21. പുരോഹിതൻമാത്രം കൈകൾ വിരിച്ചുകൊണ്ടു തുടരുന്നു:

**ക**ർത്താവേ, എല്ലാ തിന്മകളിലുംനിന്നു ഞങ്ങളെ മോചിപ്പിക്കണമേ; ഞങ്ങളുടെ ദിനങ്ങളിൽ സമാധാനം കനിവാർന്നു നല്കണമേ. അനുഗ്രഹപൂർണമായ പ്രത്യാശയും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ആഗമനവും പ്രതീക്ഷിച്ചുകൊണ്ട്, അങ്ങേ കരുണയുടെ സഹായത്താൽ ശക്തിപ്രാപിച്ച് ഞങ്ങളെപ്പോഴും പാപത്തിൽനിന്ന് മോചിതരാകുകയും എല്ലാ വിപത്തുകളിലുംനിന്ന് സുരക്ഷിതരാകുകയും ചെയ്യുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

ശുശ്രൂഷകൻ പ്രഘോഷിക്കുന്നു:

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു.

22. കൈകൾ വിരിച്ചുകൊണ്ട്, പുരോഹിതൻ ഉയർന്നസ്വരത്തിൽ ചൊല്ലുന്നു:

"**സ**മാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു" എന്ന് അങ്ങയുടെ അപ്പസ്തോലന്മാരോട് അരുൾചെയ്ത കർത്താവായ യേശുക്രിസ്തുവേ, ഞങ്ങളുടെ പാപങ്ങളല്ല, പിന്നെയോ അങ്ങേ സഭയുടെ വിശ്വാസം തൃക്കൺപാർത്ത്, അങ്ങയുടെ തിരുവുള്ളമനുസരിച്ച് സഭയ്ക്ക് സമാധാനവും ഐക്യവും നല്കാൻ കനിയണമേ.

കൈകൾ കൂപ്പുന്നു.

എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങ് ഈ പ്രാർഥന കേട്ടരുളണമേ.

ശുശ്രൂഷകൻ പ്രത്യുത്തരിക്കുന്നു:

ആമേൻ.

23. പുരോഹിതൻ ശുശ്രൂഷകന്റെ നേരേ കൈകൾ വിരിച്ചുകൊണ്ട്, വീണ്ടും കൈകൾ കൂപ്പിക്കൊണ്ട് ചൊല്ലുന്നു:

കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷകൻ പ്രത്യുത്തരിക്കുന്നു :

അങ്ങയുടെ ആത്മാവോടുംകൂടെ.

സന്ദർഭോചിതം പുരോഹിതൻ ശുശ്രൂഷകന് സമാധാനം ആശംസിക്കുന്നു.

24. അനന്തരം, പുരോഹിതൻ തിരുവോസ്തി എടുത്ത് തളികയുടെ മുകളിൽ പിടിച്ചുകൊണ്ട് വിഭജിക്കുന്നു. തത്സമയം ശുശ്രൂഷകൻ ചൊല്ലുന്നു:

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങളിൽ കനിയണമേ. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ, ഞങ്ങൾക്കു സമാധാനം നല്കണമേ.

അനന്തരം, അതിൽനിന്ന് ഒരു ചെറിയകഷണം മുറിച്ചെടുത്ത്, പാനപാത്രത്തിൽ നിക്ഷേപിച്ചുകൊണ്ട് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളുടെ സമ്മിശ്രണം, അവ സ്വീകരിക്കുന്ന നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യുമാറാകട്ടെ.

25. പിന്നീട്, പുരോഹിതൻ കൈകൾകൂപ്പി, താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

കർത്താവായ യേശുക്രിസ്തുവേ, സജീവനായ ദൈവത്തിന്റെ പുത്രാ, പിതാവിന്റെ ഇഷ്ടമനുസരിച്ച്, പരിശുദ്ധാത്മാവിന്റെ സഹകരണത്തോടെ, അങ്ങയുടെ മരണത്താൽ ലോകത്തെ അങ്ങ് ഉജ്ജീവിപ്പിച്ചുവല്ലോ. അങ്ങയുടെ പരിശുദ്ധമായ ഈ ശരീരവും രക്തവുംവഴി എന്നെ എന്റെ എല്ലാ പാപങ്ങളിലും സകല തിന്മകളിലും നിന്ന് മോചിപ്പിക്കണമേ. അങ്ങയുടെ കല്പനകളോട് എന്നെ എപ്പോഴും ചേർത്തുനിർത്താൻ ഇടവരുത്തുകയും അങ്ങിൽനിന്ന് ഒരിക്കലും വേർപെടാതിരിക്കാൻ അനുവദിക്കുകയും ചെയ്യണമേ.

അഥവാ

കർത്താവായ യേശുക്രിസ്തുവേ, അങ്ങയുടെ ശരീരക്തങ്ങളുടെ സ്വീകരണം എനിക്ക് വിധിക്കും ശിക്ഷയ്ക്കും കാരണമാകാതെ, അങ്ങയുടെ കാരുണ്യത്താൽ എനിക്ക് മനസ്സിനും ശരീരത്തിനും സംരക്ഷണവും സ്വീകാര്യമായ ഔഷധവുമായിത്തീരുമാറാകട്ടെ.

26. പുരോഹിതൻ മുട്ടുകുത്തി വണങ്ങിയിട്ട്, തിരുശരീരം എടുത്ത് തളികയുടെ മുകളിൽ അല്പം ഉയർത്തിപ്പിടിച്ച്, ശുശ്രൂഷകന് അഭിമുഖമായി നിന്നുകൊണ്ട് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു:

ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ! ദിവ്യകുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടിരിക്കുന്നവർ ഭാഗ്യവാന്മാർ!

തുടർന്ന്, ശുശ്രൂഷകനോടൊന്നിച്ച് ഒരു പ്രാവശ്യം ചൊല്ലുന്നു:

കർത്താവേ, അങ്ങ് എന്റെ വീട്ടിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല; അങ്ങ് ഒരു വാക്കു പറഞ്ഞാൽ മാത്രംമതി, എന്റെ ആത്മാവു സുഖം പ്രാപിക്കും.

ശുശ്രൂഷകൻ ദിവ്യകാരുണ്യം സ്വീകരിക്കുന്നില്ലെങ്കിൽ പുരോഹിതൻ തിരുവോസ്തി എടുത്തു ബലിപീഠത്തിനുനേർക്കു തിരിഞ്ഞുനിന്നുകൊണ്ടു പറയുന്നു: കർത്താവേ അങ്ങ്...

27. പുരോഹിതൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ ശരീരം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുന്നു.

അനന്തരം പാനപാത്രമെടുത്ത് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു:

ക്രിസ്തുവിന്റെ രക്തം എന്നെ നിത്യജീവിതത്തിനായി സംരക്ഷിക്കട്ടെ.

ഭക്ത്യാദരപൂർവം ക്രിസ്തുവിന്റെ രക്തം ഉൾക്കൊള്ളുന്നു.

28. തത്സമയം ശുശ്രൂഷകൻ ദിവ്യഭോജനപ്രഭണിതം ചൊല്ലുന്നു.

29. ശുശ്രൂഷകൻ ദിവ്യകാരുണ്യം സ്വീകരിക്കുന്നുണ്ടെങ്കിൽ പുരോഹിതൻ തളികയെടുത്ത് തിരുവോസ്തി ശുശ്രൂഷകന്റെ നേരേ അല്പം ഉയർത്തിപ്പിടിച്ചുകൊണ്ടു പറയുന്നു:

ക്രിസ്തുവിന്റെ ശരീരം.

ശുശ്രൂഷകൻ പ്രതിവചിക്കുന്നു:

ആമേൻ.

ദിവ്യകാരുണ്യം സ്വീകരിക്കുന്നു.

30. അനന്തരം പുരോഹിതൻ പാനപാത്രത്തിന്റെ മുകളിൽ പിടിച്ച് തളികയും പാനപാത്രവും ശുദ്ധീകരിക്കുന്നു. ശുശ്രൂഷകൻ പാനപാത്രവും തളികയും തിരുശീലയും മാർജനശീലയും എടുത്ത് വശത്തുള്ള മേശയിൽമേൽ വയ്ക്കുന്നു; അല്ലെങ്കിൽ അൾത്താരയിൽത്തന്നെ വയ്ക്കുന്നു.

ശുദ്ധീകരണസമയത്ത് പുരോഹിതൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു:

കർത്താവേ, ഞങ്ങൾ അധരങ്ങളാൽ സ്വീകരിച്ചത് നിർമല മനസ്സോടെ ഉൾക്കൊള്ളാനും ഞങ്ങൾക്കത് ഭൗതികദാനത്തിൽനിന്ന് നിത്യമായ ഔഷധമായി ഭവിക്കാനും ഇടയാകട്ടെ.

31. അല്പംനേരം നിശ്ശബ്ദത പാലിക്കുന്നു.

32. അനന്തരം പുരോഹിതൻ കൈകൾ കൂപ്പി ചൊല്ലുന്നു:

നമുക്കു പ്രാർഥിക്കാം.

നിശ്ശബ്ദത മുമ്പു നടന്നിട്ടില്ലെങ്കിൽ, അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം പുരോഹിതൻ കൈകൾവിരിച്ച് ദിവ്യഭോജനപ്രാർഥന ചൊല്ലുന്നു. പ്രാർഥനയുടെ അവസാനത്തിൽ ശുശ്രൂഷകൻ പ്രതിവചിക്കുന്നു:

ആമേൻ.

## സമാപനകർമങ്ങൾ

33. അനന്തരം പുരോഹിതൻ ശുശ്രൂഷകന്റെ നേരേ തിരിഞ്ഞ് കൈകൾ വിരിച്ചുകൊണ്ടു പറയുന്നു:

കർത്താവു നിങ്ങളോടുകൂടെ

ശുശ്രൂഷകൻ : അങ്ങയുടെ ആത്മാവോടുംകൂടെ

പുരോഹിതൻ ശുശ്രൂഷകനെ ആശീർവദിച്ചുകൊണ്ടു പറയുന്നു:

**സ**ർവശക്തനായ ദൈവം, പിതാവും പുത്രനും ✠ പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ.

ശുശ്രൂഷകൻ :

ആമേൻ.

34. തുടർന്ന് പുരോഹിതൻ അൾത്താരയെ ചുംബിച്ച് ശുശ്രൂഷകനോടൊപ്പം താണുവണങ്ങി തിരികെപ്പോകുന്നു.

# ദിവ്യപൂജക്രമത്തിന്റെ
# അനുബന്ധം

# സമൂഹ ദിവ്യബലിയിൽ സ്തോത്രയാഗപ്രാർത്ഥന അനുരഞ്ജനം -1 ചൊല്ലേണ്ട രീതി

ആമുഖഗീതിയും കർത്താവേ, സർവ്വശക്തനായ പിതാവേ മുതൽ പ്രവർത്തനനിരതനാണ് എന്നതുവരെയും മുഖ്യകാർമികൻ കൈകൾവിരിച്ചുകൊണ്ട് ചൊല്ലുന്നു.

അങ്ങയുടെ ജനത്തിന്റെ മുതൽ മരണത്തിനേൽപ്പിച്ചുകൊടുത്തു എന്നതുവരെ സഹകാർമികരെല്ലാവരും കാഴ്ചദ്രവ്യങ്ങളുടെമേൽ കൈകൾവിരിച്ചുകൊണ്ട് ചൊല്ലുന്നു.

അങ്ങേ ഉടമ്പടിയുടെ മുതൽ ഏകശരീരമായി ഒന്നിച്ചുചേർക്കണമേ എന്നതുവരെ എല്ലാ സഹകാർമ്മികരും താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ചൊല്ലുന്നു:

a) അങ്ങേ ഉടമ്പടിയുടെ എന്ന ഭാഗത്ത് കൈകൾ കൂപ്പുന്നു

b) കർത്താവിന്റെ പ്രതിഷ്ഠാപനവാക്കുകൾ ഉച്ചരിക്കുമ്പോൾ, ഉചിതമെന്നുവരികിൽ, ഓരോരുത്തരും അപ്പത്തിന്റെയും പാനപാത്രത്തിന്റെയും നേർക്ക് വലത്തുകൈ നീട്ടുന്നു. ആശീർവാദസമയത്ത് തിരുവോസ്തിയും പാനപാത്രവും ഉയർത്തുമ്പോൾ സഹകാർമികർ അവയെ നോക്കുകയും തുടർന്ന് കുമ്പിടുകയും ചെയ്യുന്നു.

c) ആകയാൽ ഞങ്ങളുടെ പെസഹാ കുഞ്ഞാടായ, കരുണാവാരിധിയായ പിതാവേ എന്നീ ഭാഗങ്ങൾ കൈകൾ വിരിച്ച് ചൊല്ലുന്നു.

മദ്ധ്യസ്ഥ്യപ്രാർത്ഥനയായ ഞങ്ങളുടെ പാപ്പയായ എന്ന ഭാഗം സഹകാർമികരിലൊരാൾ കൈകൾ വിരിച്ചു ചൊല്ലുന്നു.

അങ്ങേ ഉടമ്പടിയുടെ, അത്താഴവേളയിൽ, അപ്രകാരംതന്നെ, ആകയാൽ ഞങ്ങളുടെ, കരുണാവാരിധിയായ പിതാവേ, സമാപന സ്തോത്രഗീതം എന്നീ ഭാഗങ്ങൾ ആലപിക്കാവുന്നതാണ്.

സ്തോത്രയാഗപ്രാർഥനയുടെ സമാപന സ്തോത്രഗീതം മുഖ്യകാർമികൻ തനിച്ചോ മുഖ്യകാർമികനോടു ചേർന്ന് സഹകാർമികരെല്ലാവരും ഒരുമിച്ചോ ചൊല്ലാവുന്നതാണ്.

## സ്തോത്രയാഗപ്രാർഥന: അനുരഞ്ജനം -1

ദൈവജനത്തിന്റെ മുമ്പാകെ അനുരഞ്ജനത്തിന്റെ രഹസ്യം അവതരിപ്പിക്കപ്പെടേണ്ട അവസരങ്ങളിൽ, അനുരഞ്ജനത്തിന്റെ സ്തോത്രയാഗ പ്രാർഥനകൾ ഉപയോഗിക്കാവുന്നതാണ്. ഉദാ. ഐകമത്യം വളർത്തൽ, അനുരഞ്ജനം, സമാധാനവും നീതിയും കൈവരിക്കൽ, യുദ്ധം, കലാപം എന്നിവയുടെ കാലം, പാപമോചനം, സ്നേഹം വളർത്തൽ, വിശുദ്ധ കുരിശിന്റെ രഹസ്യം പരിശുദ്ധ ദിവ്യകാരുണ്യം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം എന്നിവ ആഘോഷിക്കുമ്പോൾ ഇവ തപസ്സുകാലത്തെ ദിവ്യപൂജകളിലും ഉപയോഗിക്കാം. ഈ സ്തോത്രയാഗപ്രാർഥനകൾക്ക് ഇവയുടെതന്നെ പ്രത്യേക ആമുഖഗീതികൾ ഉണ്ടെങ്കിലും അനുരഞ്ജനത്തിന്റെയും മാനസാന്തരത്തിന്റെയും ആശയങ്ങളുള്ള തപസ്സുകാലത്തെ ആമുഖഗീതികളും ഉപയോഗിക്കാവുന്നതാണ്.

1. V : കർത്താവു നിങ്ങളോടുകൂടെ.
   R : അങ്ങയുടെ ആത്മാവോടുംകൂടെ
   V : ഹൃദയങ്ങൾ ഉയർത്തുവിൻ.
   R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
   V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
   R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സർവശക്തനും നിത്യനുമായ ദൈവമേ, അങ്ങേക്ക് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവുമാണല്ലോ.

**ഞ**ങ്ങൾ സമൃദ്ധമായി ജീവൻ പ്രാപിക്കേണ്ടതിന് ഞങ്ങളെ പ്രചോദിപ്പിക്കുന്നതിൽനിന്ന് അങ്ങ് വിരമിക്കുന്നില്ല. അങ്ങ് കരുണാസമ്പന്നനായതിനാൽ, ഞങ്ങളോട് നിരന്തരം ക്ഷമ കാണിക്കുകയും അങ്ങുമാത്രം നല്കുന്ന പാപപ്പൊറുതിയിൽ ആശ്രയിക്കാൻ പാപികളെ ക്ഷണിക്കുകയും ചെയ്യുന്നു.

**പ**ലവട്ടം അങ്ങയുടെ ഉടമ്പടി ലംഘിച്ച ഞങ്ങളിൽനിന്ന് ഒരിക്കലും ഒഴിഞ്ഞുമാറാതെ മാനവകുടുംബമായി ഒരിക്കലും വിഭജിക്കപ്പെടാൻ സാധിക്കാത്തവിധം അങ്ങയുടെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ യേശുവഴി അങ്ങയോട് സ്നേഹത്തിന്റെ പുതിയ ശൃംഖലയാൽ ഇത്രയേറെ ദൃഢമായി ചേർത്തൊരുമിപ്പിച്ചുവല്ലോ.

**അ**ങ്ങയുടെ ജനത്തിന് അങ്ങ് ഇപ്പോഴും കൃപയുടെയും അനുരഞ്ജനത്തിന്റെയും അവസരംനല്കുന്നു. ആത്മാവിൽ അങ്ങിലേക്ക് അവർ തിരിച്ചുവരുമ്പോൾ യേശുക്രിസ്തുവിൽ അവർക്ക് അങ്ങ് പ്രത്യാശനല്കുന്നു. പരിശുദ്ധാത്മാവിന് തങ്ങളെത്തന്നെ വിട്ടുകൊടുക്കുമ്പോൾ എല്ലാ മനുഷ്യർക്കും ശുശ്രൂഷ നല്കാനുള്ള കരുത്ത് അങ്ങു നല്കുന്നു.

**ആ**കയാൽ, ആശ്ചര്യഭരിതരായി അങ്ങയുടെ അഗാധ സ്നേഹത്തിന്റെ ശക്തി ഞങ്ങൾ വാഴ്ത്തുകയും രക്ഷയെക്കുറിച്ചുള്ള ഞങ്ങളുടെ സന്തോഷം ഏറ്റുപറയുകയും ചെയ്തുകൊണ്ട് എണ്ണമറ്റ സ്വർഗീയവൃന്ദങ്ങളോടൊപ്പം ഞങ്ങൾ ഗീതമാലപിക്കുകയും അവിരാമം പ്രകീർത്തിക്കുകയും ചെയ്യുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവായ ദൈവം. ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു; ഉന്നതങ്ങളിൽ ഹോസാന. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ. ഉന്നതങ്ങളിൽ ഹോസാന.

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: **ക**ർത്താവേ, അങ്ങ് യഥാർഥത്തിൽ പരിശുദ്ധനാകുന്നു. അങ്ങുതന്നെ പരിശുദ്ധനായിരിക്കുന്നപോലെ, മനുഷ്യരും പരിശുദ്ധരാകാൻ ലോകാരംഭം മുതൽ എല്ലായ്പ്പോഴും അങ്ങ് പ്രവർത്തനനിരതനാണ്.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു.

CC: **അ**ങ്ങയുടെ ജനത്തിന്റെ കാഴ്ചവസ്തുക്കൾ തൃക്കൺ പാർക്കുകയും അവയുടെമേൽ അങ്ങേ ആത്മാവിന്റെ ശക്തി വർഷിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

കൈകൾ കൂപ്പുന്നു.

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

അതുവഴി ഇവ അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

അവിടന്നുവഴിയാണല്ലോ ഞങ്ങളും അങ്ങയുടെ മക്കളായിരിക്കുന്നത്.

ഞങ്ങൾ ഒരിക്കൽ വഴിതെറ്റിയലഞ്ഞ് അങ്ങേപ്പക്കൽ എത്തിച്ചേരാൻ കഴിവില്ലാതിരുന്നപ്പോൾപ്പോലും അങ്ങ് ഞങ്ങളെ അത്യധികം സ്നേഹിച്ചു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ തീർത്തും നീതിമാനായ പുത്രൻ ഞങ്ങൾക്കുവേണ്ടി കുരിശുമരത്തിൽ തറയ്ക്കപ്പെടുന്നത് ഒരു അപമാനമായി കണക്കാക്കാതെ, തന്നത്തന്നെ മരണത്തിന് ഏല്പിച്ചുകൊടുത്തു.

**അ**ങ്ങേ ഉടമ്പടിയുടെ മായാത്ത അടയാളമായിത്തീരാൻ സ്വർഗത്തിന്റെയും ഭൂമിയുടെയും മധ്യേ കരങ്ങൾ വിരിച്ചുപിടിക്കുന്നതിനുമുമ്പ് അവിടന്ന് തന്റെ ശിഷ്യന്മാരോടൊപ്പം പെസഹാ ആഘോഷിക്കാൻ തിരുമനസ്സായി.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപനവചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

**അ**ത്താഴവേളയിൽ

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അവിടന്ന് അപ്പമെടുത്ത് അങ്ങേക്ക് കൃതജ്ഞത പ്രകാശിപ്പിച്ച്, ആശീർവദിച്ച്, മുറിച്ച്, അവർക്കുകൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

**അ**പ്രകാരംതന്നെ, അത്താഴം കഴിഞ്ഞ്, കുരിശിൽ ചിന്തപ്പെടേണ്ട തന്റെ രക്തത്തിലൂടെ സമസ്തവും തന്നിൽ അനുരഞ്ജിപ്പിക്കപ്പെടാൻ പോകുന്നുവെന്നറിഞ്ഞ്, അവിടന്ന്,

പാനപാത്രമെടുത്ത് അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

മുന്തിരിച്ചാറുനിറഞ്ഞ പാനപാത്രമെടുത്ത്, വീണ്ടും അങ്ങേക്കു കൃതജ്ഞതാസ്തോത്രം ചൊല്ലി തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;
എന്തെന്നാൽ, ഇത് നിങ്ങളുടെയും
അനേകരുടെയും പാപങ്ങളുടെ
മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന
നവീനവും സനാതനവുമായ ഉടമ്പടിയുടെ,
എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.
ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനങ്ങൾ പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ/ ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **ആ**കയാൽ, ഞങ്ങളുടെ പെസഹാക്കുഞ്ഞാടും സുനിശ്ചിത സമാധാനവുമായ അങ്ങയുടെ പുത്രൻ യേശുക്രിസ്തുവിനെ ഓർത്തുകൊണ്ട് അവിടത്തെ മരണവും മരിച്ചവരിൽനിന്നുള്ള ഉത്ഥാനവും ഞങ്ങൾ ആഘോഷിക്കുന്നു. അവിടത്തെ അനുഗ്രഹപൂർണമായ ആഗമനം പ്രതീക്ഷിച്ചുകൊണ്ട് മനുഷ്യരെ അങ്ങയോട് അനുരഞ്ജിപ്പിക്കുന്ന ബലി കാരുണ്യവും വിശ്വസ്തതയുംനിറഞ്ഞ ദൈവമായ അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

**ക**രുണാവാരിധിയായ പിതാവേ, അങ്ങേ പുത്രന്റെ ബലിവഴിയായി അങ്ങയോട് ഒന്നിപ്പിക്കുന്നവരെ കാരുണ്യപൂർവം കടാക്ഷിക്കണമേ. ഒരേ അപ്പത്തിലും ഒരേ പാനപാത്രത്തിലും ഭാഗഭാക്കുകളാകുന്നവരെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സകല ഭിന്നതകളുമകറ്റുന്ന ക്രിസ്തുവിൽ ഏകശരീരമായി ഒന്നിച്ചുചേർക്കണമേ.

C1: **ഞ**ങ്ങളുടെ പാപ്പയായ... (പേര്) ടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) ടും* ഒന്നുചേർന്ന് ഞങ്ങളെ എപ്പോഴും മനസ്സിന്റെയും ഹൃദയത്തിന്റെയും ഐക്യത്തിൽ നിലനിർത്താൻ കനിയണമേ. ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും അനുഗൃഹീതരായ അപ്പസ്തോലന്മാരോടും സകല വിശുദ്ധരോടും അങ്ങയുടെ കരുണയ്ക്കായി വിനയപൂർവം ഞങ്ങൾ സമർപ്പിക്കുന്ന ഞങ്ങളുടെ മരണമടഞ്ഞ സഹോദരരോടുമൊപ്പം അങ്ങയുടെ സ്വർഗീയഭവനത്തിൽ വിശുദ്ധരുടെമധ്യേ, അങ്ങയുടെ തിരുമുമ്പിൽ ഞങ്ങൾ വിശുദ്ധരായി നില്ക്കുന്നതുവരെ അങ്ങേ രാജ്യത്തിന്റെ ആഗമനം പ്രതീക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമേ.

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

**അ**ങ്ങനെ, ഒടുവിൽ, ജീർണതയുടെ ക്ഷതത്തിൽനിന്നു വിമുക്തരായി പൂർണമായും നവസൃഷ്ടികളാക്കപ്പെട്ട് എന്നെന്നും ജീവിക്കുന്ന അങ്ങയുടെ ക്രിസ്തുവിന്റെ കൃതജ്ഞതാഗീതം സന്തോഷപൂർവം അങ്ങേക്കായി ഞങ്ങൾ ആലപിക്കുകയും,

കൈകൾ കൂപ്പുന്നു.

ചെയ്യുമാറാകട്ടെ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം പ്രതിവചിക്കുന്നു:

ആമേൻ.

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമ്മം നടക്കുന്നു. (p...)

# സമൂഹ ദിവ്യബലിയിൽ സ്തോത്രയാഗപ്രാർഥന അനുരഞ്ജനം -2 ചൊല്ലേണ്ട രീതി

ആമുഖഗീതിയും സർവശക്തനായ പിതാവേ മുതൽ സ്നേഹിക്കാൻ ഇടയാക്കി എന്നതുവരെയും മുഖ്യകാർമ്മികൻ മാത്രം കൈകൾ വിരിച്ച് ചൊല്ലുന്നു.

ക്രിസ്തു ഞങ്ങൾക്ക് മുതൽ ഞങ്ങൾ പൂർത്തിയാക്കുന്നത് എന്നതുവരെ സഹകാർമ്മികരെല്ലാവരും കാഴ്ചദ്രവ്യങ്ങളുടെമേൽ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു.

എന്തെന്നാൽ, ഞങ്ങളെ മുതൽ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു എന്നതുവരെ എല്ലാ സഹകാർമ്മികരും താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ചൊല്ലുന്നു:

a) എന്തെന്നാൽ, ഞങ്ങളെ എന്ന ഭാഗത്തു കൈകൾ കൂപ്പുന്നു.

b) കർത്താവിന്റെ പ്രതിഷ്ഠാപനവാക്കുകൾ ഉച്ചരിക്കുമ്പോൾ, ഉചിതമെന്നുവരികിൽ, ഓരോരുത്തരും അപ്പത്തിന്റെയും പാനപാത്രത്തിന്റെയും നേർക്ക് വലത്തുകൈ നീട്ടുന്നു. ആശീർവാദസമയത്ത് തിരുവോസ്തിയും പാനപാത്രവും ഉയർത്തുമ്പോൾ സഹകാർമികർ അവയെ നോക്കുകയും തുടർന്ന് കുമ്പിടുകയും ചെയ്യുന്നു.

c) അതിനാൽ, അങ്ങേപുത്രന്റെ എന്ന ഭാഗം കൈകൾ വിരിക്കുന്നു.

മദ്ധ്യസ്ഥപ്രാർത്ഥനകളായ പരിശുദ്ധനായ പിതാവേ ഉം അങ്ങേപുത്രന്റെ ഈ മേശയ്ക്കു എന്നീ ഭാഗങ്ങൾ ഒരാളോ ഒന്നിൽ കൂടുതലോ കൈകൾ വിരിച്ച് ചൊല്ലുന്നു.

ക്രിസ്തു ഞങ്ങൾക്ക് നടത്തിത്തന്ന, എന്തെന്നാൽ, ഞങ്ങളെ മോചിപ്പിക്കാൻ, അപ്രകാരം ആ സായാഹ്നത്തിൽത്തന്നെ അതിനാൽ, അങ്ങേപുത്രന്റെ സമാപനസ്തോത്രഗീതം എന്നീ ഭാഗങ്ങൾ ആലപിക്കാവുന്നതാണ്.

സ്തോത്രയാഗപ്രാർഥനയുടെ സമാപന സ്തോത്രഗീതം മുഖ്യകാർമികൻ തനിച്ചോ മുഖ്യകാർമികനോടു ചേർന്ന് സഹകാർമികരെല്ലാവരും ഒരുമിച്ചോ ചൊല്ലാവുന്നതാണ്.

## സ്തോത്രയാഗപ്രാർഥന: അനുരഞ്ജനം -2

1. V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ദൈ**വമേ, സർവശക്തനായ പിതാവേ, ഈ പ്രപഞ്ചത്തിലെ അങ്ങയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവഴി, കൃതജ്ഞതയും സ്തുതികളും അർപ്പിക്കുന്നത് ഉചിതവും ന്യായവുമാണല്ലോ. എന്തെന്നാൽ, മനുഷ്യവംശം സംഘർഷത്താലും ഭിന്നതയാലും വിഭജിതമാണെങ്കിലും അങ്ങ് മനുഷ്യമനസ്സുകളെ അനുരഞ്ജനത്തിനൊരുക്കി പരിവർത്തനം ചെയ്യുന്നുവെന്ന് ഞങ്ങൾ അനുഭവിച്ചറിയുന്നു. ശത്രുക്കൾ വീണ്ടും സംസർഗത്തിലേർപ്പെടാനും എതിരാളികൾ കൈകൾ കോർക്കാനും ജനതകൾ ഒന്നായിത്തീരാനാഗ്രഹിക്കാനും ആത്മാവുവഴി അങ്ങ് മനുഷ്യഹൃദയങ്ങളെ തീവ്രമായി പ്രചോദിപ്പിക്കുന്നു.

**ക**ർത്താവേ, അങ്ങേ ശക്തിയുടെ പ്രവർത്തനത്താൽ വിദ്വേഷം സ്നേഹത്താൽ കീഴടക്കപ്പെടുകയും പ്രതികാരം ക്ഷമയ്ക്കു വഴിമാറുകയും ഭിന്നത പരസ്പരസ്നേഹമായി മാറുകയും ചെയ്യുന്നു.

**ആ**കയാൽ, സ്വർഗീയഗണങ്ങളോടുചേർന്ന് അവിരാമം അങ്ങേക്ക് കൃതജ്ഞതയർപ്പിച്ചുകൊണ്ട് അങ്ങയുടെ വൈഭവം ഈ ഭൂമിയിൽ നിരന്തരം ഞങ്ങൾ പ്രകീർത്തിക്കുന്നു.

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: **സ**ർവശക്തനായ പിതാവേ, അങ്ങയുടെ നാമത്തിൽ വന്ന അങ്ങയുടെ പുത്രനായ യേശുക്രിസ്തുവഴി അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. അവിടന്നാണ് മനുഷ്യർക്കു രക്ഷയുടെ വചനം, അവിടന്നാണ് പാപികളുടെ നേർക്ക് അങ്ങു നീട്ടുന്ന കരം, അവിടന്നാണ് അങ്ങയുടെ സമാധാനം ഞങ്ങൾക്കു നല്കപ്പെടുന്ന മാർഗവും. കർത്താവേ, ഞങ്ങളുടെ പാപം നിമിത്തം ഞങ്ങൾതന്നെ അങ്ങിൽ നിന്ന് അകന്നുപോയപ്പോൾ, അങ്ങ് ഞങ്ങളെ അനുരഞ്ജനത്തിലേക്ക് തിരികെ കൊണ്ടുവന്നു. അങ്ങനെ, അവസാനം ഞങ്ങൾ അങ്ങിലേക്കു പിന്തിരിഞ്ഞ്, ഞങ്ങൾക്കുവേണ്ടി അങ്ങ് മരണത്തിനേല്പിച്ച അങ്ങയുടെ പുത്രൻവഴി പരസ്പരം സ്നേഹിക്കാൻ ഇടയാക്കി.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു.

CC: **ക്രി**സ്തു ഞങ്ങൾക്കു നേടിത്തന്ന അനുരഞ്ജനം ആഘോഷിച്ചുകൊണ്ട് ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. അങ്ങയുടെ ആത്മാവിനെ വർഷിച്ച് ഈ കാഴ്ചവസ്തുക്കൾ പവിത്രീകരിച്ച്,

കൈകൾ കൂപ്പുന്നു.

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

അങ്ങേ പുത്രന്റെ ശരീരവും ✠ രക്തവുമായി മാറ്റണമേ. ഈ ദിവ്യരഹസ്യങ്ങൾ ആഘോഷിച്ചുകൊണ്ടാണല്ലോ അവിടത്തെ കല്പന ഞങ്ങൾ പൂർത്തിയാക്കുന്നത്.

കൈകൾ കൂപ്പുന്നു.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപന വചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

**എ**ന്തെന്നാൽ, ഞങ്ങളെ മോചിപ്പിക്കാൻ അവിടന്ന് തന്റെ ജീവൻ നല്കാൻ ഒരുങ്ങിയപ്പോൾ, ഭക്ഷണത്തിനിരിക്കവേ,

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

തന്റെ കരങ്ങളിൽ അപ്പമെടുത്ത്, അങ്ങേക്ക് കൃതജ്ഞതാ സ്തോത്രം ചൊല്ലി, ആശീർവദിച്ച്, മുറിച്ച്, ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

അപ്രകാരം, ആ സായാഹ്നത്തിൽത്തന്നെ അനുഗ്രഹത്തിന്റെ പാനപാത്രം,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

കരങ്ങളിൽ എടുത്ത്, അങ്ങേ കരുണ പ്രകീർത്തിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു.

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനങ്ങൾ പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ, ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **അ**തിനാൽ, അങ്ങേ പുത്രന്റെ മരണവും ഉത്ഥാനവും ഓർത്തുകൊണ്ട്, തന്റെ സ്നേഹത്തിന്റെ അച്ചാരമായി അവിടന്ന് ഞങ്ങളെ ഏല്പിച്ചതും അങ്ങ് ഞങ്ങൾക്കു നല്കിയതുമായ പരിപൂർണ അനുരഞ്ജനത്തിന്റെ ഈ ബലി അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

പരിശുദ്ധനായപിതാവേ, അങ്ങയുടെ പുത്രനോടൊപ്പം ഞങ്ങളെയും സ്വീകരിക്കണമെന്ന് ഞങ്ങൾ താഴ്മയോടെ പ്രാർഥിക്കുന്നു. ഞങ്ങളെ പരസ്പരം അകറ്റുന്ന എല്ലാറ്റിനെയും ഇല്ലാതാക്കുന്ന അതേ പരിശുദ്ധാത്മാവിനെ രക്ഷാകരമായ ഈ വിരുന്നിൽ ഞങ്ങൾക്കു നല്കാൻ കനിയണമേ.

C1: **അ**ങ്ങയുടെ സഭയെ മനുഷ്യരുടെ ഇടയിൽ ഐക്യത്തിന്റെ അടയാളവും അങ്ങേ സമാധാനത്തിന്റെ ഉപകരണവുമായി അവിടന്ന് ആക്കിത്തീർക്കുമാറാകട്ടെ. ഞങ്ങളുടെ പരിശുദ്ധ പിതാവായ... (പേര്) പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* മറ്റെല്ലാ മെത്രാന്മാരോടും അങ്ങയുടെ സമസ്തജനത്തോടും ചേർത്ത് അവിടന്ന് ഞങ്ങളെ ഐക്യത്തിൽ സംരക്ഷിക്കട്ടെ.

C2: **അ**ങ്ങയുടെ പുത്രന്റെ ഈ മേശയ്ക്കുചുറ്റും ഞങ്ങളെ അങ്ങ് ഒരുമിച്ചുകൂട്ടിയപോലെ ദൈവമാതാവായ മഹത്ത്വമേറിയ കന്യകമറിയത്തോടും അങ്ങയുടെ അനുഗൃഹീതരായ അപ്പസ്തോലന്മാരോടും സകല വിശുദ്ധരോടും അങ്ങയുടെ മൈത്രിയിൽ മരണമടഞ്ഞ ഞങ്ങളുടെ സഹോദരരോടും എല്ലാവർഗങ്ങളിലും ഭാഷകളിലും നിന്നുള്ള സകലരോടുമൊത്ത് ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൽ അങ്ങേ സമാധാനത്തിന്റെ പൂർണത തിളങ്ങിവിളങ്ങുന്ന പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നിത്യൈക്യത്തിന്റെ വിരുന്നിൽ,

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

കൈകൾ കൂപ്പുന്നു.

ഞങ്ങളെയും പങ്കുചേർക്കണമേ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചു കൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം പ്രതിവചിക്കുന്നു:

ആമേൻ.

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു (p...)

## സമൂഹദിവ്യബലിയിൽ വിവിധ ആവശ്യങ്ങൾക്കുള്ള സ്തോത്രയാഗപ്രാർത്ഥന ചൊല്ലേണ്ട രീതി

ആമുഖഗീതയും മനുഷ്യരെ സ്നേഹിക്കുന്ന ദൈവമേ മുതൽ അപ്പം മുറിക്കലും ചെയ്യുന്നു എന്നതുവരെയും മുഖ്യകാർമ്മികൻ മാത്രം കൈകൾ വിരിച്ച് ചൊല്ലുന്നു.

ആകയാൽ, കരുണാവാരിധിയായ മുതൽ രക്തവുമായിത്തീരുമാറാകട്ടെ എന്നതുവരെ സഹകാർമ്മികരെല്ലാവരും കാഴ്ചദ്രവ്യങ്ങളുടെമേൽ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു.

അവിടന്ന് പീഡസഹിച്ചതിന്റെ മുതൽ എണ്ണപ്പെടാൻ ഇടയാക്കണമേ എന്നതുവരെ സഹകാർമ്മികരെല്ലാവരും താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ചൊല്ലുന്നു.

a) അവിടന്ന് പീഡസഹിച്ചതിന്റെ എന്ന ഭാഗത്ത് കൈകൾ കൂപ്പുന്നു

b) കർത്താവിന്റെ പ്രതിഷ്ഠാപനവാക്കുകൾ ഉച്ചരിക്കുമ്പോൾ, ഉചിതമെന്നുവരികിൽ, ഓരോരുത്തരും അപ്പത്തിന്റെയും പാനപാത്രത്തിന്റെയും നേർക്ക് വലത്തുകൈ നീട്ടുന്നു. ആശീർവാദസമയത്ത് തിരുവോസ്തിയും പാനപാത്രവും ഉയർത്തുമ്പോൾ സഹകാർമികർ അവയെ നോക്കുകയും തുടർന്ന് കുമ്പിടുകയും ചെയ്യുന്നു.

c) അതിനാൽ, പരിശുദ്ധനായ ക്രിസ്തുവിന്റെ പെസഹാബലിയായി, എന്നീ ഭാഗങ്ങളിൽ കൈകൾ വിരിക്കുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥനകളായ കർത്താവേ, അങ്ങയുടെ സഭയായ അഥവാ, അതിനാൽ, കർത്താവേ, അങ്ങയുടെ അഥവാ സർവശക്തനായ പിതാവേ, ഈ ദിവ്യരഹസ്യത്തിലുള്ള അഥവാ കർത്താവായ ദൈവമേ, ഞങ്ങളുടെ അങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ എന്നീ ഭാഗങ്ങൾ സഹകാർമ്മികനിൽ ഒരാളോ ഒന്നിൽ കൂടുതലോ കൈകൾ വിരിച്ച് ചൊല്ലുന്നു.

അവിടന്ന് പീഡസഹിച്ചതിന്റെ, അപ്രകാരംതന്നെ ആ സായാഹ്നത്തിൽത്തന്നെ, ആകയാൽ പരിശുദ്ധനായ പിതാവേ, ക്രിസ്തുവിന്റെ പെസഹാബലിയായ സമാപന സ്തോത്രഗീതം എന്നീ ഭാഗങ്ങൾ ആലപിക്കാവുന്നതാണ്.

# ദിവ്യബലിയിൽ ഉപയോഗിക്കാവുന്ന വിവിധ ആവശ്യങ്ങൾക്കുള്ള സ്തോത്രയാഗപ്രാർഥന

## I

### ഐക്യത്തിന്റെ പാതയിൽ മുന്നേറുന്ന സഭ

1. ഈ സ്തോത്രയാഗപ്രാർഥനയുടെ രൂപം താഴെപ്പറയുന്ന ദിവ്യബലികളിൽ യഥോചിതം ഉപയോഗിക്കാവുന്നതാണ്. ഉദാ. സഭയ്ക്കുവേണ്ടി, പരിശുദ്ധ പിതാവിനുവേണ്ടി, മെത്രാനുവേണ്ടി, പാപ്പായെയോ മെത്രാനെയോ തിരഞ്ഞെടുക്കാനുള്ള സമ്മേളനങ്ങൾക്കുവേണ്ടി, വൈദികർക്കുവേണ്ടി, ബലിയർപ്പിക്കുന്ന വൈദികനുവേണ്ടി, സഭാശുശ്രൂഷകനുവേണ്ടി, ആധ്യാത്മികവും അജപാലനപരവുമായ സമ്മേളനങ്ങളിൽ.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

കർത്താവേ, അനന്തനന്മസ്വരൂപനായ പിതാവേ, അങ്ങേക്കു ഞങ്ങൾ നന്ദിയർപ്പിക്കുകയും അങ്ങേക്ക് ഞങ്ങൾ മഹത്ത്വത്തിന്റെയും സ്തുതിയുടെയും ഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവുമാകുന്നു.

എന്തുകൊണ്ടെന്നാൽ, അങ്ങയുടെ ജനങ്ങളിൽ പുത്രന്റെ സുവിശേഷ വചനത്താൽ എല്ലാവരിൽനിന്നും ഭാഷകളിൽനിന്നും രാജ്യങ്ങളിൽനിന്നും അങ്ങ് ഏകസഭയെ ഒരുമിച്ചുകൂട്ടിയല്ലോ. അങ്ങേ ആത്മാവിന്റെ ശക്തിയാൽ ഉജ്ജീവിപ്പിക്കപ്പെട്ട സഭയിലൂടെ എല്ലാ മനുഷ്യരെയും ഒന്നായി ശേഖരിക്കുന്നതിൽനിന്ന് അങ്ങ് വിരമിക്കുന്നില്ല.

**ഈ** സഭ അങ്ങേ സ്നേഹത്തിന്റെ ഉടമ്പടി പ്രകടമാക്കിക്കൊണ്ട്, ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിൽ അങ്ങു നിത്യമായി വാഗ്ദാനംചെയ്ത രാജ്യത്തിന്റെ ശുഭപ്രതീക്ഷ നിരന്തരം നല്കുകയും അങ്ങേ വിശ്വസ്തതയുടെ അടയാളമായി വിരാജിക്കുകയും ചെയ്യുന്നു.

**ആ**കയാൽ സ്വർഗീയശാക്തികന്മാരോടും ഭൂമിയിൽ സമസ്തസഭയോടുംചേർന്ന് അങ്ങയെ ഞങ്ങൾ നിരന്തരം പ്രകീർത്തിച്ചുകൊണ്ട് ഏകസ്വരത്തിൽ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

**മ**നുഷ്യരെ സ്നേഹിക്കുന്ന ദൈവമേ, അങ്ങ് യഥാർഥത്തിൽ പരിശുദ്ധനും സ്തുത്യർഹനുമാകുന്നു. ജീവിതയാത്രയിൽ അങ്ങ് എന്നും അവരുടെ കൂടെയുണ്ട്. സത്യമായും അങ്ങയുടെ അനുഗൃഹീതനായ പുത്രൻ, തന്റെ സ്നേഹത്താൽ ഞങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ ഞങ്ങളുടെ മധ്യേ സന്നിഹിതനാണ്. ഒരിക്കൽ ശിഷ്യന്മാർക്കെന്നപോലെ, ഞങ്ങൾക്കും അവിടന്നു വിശുദ്ധ ലിഖിതങ്ങൾ തുറക്കുകയും അപ്പംമുറിക്കുകയും ചെയ്യുന്നു.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **ആ**കയാൽ, കരുണാവാരിധിയായ പിതാവേ, കാഴ്ചവസ്തുക്കളായ ഈ അപ്പവും വീഞ്ഞും പവിത്രീകരിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങനെ,

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപനവചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

**അ**വിടന്ന് പീഡസഹിച്ചതിന്റെ തലേന്നാൾ അന്ത്യഅത്താഴ രാത്രിയിൽ,

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾ ചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

**അ**പ്രകാരം ആ സായാഹ്നത്തിൽത്തന്നെ അനുഗ്രഹത്തിന്റെ പാനപാത്രം,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

കരങ്ങളിൽ എടുത്ത്, അങ്ങേ കരുണ പ്രകീർത്തിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: ആകയാൽ പരിശുദ്ധനായ പിതാവേ, അങ്ങേ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവുംവഴി അങ്ങ് ഉത്ഥാനത്തിന്റെ മഹിമയിലേക്ക് ആനയിക്കുകയും അങ്ങയുടെ വലത്തുഭാഗത്തിരുത്തുകയും ചെയ്ത അവിടത്തെ അനുസ്മരിച്ച്, അങ്ങയുടെ സ്നേഹത്തിന്റെ കർമം അവിടന്നു വരുന്നതുവരെ ഞങ്ങൾ പ്രഖ്യാപിക്കുകയും ജീവന്റെ അപ്പവും അനുഗ്രഹത്തിന്റെ പാനപാത്രവും ഞങ്ങളങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ പെസഹാബലിയായി ഞങ്ങൾക്കു നല്കപ്പെട്ടതും ഞങ്ങൾ സമർപ്പിക്കുന്നതുമായ അങ്ങേ സഭയുടെ ഈ യാഗദ്രവ്യം കരുണയോടെ കടാക്ഷിക്കണമേ. അങ്ങേ സ്നേഹാത്മാവിന്റെ ശക്തിയാൽ, അങ്ങേ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന ഞങ്ങളെ അവിടത്തെ അംഗങ്ങളുടെ കൂട്ടത്തിൽ ഇന്നും എന്നേക്കും എണ്ണപ്പെടാൻ ഇടയാക്കണമേ.

C1: കർത്താവേ, അങ്ങയുടെ സഭയായ ഞങ്ങളുടെ... (പേര്) രൂപതയെ സുവിശേഷദീപ്തിയാൽ നവീകരിക്കണമേ. ഞങ്ങളുടെ പരിശുദ്ധപിതാവായ...(പേര്) പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* മെത്രാൻപദവിയിലുള്ള എല്ലാവരോടുമുള്ള വിശ്വാസികളുടെയും അങ്ങേ ജനത്തിന്റെ അജപാലകരുടെയും ഇടയിലുള്ള ഐക്യത്തിന്റെ ബന്ധം ഉറപ്പിക്കണമേ. അതുവഴി, ഭിന്നതകളാൽ മുറിവേല്പിക്കപ്പെട്ട ഈ ലോകത്തിൽ ഐക്യത്തിന്റെയും പരസ്പരധാരണയുടെയും പ്രവാചകചിഹ്നമായി അങ്ങയുടെ ഒപ്പം ശോഭിക്കാൻ ഇടയാകട്ടെ.

ഞങ്ങളുടെ സഹോദരരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ ഞങ്ങളുടെ നയനങ്ങൾ തുറക്കണമേ. അധ്വാനിക്കുന്നവരും ഭാരം

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

വഹിക്കുന്നവരുമായ ഞങ്ങളുടെ സഹോദരങ്ങൾക്ക് വാക്കാലും പ്രവൃത്തിയാലും സാന്ത്വനമേകാൻ ഞങ്ങളെ പ്രചോദിപ്പിക്കണമേ. ക്രിസ്തുവിന്റെ മാതൃകയും കല്പനയുമനുസരിച്ച് അവരെ ആത്മാർഥമായി ശുശ്രൂഷിക്കാൻ ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ. സകലമനുഷ്യരും നവമായ പ്രത്യാശയാൽ പ്രചോദിതരാകാൻതക്കവിധം അങ്ങയുടെ സഭ സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും നീതിയുടെയും സജീവ സാക്ഷ്യമായി നിലനില്ക്കട്ടെ.

**അ**ങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരരെ... (പേരുകൾ) യും മൃതിയടഞ്ഞ സകലരെയും ഓർക്കണമേ. അവരുടെ വിശ്വാസം അങ്ങേക്കുമാത്രം അറിവുള്ളതാണല്ലോ. അങ്ങയുടെ മുഖദീപ്തികണ്ട് ആനയിക്കാൻ അവരെ അനുവദിക്കുകയും ഉത്ഥാനത്തിൽ അവർക്ക് ജീവന്റെ പൂർണിമ നല്കുകയും ചെയ്യണമേ.

**ഇ**ഹലോകതീർഥാടനത്തിനുശേഷം നിത്യഭവനത്തിൽ എത്തിച്ചേരാൻ ഞങ്ങളെയും അനുവദിക്കണമേ. അവിടെ ഞങ്ങൾ അങ്ങയോടുകൂടെ നിത്യമായി വസിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും അപ്പസ്തോലന്മാരോടും രക്തസാക്ഷികളോടും (ഇന്നത്തെ തിരുനാളിന് കാരണഭൂതനായ) വിശുദ്ധ... (പേര്) നോടും ഞങ്ങളുടെ മധ്യസ്ഥനായ... (പേര്) ടും അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഒന്നുചേർന്നുകൊണ്ട് അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുമ്പോൾ അതിൽ,

കൈകൾ കൂപ്പുന്നു.

ഞങ്ങളെയും പങ്കുചേർക്കണമേ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം പ്രതിവചിക്കുന്നു:

**ആമേൻ.**

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു, (p...)

## II

### സഭയെ രക്ഷയുടെപാതയിൽ നയിക്കുന്ന ദൈവം

1. ഈ സ്തോത്രയാഗപ്രാർഥനയുടെ രൂപം താഴെപ്പറയുന്ന ദിവ്യബലികളിൽ യഥോചിതം ഉപയോഗിക്കാവുന്നതാണ്. ഉദാ. സഭയ്ക്കുവേണ്ടി, തിരുപ്പട്ടങ്ങൾക്കുള്ള ദൈവവിളിക്കുവേണ്ടി, അല്മായർക്കുവേണ്ടി, കുടുംബങ്ങൾക്കുവേണ്ടി, സന്ന്യസ്തർക്കുവേണ്ടി, സന്ന്യാസജീവിതത്തിലേക്കുള്ള ദൈവവിളിക്കുവേണ്ടി, ഉപവിപ്രവർത്തനങ്ങൾക്കുവേണ്ടി, ബന്ധുജനങ്ങൾക്കും സ്നേഹിതർക്കുംവേണ്ടി, ദൈവത്തിന് കൃതജ്ഞത പ്രകാശിപ്പിക്കാൻവേണ്ടി.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, ലോകത്തിന്റെ സ്രഷ്ടാവും എല്ലാ ജീവന്റെയും ഉറവിടവുമായ അങ്ങേക്ക് എപ്പോഴും എല്ലായിടത്തും കൃതജ്ഞത പ്രകാശിപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**അ**ങ്ങേ ജ്ഞാനത്തിന്റെ പ്രവൃത്തികൾ അങ്ങ് ഒരിക്കലും കൈവിടുന്നില്ല, പ്രത്യുത, ഞങ്ങളുടെമധ്യേ അങ്ങ് ഇപ്പോഴും കരുതലോടെ പ്രവർത്തിക്കുന്നു. അങ്ങയുടെ ഭുജബലത്താലും നീട്ടിയ കരങ്ങളാലും അങ്ങയുടെ ജനമായ ഇസ്രായേലിനെ മരുഭൂമിയിലൂടെ നയിച്ചുവല്ലോ. ഇപ്പോഴാകട്ടെ, ഈ ലോകത്തിൽ തീർഥാടനം ചെയ്യുന്ന അങ്ങയുടെ സഭയെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിരന്തരം അനുഗമിക്കുകയും അതിനെ ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി കാലത്തിന്റെ വഴികളിലൂടെ അങ്ങേ രാജ്യത്തിന്റെ നിത്യാനന്ദത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

**ആ**കയാൽ, മാലാഖമാരോടും വിശുദ്ധരോടുമൊപ്പം അങ്ങയുടെ സ്തുതിഗീതം ഞങ്ങൾ നിരന്തരം ആലപിച്ചുകൊണ്ട് സദാ പ്രകീർത്തിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: **മ**നുഷ്യരെ സ്നേഹിക്കുന്ന ദൈവമേ, അങ്ങ് യഥാർഥത്തിൽ പരിശുദ്ധനും സ്തുത്യർഹനുമാകുന്നു. ജീവിതയാത്രയിൽ അങ്ങ് എന്നും അവരുടെ കൂടെയുണ്ട്. സത്യമായും അങ്ങയുടെ അനുഗൃഹീതനായ പുത്രൻ, തന്റെ സ്നേഹത്താൽ ഞങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ ഞങ്ങളുടെമധ്യേ സന്നിഹിതനാണ്. ഒരിക്കൽ ശിഷ്യന്മാർക്കെന്നപോലെ ഞങ്ങൾക്കും അവിടന്നു വിശുദ്ധലിഖിതങ്ങൾ തുറക്കുകയും അപ്പംമുറിക്കുകയും ചെയ്യുന്നു.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

**ആ**കയാൽ, കരുണാവാരിധിയായ പിതാവേ, കാഴ്ചവസ്തുക്കളായ ഈ അപ്പവും വീഞ്ഞും പവിത്രീകരിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങനെ,

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപനവചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

**അ**വിടന്ന് പീഡ സഹിച്ചതിന്റെ തലേന്നാൾ, അന്ത്യഅത്താഴരാത്രിയിൽ,

അപ്പമെടുത്ത്, ബലിപീഠത്തിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾ ചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

അപ്രകാരം ആ സായാഹ്നത്തിൽത്തന്നെ അനുഗ്രഹത്തിന്റെ പാനപാത്രം,

പാനപാത്രമെടുത്ത്, ബലിപീഠത്തിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

കരങ്ങളിൽ എടുത്ത്, അങ്ങേ കരുണ പ്രകീർത്തിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം :

ജനങ്ങൾ പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

CC: ആകയാൽ, പരിശുദ്ധനായ പിതാവേ, അങ്ങേ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവുംവഴി അങ്ങ് ഉത്ഥാനത്തിന്റെ മഹിമയിലേക്ക് ആനയിക്കുകയും അങ്ങയുടെ വലത്തുഭാഗത്തിരുത്തുകയും ചെയ്ത അവിടത്തെ അനുസ്മരിച്ച് അങ്ങയുടെ സ്നേഹത്തിന്റെ കർമം അവിടന്നു വരുന്നതുവരെ ഞങ്ങൾ പ്രഖ്യാപിക്കുകയും ജീവന്റെ അപ്പവും അനുഗ്രഹത്തിന്റെ പാനപാത്രവും ഞങ്ങളങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ പെസഹാബലിയായി ഞങ്ങൾക്കു നല്കപ്പെട്ടതും ഞങ്ങൾ സമർപ്പിക്കുന്നതുമായ അങ്ങേ സഭയുടെ ഈ യാഗദ്രവ്യം കരുണയോടെ കടാക്ഷിക്കണമേ. അങ്ങേ സ്നേഹാത്മാവിന്റെ ശക്തിയാൽ, അങ്ങേ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന ഞങ്ങൾ അവിടത്തെ അംഗങ്ങളുടെ കൂട്ടത്തിൽ ഇന്നും എന്നേക്കും എണ്ണപ്പെടാൻ ഇടയാക്കണമേ.

C1: അതിനാൽ, കർത്താവേ, അങ്ങയുടെ മേശയക്കുചുറ്റും ഒരുമിച്ചുകൂട്ടപ്പെട്ട ഞങ്ങളെ ഐക്യത്തിൽ ഉറപ്പിക്കണമേ. അതുവഴി, ഞങ്ങളുടെ പരിശുദ്ധപിതാവായ...(പേര്) പാപ്പായോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* എല്ലാ മെത്രാന്മാരോടും വൈദികരോടും ഡീക്കന്മാരോടും അങ്ങയുടെ സമസ്ത ജനത്തോടും ചേർന്ന്, വിശ്വാസത്തിലും പ്രത്യാശയിലും അങ്ങയുടെ വഴികളിലൂടെ ചരിച്ചുകൊണ്ട്, ലോകത്തിൽ സന്തോഷവും ആത്മവിശ്വാസവും ചൊരിയാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

C2: അങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരർ... (പേരുകൾ) യും മൃതിയടഞ്ഞ സകലരെയും ഓർക്കണമേ. അവരുടെ വിശ്വാസം അങ്ങേക്കുമാത്രം അറിവുള്ളതാണല്ലോ. അവരെ അങ്ങയുടെ മുഖദീപ്തികണ്ട് ആനയിക്കാൻ അനുവദിക്കുകയും ഉത്ഥാനത്തിൽ അവർക്ക് ജീവന്റെ പൂർണിമ നല്കുകയും ചെയ്യണമേ.

ഇഹലോകതീർഥാടനത്തിനുശേഷം നിത്യഭവനത്തിൽ എത്തിച്ചേരാൻ ഞങ്ങളെയും അനുവദിക്കണമേ. അവിടെ ഞങ്ങൾ അങ്ങയോടുകൂടെ നിത്യമായി വസിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും അപ്പസ്തോലന്മാരോടും രക്തസാക്ഷികളോടും (ഇന്നത്തെ തിരുനാളിന് കാരണഭൂതനായ) വിശുദ്ധ...

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

(പേര്) നോടും ഞങ്ങളുടെ മധ്യസ്ഥനായ... (പേര്) ടും അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഒന്നുചേർന്നുകൊണ്ട് അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതിൽ,

കൈകൾ കൂപ്പുന്നു.

ഞങ്ങളെയും പങ്കുചേർക്കണമേ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചു കൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം പ്രതിവചിക്കുന്നു:

ആമേൻ.

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു ((p...)

# III

## യേശു: പിതാവിലേക്കുള്ള വഴി

1. ഈ സ്തോത്രയാഗപ്രാർഥനയുടെ രൂപം താഴെപ്പറയുന്ന ദിവ്യബലികളിൽ യഥോചിതം ഉപയോഗിക്കാവുന്നതാണ്. ഉദാ ജനങ്ങളുടെ സുവിശേഷവത്കരണത്തിനുവേണ്ടി, പീഡിതരായ ക്രിസ്ത്യാനികൾക്കുവേണ്ടി, മാതൃരാജ്യത്തിനും നഗരത്തിനുംവേണ്ടി, രാഷ്ട്രനിയന്താക്കൾക്കുവേണ്ടി, ഭരണസഭകൾ നിയന്ത്രിക്കുന്നവർക്കുവേണ്ടി, വർഷാരംഭത്തിൽ, ജനതകളുടെ പുരോഗതിക്കുവേണ്ടി.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**ർത്താവേ, പരിശുദ്ധനായ പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി എപ്പോഴും എവിടെയും അങ്ങേക്കു ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ.

**എ**ന്തെന്നാൽ, അങ്ങയുടെ വചനംവഴി അങ്ങ് ലോകം സൃഷ്ടിക്കുകയും സമസ്തവും ന്യായബോധത്തിൽ നിയന്ത്രിക്കുകയും ചെയ്യുന്നു. അങ്ങയുടെ വചനങ്ങളാൽ ഞങ്ങളോടു സംസാരിക്കുകയും തന്റെ ശിഷ്യത്വത്തിലേക്ക് ഞങ്ങള വിളിക്കുകയും ചെയ്ത, മാസം ധരിച്ച അവിടത്തെ ഞങ്ങൾക്കു മധ്യസ്ഥനായി അങ്ങുനല്കി. അവിടന്നുതന്നെയാണല്ലോ ഞങ്ങളെ അങ്ങിലേക്കാനയിക്കുന്ന വഴിയും ഞങ്ങളെ സ്വതന്ത്രമാക്കുന്ന സത്യവും ഞങ്ങളെ സന്തോഷത്താൽ നിറയ്ക്കുന്ന ജീവനും. അങ്ങയുടെ പുത്രൻവഴി അങ്ങേ നാമത്തിന്റെ മഹത്ത്വത്തിനായി അങ്ങു

സൃഷ്ടിക്കുകയും അവിടത്തെ കുരിശിന്റെ രക്തത്താൽ വീണ്ടെടുക്കുകയും പരിശുദ്ധാത്മാവിന്റെ അടയാളത്താൽ മുദ്രിതരാക്കുകയും ചെയ്ത മാനവരെ ഒരേ കുടുംബമായി അങ്ങ് ഒരുമിച്ചുകൂട്ടുകയും ചെയ്തുവല്ലോ.

**ആ**കയാൽ, എല്ലാ മാലാഖമാരോടും ചേർന്ന് അങ്ങയുടെ മഹത്ത്വം പ്രകീർത്തിച്ചുകൊണ്ട് ഇപ്പോഴും എപ്പോഴും ആഹ്ലാദ പൂർവം ഞങ്ങൾ ആലപിക്കുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

**മ**നുഷ്യരെ സ്നേഹിക്കുന്ന ദൈവമേ, അങ്ങ് യഥാർഥത്തിൽ പരിശുദ്ധനും സ്തുത്യർഹനുമാകുന്നു. ജീവിതയാത്രയിൽ അങ്ങ് എന്നും അവരുടെ കൂടെയുണ്ട്. സത്യമായും അങ്ങയുടെ അനുഗൃഹീതനായ പുത്രൻ, തന്റെ സ്നേഹത്താൽ ഞങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ ഞങ്ങളുടെമധ്യേ സന്നിഹിതനാണ്. ഒരിക്കൽ ശിഷ്യന്മാർക്കെന്നപോലെ ഞങ്ങൾക്കും അവിടന്ന് വിശുദ്ധ ലിഖിതങ്ങൾ തുറക്കുകയും അപ്പംമുറിക്കുകയും ചെയ്യുന്നു.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു.

CC: **ആ**കയാൽ, കരുണാവാരിധിയായ പിതാവേ, കാഴ്ചവസ്തുക്കളായ ഈ അപ്പവും വീഞ്ഞും പവിത്രീകരിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങനെ,

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപനവചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

**അ**വിടന്ന് പീഡ സഹിച്ചതിന്റെ തലേന്നാൾ, അന്ത്യഅത്താഴ രാത്രിയിൽ,

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾ ചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

**അ**പ്രകാരം ആ സായാഹ്നത്തിൽത്തന്നെ അനുഗ്രഹത്തിന്റെ പാനപാത്രം,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

കരങ്ങളിൽ എടുത്ത്, അങ്ങേ കരുണ പ്രകീർത്തിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;
എന്തെന്നാൽ, ഇത് നിങ്ങളുടെയും
അനേകരുടെയും പാപങ്ങളുടെ
മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന
നവീനവും സനാതനവുമായ ഉടമ്പടിയുടെ,
എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.
ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു;/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

**ആ**കയാൽ, പരിശുദ്ധനായ പിതാവേ, അങ്ങേ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവുംവഴി അങ്ങ് ഉത്ഥാനത്തിന്റെ മഹിമയിലേക്ക് ആനയിക്കുകയും അങ്ങയുടെ വലത്തുഭാഗത്തിരുത്തുകയും ചെയ്ത അവിടത്തെ അനുസ്മരിച്ച് അങ്ങയുടെ സ്നേഹത്തിന്റെ കർമം അവിടന്നു വരുന്നതുവരെ ഞങ്ങൾ പ്രഖ്യാപിക്കുകയും ജീവന്റെ അപ്പവും അനുഗ്രഹത്തിന്റെ പാനപാത്രവും ഞങ്ങള ങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നു.

**ക്രി**സ്തുവിന്റെ പെസഹാബലിയായി ഞങ്ങൾക്കു നല്ക പ്പെട്ടതും ഞങ്ങൾ സമർപ്പിക്കുന്നതുമായ അങ്ങേ സഭയുടെ ഈ യാഗദ്രവ്യം കരുണയോടെ കടാക്ഷിക്കണമേ. അങ്ങേ സ്നേഹാ ത്മാവിന്റെ ശക്തിയാൽ, അങ്ങേ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന ഞങ്ങൾ അവിടത്തെ അംഗങ്ങളുടെ കൂട്ടത്തിൽ ഇന്നും എന്നേക്കും എണ്ണപ്പെടാൻ ഇടയാക്കണമേ.

**സ**ർവശക്തനായപിതാവേ, ഈ ദിവ്യരഹസ്യത്തിലുള്ള പങ്കാളിത്തംവഴി, ആത്മാവിൽ ഞങ്ങളെ ജീവിപ്പിക്കുകയും അങ്ങ യുടെ പുത്രന്റെ സാദൃശ്യത്തിലേക്ക് അനുരൂപപ്പെടുത്താൻ കനി യുകയും ചെയ്യണമേ. ഞങ്ങളുടെ പരിശുദ്ധപിതാവായ... (പേര്) പാപ്പയോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* മറ്റു മെത്രാന്മാരോടും വൈദികരോടും ഡീക്കന്മാ രോടും അങ്ങയുടെ സമസ്തജനത്തോടുമൊപ്പം ഞങ്ങളെ സംസർഗബന്ധത്തിൽ ഉറപ്പിക്കണമേ..

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

**എ**ല്ലാ സഭാവിശ്വാസികളും കാലങ്ങളുടെ അടയാളങ്ങൾ വിശ്വാസത്തിന്റെ പ്രകാശത്താൽ പരിശോധിച്ച് സുവിശേഷവേല യിൽ നിരന്തരം തങ്ങളെത്തന്നെ സമർപ്പിക്കാൻവേണ്ടി ശക്തിപ്രാ പിക്കാൻ ഇടയാക്കണമേ. എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളോട് കരുതലുള്ളവരായിരിക്കാൻ ഞങ്ങൾക്ക് ഇടവരുത്തണമേ. അങ്ങനെ, അവരുടെ വേദനകളിലും വ്യഗ്രതകളിലും സന്തോഷ ത്തിലും പ്രതീക്ഷയിലും പങ്കുചേർന്ന് രക്ഷയുടെ സന്ദേശം വിശ്വ സ്തതാപൂർവം അവർക്കു നല്കുകയും അങ്ങേ രാജ്യത്തിന്റെ പാതയിൽ അവരോടൊപ്പം ഞങ്ങൾ മുന്നോട്ടു പോകുകയും ചെയ്യു മാറാകട്ടെ.

**അ**ങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരർ... (പേരുകൾ) യും മൃതിയടഞ്ഞ സകല രെയും ഓർക്കണമേ. അവരുടെ വിശ്വാസം അങ്ങേക്കുമാത്രം അറി വുള്ളതാണല്ലോ. അവരെ അങ്ങയുടെ മുഖദീപ്തികണ്ട് ആനയി ക്കാൻ അനുവദിക്കുകയും ഉത്ഥാനത്തിൽ അവർക്ക് ജീവന്റെ പൂർണിമ നല്കുകയും ചെയ്യണമേ.

**ഇ**ഹലോകതീർഥാടനത്തിനുശേഷം നിത്യഭവനത്തിൽ എത്തിച്ചേരാൻ ഞങ്ങളെയും അനുവദിക്കണമേ. അവിടെ ഞങ്ങൾ അങ്ങയോടുകൂടെ നിത്യമായി വസിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും അപ്പസ്തോലന്മാരോടും രക്ത സാക്ഷികളോടും (ഇന്നത്തെ തിരുനാളിന് കാരണഭൂതനായ) വിശുദ്ധ... (പേര്) നോടും ഞങ്ങളുടെ മധ്യസ്ഥനായ... (പേര്) ടും അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഒന്നുചേർന്നുകൊണ്ട് അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നതിൽ,

കൈകൾ കൂപ്പുന്നു.

ഞങ്ങളെയും പങ്കുചേർക്കണമേ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചു കൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,
സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്
പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,
എല്ലാബഹുമതിയും മഹത്ത്വവും
എന്നും എന്നേക്കും.

ജനം പ്രതിവചിക്കുന്നു:

ആമേൻ.

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു (p...)

# IV

### നന്മ ചെയ്തുകൊണ്ടു കടന്നുപോയ യേശു

1. ഈ സ്തോത്രയാഗപ്രാർഥനയുടെ രൂപം താഴെപ്പറയുന്ന ദിവ്യബലിക ളിൽ യഥോചിതം ഉപയോഗിക്കാവുന്നതാണ്. ഉദാ. അഭയാർത്ഥികൾക്കും നാടുകടത്തപ്പെട്ടവർക്കുംവേണ്ടി, ക്ഷാമകാലത്ത്, അല്ലെങ്കിൽ വിശപ്പ് അനു ഭവിക്കുന്നവർക്കുവേണ്ടി, മർദിതർക്കുവേണ്ടി, കാരാഗൃഹവാസികൾക്കു വേണ്ടി, പ്രവാസത്താൽ തടയപ്പെട്ടവർക്കുവേണ്ടി, രോഗികൾക്കുവേണ്ടി, മര ണാസന്നർക്കുവേണ്ടി, ഭാഗ്യമരണത്തിനുള്ള അനുഗ്രഹത്തിനുവേണ്ടി, ഏത് ആവശ്യങ്ങൾക്കുംവേണ്ടി.

V : കർത്താവു നിങ്ങളോടുകൂടെ.
R : അങ്ങയുടെ ആത്മാവോടുംകൂടെ
V : ഹൃദയങ്ങൾ ഉയർത്തുവിൻ.
R : കർത്താവിങ്കലേക്കു ഞങ്ങൾ ഉയർത്തിയിരിക്കുന്നു.
V : നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.
R : അത് ഉചിതവും ന്യായവുമത്രേ.

**ക**രുണാസമ്പന്നനായ പിതാവേ, വിശ്വസ്തനായ ദൈവമേ, അങ്ങേക്ക് ഞങ്ങൾ എപ്പോഴും എവിടെയും നന്ദിഅർപ്പി ക്കുകയെന്നത് യഥാർഥത്തിൽ ഉചിതവും ന്യായവും യോഗ്യവും രക്ഷാകരവുമാണല്ലോ. എന്തെന്നാൽ, അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി അങ്ങു ഞങ്ങൾക്കു നല്കിയല്ലോ.

**അ**വിടന്ന് എപ്പോഴും ശിശുക്കളോടും പാവങ്ങളോടും രോഗി കളോടും പാപികളോടും കരുണകാണിക്കുകയും അടിച്ച മർത്തപ്പെട്ടവരോടും പീഡിതരോടും ഒപ്പമായിരിക്കുകയും ചെയ്തു.

**അ**ങ്ങ് പിതാവാണെന്നും അങ്ങയുടെ എല്ലാ മക്കളെയും പരിപാലിക്കുന്നവനാണെന്നും അവിടന്ന് വാക്കാലും പ്രവൃത്തി യാലും ലോകത്തെ അറിയിച്ചു.

**ആ**കയാൽ മാലാഖമാരോടും സകല വിശുദ്ധരോടും ചേർന്ന് അങ്ങയെ പുകഴ്ത്തുകയും വാഴ്ത്തുകയും അങ്ങേ മഹിമയുടെ ഗീതമാലപിച്ചുകൊണ്ട് അവിരാമം പ്രകീർത്തിക്കുകയും ചെയ്യുന്നു:

**പ**രിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ...

2. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട് ചൊല്ലുന്നു:

C: **മ**നുഷ്യരെ സ്നേഹിക്കുന്ന ദൈവമേ, അങ്ങ് യഥാർഥത്തിൽ പരിശുദ്ധനും സ്തുത്യർഹനുമാകുന്നു. ജീവിതയാത്രയിൽ അങ്ങ് എന്നും അവരുടെ കൂടെയുണ്ട്. സത്യമായും അങ്ങയുടെ അനുഗൃഹീതനായ പുത്രൻ, തന്റെ സ്നേഹത്താൽ ഞങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ ഞങ്ങളുടെ മധ്യേ സന്നിഹിതനാണ്. ഒരിക്കൽ ശിഷ്യന്മാർക്കെന്നപോലെ ഞങ്ങൾക്കും അവിടന്ന് വിശുദ്ധലിഖിതങ്ങൾ തുറക്കുകയും അപ്പംമുറിക്കുകയും ചെയ്യുന്നു.

3. കൈകൾ കൂപ്പുന്നു. അനന്തരം നീട്ടി കാഴ്ചദ്രവ്യങ്ങളുടെമേൽ വിരിച്ചുപിടിച്ചുകൊണ്ട് ചൊല്ലുന്നു:

CC: **ആ**കയാൽ, കരുണാവാരിധിയായ പിതാവേ, കാഴ്ചവസ്തുക്കളായ ഈ അപ്പവും വീഞ്ഞും പവിത്രീകരിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങനെ,

അപ്പത്തിന്റെയും പാനപാത്രത്തിന്റെയുംമേൽ ഒരു പ്രാവശ്യം കുരിശടയാളമിട്ടുകൊണ്ട് ചൊല്ലുന്നു:

ഇവ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരവും ✠ രക്തവുമായിത്തീരുമാറാകട്ടെ.

കൈകൾ കൂപ്പുന്നു.

4. കർത്താവിന്റെ തിരുമൊഴികളായ താഴെവരുന്ന പ്രതിഷ്ഠാപനവചസ്സുകൾ, അവയുടെ സ്വഭാവമനുശാസിക്കുന്നപോലെ, വ്യക്തമായി ഉച്ചരിക്കേണ്ടതാണ്.

അവിടന്ന് പീഡസഹിച്ചതിന്റെ തലേന്നാൾ, അന്ത്യഅത്താഴ രാത്രിയിൽ,

അപ്പമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, തന്റെ ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾ ചെയ്തു:

അല്പം കുനിഞ്ഞ്,

**എല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങൾക്കുവേണ്ടി**
**അർപ്പിക്കാനിരിക്കുന്ന എന്റെ ശരീരം ആകുന്നു.**

ജനങ്ങളുടെ ദർശനത്തിന് തിരുശരീരം ഉയർത്തുന്നു; തിരികെ തളികയിൽവച്ച്, മുട്ടുകുത്തി ആരാധിക്കുന്നു.

5. അതിനുശേഷം തുടരുന്നു:

അപ്രകാരം ആ സായാഹ്നത്തിൽത്തന്നെ അനുഗ്രഹത്തിന്റെ പാനപാത്രം,

പാനപാത്രമെടുത്ത്, അൾത്താരയിൽനിന്ന് അല്പം ഉയർത്തിപ്പിടിച്ചുകൊണ്ട് തുടരുന്നു:

കരങ്ങളിൽ എടുത്ത്, അങ്ങേ കരുണ പ്രകീർത്തിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുൾചെയ്തു.

അല്പം കുനിഞ്ഞ്,

**എല്ലാവരും വാങ്ങി ഇതിൽനിന്നു കുടിക്കുവിൻ;**
**എന്തെന്നാൽ, ഇത് നിങ്ങളുടെയും**
**അനേകരുടെയും പാപങ്ങളുടെ**
**മോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന**
**നവീനവും സനാതനവുമായ ഉടമ്പടിയുടെ,**
**എന്റെ രക്തത്തിന്റെ, പാനപാത്രമാകുന്നു.**
**ഇതു നിങ്ങൾ എന്റെ ഓർമയ്ക്കായി ചെയ്യുവിൻ.**

ജനങ്ങളുടെ ദർശനത്തിന് പാനപാത്രം ഉയർത്തുന്നു; തിരികെ താഴെ വച്ചിട്ട്, മുട്ടുകുത്തി ആരാധിക്കുന്നു.

6. അനന്തരം ചൊല്ലുന്നു:

C: ഇത് വിശ്വാസത്തിന്റെ രഹസ്യം

ജനം പ്രഘോഷിക്കുന്നു:

കർത്താവേ,/ അങ്ങ് വീണ്ടുംവരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു;/ അങ്ങയുടെ ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു/

അഥവാ

ഞങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും/ഈ പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്യുമ്പോഴെല്ലാം/ കർത്താവേ,/ അങ്ങു വീണ്ടും വരുന്നതുവരെ/ അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു.

അഥവാ

അങ്ങയുടെ കുരിശുമരണവും ഉയിർപ്പുംവഴി/ ഞങ്ങളെ വീണ്ടെടുത്ത ലോകരക്ഷകാ,/ ഞങ്ങളെ രക്ഷിക്കണമേ.

7. പുരോഹിതൻ കൈകൾ വിരിച്ചുകൊണ്ട്, ചൊല്ലുന്നു:

CC: ആകയാൽ, പരിശുദ്ധനായ പിതാവേ, അങ്ങേ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവുംവഴി അങ്ങ് ഉത്ഥാനത്തിന്റെ മഹിമയിലേക്ക് ആനയിക്കുകയും അങ്ങയുടെ വലത്തുഭാഗത്തിരുത്തുകയും ചെയ്ത അവിടത്തെ അനുസ്മരിച്ച് അങ്ങയുടെ സ്നേഹത്തിന്റെ കർമം അവിടന്നു വരുന്നതുവരെ ഞങ്ങൾ പ്രഖ്യാപിക്കുകയും ജീവന്റെ അപ്പവും അനുഗ്രഹത്തിന്റെ പാനപാത്രവും ഞങ്ങളങ്ങേക്കു സമർപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ പെസഹാബലിയായി ഞങ്ങൾക്കു നല്കപ്പെട്ടതും ഞങ്ങൾ സമർപ്പിക്കുന്നതുമായ അങ്ങേ സഭയുടെ ഈ യാഗദ്രവ്യം കരുണയോടെ കടാക്ഷിക്കണമേ. അങ്ങേ സ്നേഹാത്മാവിന്റെ ശക്തിയാൽ, അങ്ങേ പുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുന്ന ഞങ്ങൾ അവിടത്തെ അംഗങ്ങളുടെ കൂട്ടത്തിൽ ഇന്നും എന്നേക്കും എണ്ണപ്പെടാൻ ഇടയാക്കണമേ.

കർത്താവേ, ദൈവമേ, ഞങ്ങളുടെ പരിശുദ്ധപിതാവായ... (പേര്) പാപ്പയോടും ഞങ്ങളുടെ രൂപതാധ്യക്ഷനായ... (പേര്) മെത്രാനോടും* എല്ലാ മെത്രാന്മാരോടും വൈദികരോടും ഡീക്കന്മാരോടുമൊപ്പം അങ്ങ് നേടിയെടുത്ത സകല ജനത്തോടുമൊത്ത് അങ്ങയുടെ സഭയെ വിശ്വാസത്തിലും സ്നേഹത്തിലും പൂർണമാക്കാൻ കനിയണമേ.

ഞങ്ങളുടെ സഹോദരരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ ഞങ്ങളുടെ നയനങ്ങൾ തുറക്കണമേ. അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ ഞങ്ങളുടെ സഹോദരങ്ങൾക്ക് വാക്കാലും പ്രവൃത്തിയാലും സാന്ത്വനമേകാൻ ഞങ്ങളെ പ്രചോദിപ്പിക്കണമേ. ക്രിസ്തുവിന്റെ മാതൃകയും കല്പനയുമനുസരിച്ച് അവരെ

---

*രൂപതയിൽ സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേര് ഇവിടെ ചേർക്കാവുന്നതാണ് (GIRM 149).

ആത്മാർഥമായി ശുശ്രൂഷിക്കാൻ ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ. സകലമനുഷ്യരും നവമായ പ്രത്യാശയാൽ പ്രചോദിതരാകാൻതക്കവിധം അങ്ങയുടെ സഭ സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും നീതിയുടെയും സജീവ സാക്ഷ്യമായി നിലനില്ക്കട്ടെ.

അങ്ങേ ക്രിസ്തുവിന്റെ സമാധാനത്തിൽ നിദ്രപ്രാപിച്ച ഞങ്ങളുടെ സഹോദരരെ... (പേരുകൾ) യും മൃതിയടഞ്ഞ സകലരെയും ഓർക്കണമേ. അവരുടെ വിശ്വാസം അങ്ങേക്കുമാത്രം അറിവുള്ളതാണല്ലോ. അങ്ങയുടെ മുഖദീപ്തികണ്ട് ആനയിക്കാൻ അവരെ അനുവദിക്കുകയും ഉത്ഥാനത്തിൽ അവർക്ക് ജീവന്റെ പൂർണിമ നല്കുകയും ചെയ്യണമേ.

ഇഹലോകതീർഥാടനത്തിനുശേഷം നിത്യഭവനത്തിൽ എത്തിച്ചേരാൻ ഞങ്ങളെയും അനുവദിക്കണമേ. അവിടെ ഞങ്ങൾ അങ്ങയോടുകൂടെ നിത്യമായി വസിക്കുകയും ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും അപ്പസ്തോലന്മാരോടും രക്തസാക്ഷികളോടും (ഇന്നത്തെ തിരുനാളിന് കാരണഭൂതനായ) വിശുദ്ധ... (പേര്) നോടും ഞങ്ങളുടെ മധ്യസ്ഥനായ... (പേര്) ടും അങ്ങേ പുത്രനായ യേശുക്രിസ്തുവഴി ഒന്നുചേർന്നുകൊണ്ട് അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുമ്പോൾ അതിൽ,

കൈകൾ കൂപ്പുന്നു.

ഞങ്ങളെയും പങ്കുചേർക്കണമേ.

8. തിരുശരീരത്തോടുകൂടെ തളികയും പാനപാത്രവും ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു:

ക്രിസ്തുവിലൂടെ,
ക്രിസ്തുവിനോടുകൂടെ,
ക്രിസ്തുവിൽത്തന്നെ,

**സർവശക്തനായ ദൈവവും പിതാവുമായ അങ്ങേക്ക്**
**പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ,**
**എല്ലാബഹുമതിയും മഹത്ത്വവും**
**എന്നും എന്നേക്കും.**

ജനം പ്രതിവചിക്കുന്നു:

**ആമേൻ.**

തുടർന്ന് ദിവ്യകാരുണ്യസ്വീകരണകർമം നടക്കുന്നു (p...)